# പതിനാലാം കേരള നിയമസഭ

**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി III
# (SUBJECT COMMITTEE III)

# ജലവിഭവം
# (WATER RESOURCES)

## പീരിയോഡിക്കൽ റിപ്പോർട്ട്

## (2017 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH 2017)

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

2017 ആഗസ്റ്റ് 9-ാം തീയതി സമർപ്പിച്ചത്
(Presented on 9th August, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

# പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്റ്റ് കമ്മിറ്റി III

## (SUBJECT COMMITTEE III)

## ജലവിഭവം

## (WATER RESOURCES)

**പീരിയോഡിക്കൽ റിപ്പോർട്ട്**

**(2017 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31st MARCH 2017)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

1177/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 23 |

## സബ്ജക്ട് കമ്മിറ്റി III

## ജലവിഭവം

## (2016-2018)

### ഘടന

<u>ചെയർമാൻ :</u>

ശ്രീ. മാത്യു ടി. തോമസ്,

ജലവിഭവ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. എ. എം. ആരിഫ്

ശ്രീ. വി. ടി. ബൽറാം

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി

ശ്രീ. കെ. ജെ. മാക്സി

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. പി. ടി. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III (2016-2018)-ന്റെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 25-7-2016, 8-8-2016, 19-8-2016, 20-9-2016, 26-10-2016, 30-11-2016, 3-1-2017, 23-3-2017, 29-3-2017 എന്നീ തീയതികളിലായി 9 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 25-7-2016, 8-8-2016 എന്നീ തീയതികളിലെ യോഗം 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായും 19-8-2016-ലെ യോഗം 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനായും ചേർന്നു. കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) റൂൾസ് 2015 കരട് ചട്ടം, സമിതിയുടെ വിവിധ റിപ്പോർട്ടുകളിന്മേൽ ജലവിഭവ വകുപ്പിൽ നിന്നും ലഭ്യമായ നടപടിപത്രിക എന്നിവ പരിഗണിക്കുന്നതിനായി സമിതി 20-9-2016-ന് യോഗം ചേരുകയും കരട് ചട്ടം ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. 26-10-2016-ലെ യോഗത്തിൽ 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ, പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയും ചെയ്തു. 30-11-2016, 3-1-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളിൽ വിവിധ ശീർഷകങ്ങളിൽ "ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാത്തതിനാൽ അധിക തുക വേണ്ടിവന്നില്ല" എന്ന് രേഖപ്പെടുത്തിയത് സംബന്ധിച്ച് ജലവിഭവവകുപ്പിലെ ഉദ്യോഗസ്ഥരുമായും, ജലനിധി സംബന്ധിച്ച പഠനം, മഴവെള്ള സംഭരണം, ജലസേചനവകുപ്പിന്റെ ചില പദ്ധതികൾ വൈകുന്നതുമൂലം എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കുന്നത് എന്നീ വിഷയങ്ങളിന്മേൽ ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി. തുടർന്ന് 23-3-2017, 29-3-2017 എന്നീ തീയതികളിലെ യോഗങ്ങൾ 2017-18 ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായും ചേർന്നു.

സമിതിയുടെ യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ നില 56% ആയിരുന്നു.

ഈ റിപ്പോർട്ട് 4 ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ (ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്താത്തവ) ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്ത് സമിതി പരിഗണിച്ച കരട് ചട്ടത്തെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രികകൾ, സമിതിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പ് ലഭ്യമാക്കിയ വാർഷിക പ്രവർത്തനറിപ്പോർട്ടുകൾ എന്നിവ സഭയുടെ മേശപ്പുറത്ത് വച്ചത് സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ യോഗനടപടിക്കുറിപ്പുകൾ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 19-7-2017-ൽ ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

മാത്യു ടി. തോമസ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2017 ജൂലൈ 19.

# റിപ്പോർട്ട്

## ഭാഗം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

**ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾക്ക കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലാണ് സൂക്ഷ്മ പരിശോധന നടത്തുന്നത്**

ധനാഭ്യർത്ഥന നമ്പർ XX —ശുദ്ധജല വിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXIX —കൃഷി ചെറുകിട ജലസേചനം (2702, 2705, 4702, 6705, എന്നീ കണക്കിനങ്ങൾ മാത്രം)

ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം

1. 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2016 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിച്ചു.
2. സമിതിയുടെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പിരിയോഡിക്കൽ റിപ്പോർട്ടും, 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2016 നവംബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചു

## ഭാഗം II

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 20-9-2016 ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)

ശിപാർശ

2701-80-005-98—അന്വേഷണവും ഗവേഷണവും

പര്യവേഷണവും ഗവേഷണവും സംബന്ധിച്ച ചെറുകിട, മരാമത്ത് പണികൾക്കും മറ്റു ചെലവുകൾക്കുമായി 24.50 ലക്ഷം രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. ഇത് അപര്യാപ്തമായതിനാൽ 20.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സ്വീകരിച്ച നടപടി</u>

2701-80-005-98—അന്വേഷണവും ഗവേഷണവും ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചില്ല.

<u>ശിപാർശ</u>

2701-80-005-97— <u>അന്വേഷണവും രൂപകൽപ്പനയും</u>

ജലസേചന പദ്ധതികളുടെ പര്യവേഷണത്തിനും രൂപകൽപ്പനകൾക്കും നിലവിലുള്ള ഐ.ഡി.ആർ.ബി. ഓഫീസ് നവീകരണത്തിനുമായി വകകൊള്ളിച്ചിട്ടുള്ള 15 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 7.26 കോടി രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തികവർഷത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല എന്നാൽ 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ഐ.ഡി.ആർ.ബി.യുടെ നവീകരണം, അനുബന്ധ കാര്യാലയങ്ങളായ KERI പീച്ചിയുടെ നവീകരണം, മോഡണൈസേഷൻ ഓഫ് ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം എന്നീ 3 പദ്ധതി കൾക്ക് ഭരണാനുമതി നൽകിയതിൻ പ്രകാരം 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒരു പദ്ധതി (മോഡണൈസേഷൻ ഓഫ് ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം) അതിന്റെ അവസാനഘട്ടത്തിലാണ്.

<u>ശിപാർശ</u>

2701-80-800-97— <u>മറ്റു ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികളും സംരക്ഷണപ്പണികളും</u>

പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണപ്പണികൾക്കും തൃശ്ശൂർ കോൾനിലങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായി 2.50 കോടി രൂപയാണ്

നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 2.00 കോടി രൂപകൂടി ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

2701-80-800-97 ശീർഷകത്തിൽ 2012-13 കാലയളവിൽ ചെലവായ തുക 3,56,27,267 രൂപയാണ്. അധികം ചെലവ് ഫൈനൽ മോഡിഫിക്കേഷൻ/ റീ-അപ്രോപ്രിയേഷനിൽ വകയിരുത്തി.

ശിപാർശ

4701-80-800-93—നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ട പരിപാടിക്കായി 3.00 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പ്രധാനമായ പ്രവൃത്തികളെല്ലാം 2012-2013 കാലഘട്ടത്തിൽ തീർക്കേണ്ടതായിട്ടുള്ളതു കൊണ്ട് ഒരു കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ട പരിപാടിക്കായി 3.00 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പ്രധാനമായ പ്രവൃത്തികളെല്ലാം 2012-13 കാലഘട്ടത്തിൽ തീർക്കേണ്ടതായിട്ടുള്ളതുകൊണ്ട് ഒരു കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തെങ്കിലും അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4701-80-800-81—ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിന് വേണ്ടിയുള്ള നിലവാര നിർണ്ണയം

വിവിധ പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനായി വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

4701-80-800-81 ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനു വേണ്ടിയുള്ള നിലവാര നിർണ്ണയം ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചില്ല.

ശിപാർശ

4701-80-800-76— മുൻഗണനാ പ്രവൃത്തികൾ

ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാ പ്രവൃത്തികൾക്ക് വകയിരുത്തിയിരിക്കുന്ന ഒരു കോടി രൂപ അപര്യാപ്തമായതിനാൽ 100 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

സപ്ലിമെന്ററി ബഡ്ജറ്റിൽ അധിക തുക നൽകിയില്ല എങ്കിലും പ്രവൃത്തികളുടെ ബില്ലുകളുടെ തുക നൽകി വരുന്നുണ്ട്. 57.98 ലക്ഷം രൂപയുടെ അധിക ധനാനുമതി നൽകിയിട്ടുണ്ട്.

ശിപാർശ

2701-80-800-79— ഓഫീസുകൾ നെറ്റ്‌വർക്കിംഗ്

ജലസേചന വകുപ്പിലെ ഓഫീസുകളിൽ നെറ്റ്‌വർക്കിംഗിനായി വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

2701-80-800-79 ഓഫീസുകൾ നെറ്റ്‌വർക്കിംഗ് ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചില്ല.

പൊതു ശിപാർശ 3

മുല്ലപ്പെരിയാർ പോലെ അപകടാവസ്ഥയിലാണ് ചിമ്മിനി ഡാമെന്ന് സമിതി വിലയിരുത്തി. ഈ ഡാമിന്റെ സുരക്ഷിതത്വം എത്രമാത്രമാണെന്ന് വിദഗ്ധമായി പരിശോധന നടത്തി ഇതു സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കുന്നതിന് വേണ്ട നടപടി ഡാം സേഫ്റ്റി അതോറിറ്റി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ചിമ്മിനിഡാമിന്റെ സുരക്ഷിതത്വം വിലയിരുത്താനായി കേരള ഡാം സേഫ്റ്റി അതോറിറ്റി 7-2-2013-ൽ ഡാമിൽ പരിശോധന നടത്തിയതിൽ ഡാം സുരക്ഷിതമാണെന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ റിവർ ഔട്ട്ലെറ്റിന്റെ ഡിസ്പേർസർ വാൽവ് ശരിയായ വണ്ണം പ്രവർത്തിയ്ക്കാത്തതും ഏതാനും ബ്ലോക്കുകളിൽ അധിക തോതിൽ സ്വീപ്പേജ് ഉള്ളതും ശ്രദ്ധയിൽപ്പെടുകയുണ്ടായി. തുടർന്ന് ഡിസ്പേർസർ വാൽവ് അറ്റകുറ്റപ്പണി നടത്തി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കി. അധിക തോതിലുള്ള സ്വീപ്പേജിന്റെ കാരണം കണ്ടെത്തുന്നതിനായി, അതോറിറ്റി നിർദ്ദേശിച്ചതനുസരിച്ച് ഇറ്റാലിയൻ കമ്പിനിയായ സോൾജിയോ-യെകൊണ്ട് ടോമോഗ്രാഫി പരിശോധന നടത്തിയതിൽ അധിക സ്വീപ്പേജ് കണ്ടെത്തിയ ഭാഗങ്ങൾക്ക് അനുസൃതമായ ഉൾഭാഗങ്ങളിൽ സാന്ദ്രതയിൽ വ്യതിയാനം കണ്ടെത്തി. ഇതു പരിഹരിക്കുവാൻ പ്രോജക്റ്റ് 2 ചീഫ് എൻജിനീയർ നടപടി സ്വീകരിച്ചുവരുന്നു. ഡാംസേഫ്റ്റി അതോറിറ്റിയുടെ 6-2-2015-ലെ യോഗത്തിൽ ചിമ്മിനിഡാമിന്റെ സുരക്ഷ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുകയും, തുടർ നടപടികൾ ത്വരിതപ്പെടുത്തുവാൻ ചീഫ് എൻജിനീയർ പ്രോജക്റ്റ് II-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-14)

## ശിപാർശ

### 2702-02-005-82—നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റ്-ഭൂഗർഭ ജലവിഭാഗം

ഭൂജല വകുപ്പും ജലസേചന വകുപ്പും സംയുക്തമായി ലോകബാങ്ക് സഹായത്തോടെ ഉപരിതല ജലത്തിനെയും ഭൂജലത്തിനെയും സംബന്ധിച്ച് സമഗ്രമായ ഒരു ഡാറ്റാ ബാങ്ക് ഉണ്ടാക്കുന്നതിനും കർഷകർ, ഗവേഷണ വിദ്യാർത്ഥികൾ, ആസൂത്രകർ, ജലവിഭവ മേഖലയിലെ ഇതര സംരംഭകർ എന്നിവർക്ക് ഉപയുക്തമായ രീതിയിൽ ഭൂജല പരിപാലനവും ആസൂത്രണവും നടപ്പിലാക്കാനായി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ശമ്പളം, വേതനം, യാത്രാബത്ത, യന്ത്രസാമഗ്രികൾ, പെട്രോൾ ആന്റ് ലൂബ്രിക്കൻസ്, മറ്റിനങ്ങൾ എന്നിവയും സപ്ലൈ ഓർഡർ നൽകിയിട്ടുള്ള ഉപകരണങ്ങൾക്ക് നൽകുവാനും അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 2.12 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

ഭൂജലവകുപ്പ്

2013-14 സാമ്പത്തികവർഷത്തിൽ 2702-02-005-82 ശീർഷകത്തിൽ വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതമായ 61 ലക്ഷം രൂപയ്ക്ക് പുറമെ 74.4 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4702-00-102-98-01—<u>നാഷണൽ ഹൈഡ്രോളജി പ്രോജക്ട്-ഭൂഗർഭ ജലവിഭാഗം—മരാമത്തുകൾ</u>

നടപ്പ് സാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 98,80,000 രൂപ അപര്യാപ്തമായതിനാലും എറണാകുളത്ത് പണി ചെയ്തുവരുന്ന ജില്ലാതല ഡാറ്റാ പ്രോസസ്സിംഗ് സെന്റർ/ലാബ് കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് തുക ആവശ്യമായതിനാലും 2.572 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

ഭൂജല വകുപ്പ്

2013-14 സാമ്പത്തികവർഷത്തിൽ 4702-00-102-98-01 ശീർഷകത്തിൽ ₹ 98.80 ലക്ഷം ആണ് വകയിരുത്തിയിട്ടുള്ളത്. ഇതു കൂടാതെ ഒരു കോടി രൂപ സപ്ലിമെന്ററി ഗ്രാന്റ് ഇനത്തിൽ (ജനുവരി 2014-ൽ) അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2700-80-004-99—<u>ഗവേഷണ-ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ്</u>

ഐ.ഡി.ആർ.ബി.-യിലെയും ഡിവിഷൻ ഓഫീസുകളിലെയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന 10.8014 കോടി രൂപ അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സ്വീകരിച്ച നടപടി</u>

<u>ഐ.ഡി.ആർ.ബി.</u>

2700-80-004-99 എന്ന ശീർഷകത്തിൽ 2013-14-ലെ സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ചിരുന്ന 10.8014 കോടി രൂപയിൽ നിന്ന് ജനുവരി 14 വരെ 7,10,51,099 രൂപ ചെലവായി. ഐ.ഡി.ആർ.ബി.യിലെയും അനുബന്ധ ഓഫീസുകളിലെയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കും വേണ്ടിയായിരുന്നു ഇത്. ബജറ്റ് വിഹിതത്തിൽ നിന്ന് അധികമായി പ്രതീക്ഷിച്ചിരുന്ന ചെലവ് ഈ ഇനത്തിൽ ഉണ്ടായില്ല. ആയതിനാൽ അധികമായി ശിപാർശ ചെയ്തിരുന്ന തുക ആവശ്യമുള്ളതായി വന്നില്ല.

<u>ശിപാർശ</u>

2701-80-001-94—<u>ഇടത്തരം ജലസേചനം—ഓഫീസ് നെറ്റ്‌വർക്കിംഗ്</u>

ഇറിഗേഷൻ വകുപ്പ് ഓഫീസുകളിൽ നെറ്റ്‌വർക്കിംഗിന് ഉള്ള തുക ഈ കണക്കിനത്തിൽ നിന്നും ചെലവാക്കുന്നു. നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ, ഓഫീസ് നെറ്റ്‌വർക്കിംഗിനും കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുമായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സ്വീകരിച്ച നടപടി</u>

<u>ജലസേചനവും ഭരണവും</u>

2701-80-001-94 ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചില്ല.

<u>ശിപാർശ</u>

2701-80-005-99— <u>സർവ്വേയും ഇൻവെസ്റ്റിഗേഷനും-ഇൻവെസ്റ്റിഗേഷൻ സർക്കിളുകളും ഡിവിഷനുകളും</u>

ഇൻവെസ്റ്റിഗേഷൻ സർക്കിളിലെയും ഡിവിഷനുകളിലെയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 10.6107 കോടി രൂപ അപര്യാപ്തമായതിനാൽ 3.48 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

ഐ.ഡി.ആർ.ബി.

ഇൻവെസ്റ്റിഗേഷൻ സർക്കിളുകളിലെയും ഡിവിഷനുകളിലെയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കായി 2013-14 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന 10.61 കോടി രൂപയിൽ നിന്നും ജനുവരി 2014 വരെ 7.6 കോടി രൂപ ചെലവുവന്നു. മേൽപ്പടി ഓഫീസിനു കീഴിൽ വരുന്ന മൈനർ ഇറിഗേഷൻ ഡിവിഷൻ കാസർഗോഡ് കുട്ടനാട് ഡെവലപ്മെന്റ് ഓഫീസുമായി അറ്റാച്ചുചെയ്തു. കൂടാതെ അധികമായി പ്രതീക്ഷിച്ച ചെലവ് ഉണ്ടായിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞിരിക്കുന്ന ശീർഷകത്തിൽ അധികമായി തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

2701-80-005-98-34—അന്വേഷണവും ഗവേഷണവും—മറ്റ് ചെലവുകൾ

പര്യവേഷണവും ഗവേഷണവും സംബന്ധിച്ച മറ്റു ചെലവുകൾക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 22 ലക്ഷം രൂപയിൽ നിന്നും റെയിൻഗേജ് റീഡർമാരുടെ വേതനവും കൂടി നൽകുന്നതിനാൽ, വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ റെയിൻഗേജ് റീഡർമാരുടെ വേതനവും കുടിശ്ശിക വേതനവും നൽകുന്നതിനായി 13 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

ഐ.ഡി.ആർ.ബി.

2701-80-005-98—അന്വേഷണവും ഗവേഷണവും, 34—മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചില്ല.

ശിപാർശ

2701-80-005-95— ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്

ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ പാലക്കാടിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 2.1866 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 88.84 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

### സ്വീകരിച്ച നടപടി

ഐ.ഡി.ആർ.ബി.

ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിലെയും അനുബന്ധ ഓഫീസുകളിലെയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 2013-14 സാമ്പത്തിക വർഷം ജനുവരി 2014 വരെ 1,59,08,456 രൂപയാണ് ചെലവ് വന്നിട്ടുള്ളത്. ഈ ശീർഷകത്തിൽ പ്രതീക്ഷിച്ചിരുന്ന അധിക ചെലവ് വന്നിട്ടില്ലാത്തതിനാൽ അധികമായി സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

### ശിപാർശ

2701-80-052-98—ഇടത്തരം ജലസേചനം—യന്ത്രോപകരണങ്ങൾ—വാഹനങ്ങളും അറ്റകുറ്റപ്പണികളും

ഈ ശീർഷകത്തിൽ യന്ത്രസാമഗ്രികളും അവയുടെ അറ്റകുറ്റപ്പണികൾക്കും വേണ്ടിയുള്ള 34- മറ്റു ചെലവുകൾ എന്ന ഇനത്തിൽ 5.5 ലക്ഷം രൂപയും ആലപ്പുഴ മെക്കാനിക്കൽ ഡിവിഷനിലെ വർക്ക് ഷോപ്പിൽ ജോലി ചെയ്യുന്നവരുടെ വേതനത്തിനു വേണ്ടി 02-വേതനം എന്ന ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 3.5 ലക്ഷം രൂപയും തികച്ചും അപര്യാപ്തമാണ്. ആയതിനാൽ മെക്കാനിക്കൽ ജീവനക്കാരുടെ വേതനം നൽകുന്നതിന് 02-വേതനം എന്ന ഇനത്തിൽ 20 ലക്ഷം രൂപയും യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികൾക്കുള്ള 34 -മറ്റു ചെലവുകൾ എന്ന ഇനത്തിൽ 10 ലക്ഷം രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

### സ്വീകരിച്ച നടപടി

### ജലസേചന വകുപ്പ്

മെക്കാനിക്കൽ ജീവനക്കാരുടെ വേതനം നൽകുന്നതിന് (02-വേതനം) ധനപുനർവിനിയോഗത്തിലൂടെ 32.33 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2701-80-800-97— മറ്റ് ജലസേചന പണികളുടെ സംരക്ഷണപ്പണികളും അറ്റകുറ്റപ്പണികളും

പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണപ്പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണപ്പണികൾക്കും തൃശ്ശൂർ കോൾ നിലങ്ങളിൽ ജലസേചനവികസന പ്രവർത്തനങ്ങൾക്കുമായി 2.5 കോടി രൂപയാണ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം. ഇത് അപര്യാപ്തമായതിനാൽ 2.5 കോടി രൂപ കൂടി ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

പ്രോജക്ട് 2

2013-14 വർഷത്തിൽ ഈ ശീർഷകത്തിന്മേൽ 91.47 ലക്ഷം രൂപയുടെ അധിക ഭരണാനുമതി 20-12-2013-ലെ സർക്കാർ ഉത്തരവ് (സാധാ) 1345/2013/ജ.വി.വ. പ്രകാരം നൽകുകയും ആയതനുസരിച്ച് പ്രവൃത്തികൾ ഏർപ്പാടാക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

4701-80-800-96— നടപ്പിലാക്കിയ പദ്ധതികളെ വിലയിരുത്താനുള്ള പഠനം

പണി പൂർത്തിയായ ജലസേചന പദ്ധതികളെ വിലയിരുത്താനുള്ള പഠനത്തിനായി വകയിരുത്തിയിരിക്കുന്ന 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ, അനുമതി ലഭിച്ച വിലയിരുത്തൽ പഠനത്തിനായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

ഐ.ഡി.ആർ.ബി.

4701-80-800-96 എന്ന ശീർഷകത്തിൽ നടപ്പിലാക്കിയ ജലസേചന പദ്ധതികളെ വിലയിരുത്തുന്നതിനുള്ള പഠനത്തിനായി 2013-14 സാമ്പത്തികവർഷം അനുവദിച്ച 5 ലക്ഷം രൂപയിൽ നിന്ന് 2013 ഏപ്രിൽ മാസം മുതൽ 2014 ജനുവരി വരെ 1,38,188 രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളൂ. ആയതിനാൽ ഈ സാമ്പത്തികവർഷത്തേയ്ക്ക് അധികമായി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

ശിപാർശ

4701-80-800-93—നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ട പരിപാടിക്കായി 1.28 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാലും 2014 മേയ് മാസത്തിൽ പദ്ധതി പൂർത്തീകരിക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 6 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സ്വീകരിച്ച നടപടി

പ്രോജക്ട് 2

ഈ പദ്ധതിയുടെ നടത്തിപ്പിനായി 265.81 ലക്ഷം രൂപ അധികമായി അനുവദിച്ചു.

ശിപാർശ

4701-80-800-81—ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിന് വേണ്ടിയുള്ള നിലവാര നിർണ്ണയം

വിവിധ പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനായി വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.95 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സ്വീകരിച്ച നടപടി

ഐ.ഡി.ആർ.ബി.

4701-80-800-81 ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിന് വേണ്ടിയുള്ള നിലവാര നിർണ്ണയം എന്ന ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചില്ല.

<u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)</u>

<u>ശിപാർശ</u>

2702-01-001-99— <u>ചെറുകിട ജലസേചനം—ഭരണവും നടത്തിപ്പും—വിവരസാങ്കേതിക വിദ്യ</u>

ചെറുകിട ജലസേചന വിഭാഗം സർക്കിൾ, ഡിവിഷൻ, സബ് ഡിവിഷൻ, സെക്ഷൻ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ എന്നിവ വഹിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയിരിക്കുന്ന 75.6717 കോടി രൂപയ്ക്കു പുറമെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

<u>ജലസേചനവും ഭരണവും</u>

സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഈ ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2702-02-005-82—<u>നാഷണൽ ഹൈഡ്രോളജി പ്രോജക്ട്</u>

4702-00-102-98— <u>ഭൂഗർഭ ജലവിഭാഗം (01)—മരാമത്തുകൾ</u>

ഭൂജലവകുപ്പും ജലസേചനവകുപ്പും സംയുക്തമായി ലോകബാങ്ക് സഹായത്തോടെ ഉപരിജലത്തെയും ഭൂജലത്തെയും സംബന്ധിച്ച് സമഗ്രമായ ഒരു ഡേറ്റാ ബാങ്ക് ഉണ്ടാക്കുന്നതിനും, കർഷകർ, ഗവേഷണ വിദ്യാർത്ഥികൾ, ആസൂത്രകർ, ജലവിഭവമേഖലയിലെ ഇതര സംരംഭകർ എന്നിവർക്ക് ഉപയുക്തമായ രീതിയിൽ ഭൂജലപരിപാലനവും ആസൂത്രണവും നടപ്പിലാക്കാനായി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിക്ക് നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ശമ്പളം, വേതനം, യാത്രാബത്ത, യന്ത്രസാമഗ്രികൾ, പെട്രോൾ ആന്റ് ലൂബ്രിക്കന്റ്സ്, മറ്റിനങ്ങൾ എന്നിവയ്ക്കും സപ്ലൈ ഓർഡർ നൽകിയിട്ടുള്ള ഉപകരണങ്ങൾക്ക് നൽകുവാനും അധിക തുക ആവശ്യമായതിനാൽ <u>2702-02-005-82</u>

എന്ന ശീർഷകത്തിൽ 1.7 കോടി രൂപയും 4702-00-102-98-01 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

ഭൂജല വകുപ്പ്

എറണാകുളത്ത് ഡാറ്റാ സെന്റർ നിർമ്മാണത്തിനായി 4.4995 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ഇതിൽ 3.185 കോടി രൂപ കെട്ടിടനിർമ്മാണ ചുമതലയുള്ള ജലവിഭവ വകുപ്പിനു കൈമാറി. 1.25 കോടി രൂപ ലാപ്സായി.

ശിപാർശ

2700-80-800-98—ഡാം സൈറ്റുകൾ മനോഹരമാക്കൽ

ഡാം സൈറ്റുകൾ മനോഹരമാക്കുന്നതിനും ടൂറിസം വികസനത്തിനുമായി ഈ ഇനത്തിൽ വകയിരുത്തിയിരുന്ന 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

2700-80-800-98—ഡാം സൈററുകൾ മനോഹരമാക്കൽ എന്ന ശീർഷകത്തിൽ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട്, ചമ്രവട്ടം പ്രോജക്ട് എന്നീ പദ്ധതികളിൽ പ്രവൃത്തികൾ ചെയ്തു. 2014-15 വർഷത്തിൽ തന്നെ അഡീഷണൽ ഓതറൈസേഷൻ മുഖേന 1,01,29,358 രൂപ അനുവദിക്കുകയുണ്ടായി.

ശിപാർശ

2701-17-101-98—ചേരമംഗലം പദ്ധതി—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യേതരം)

ചേരമംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിരിക്കുന്ന 40 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അടിയന്തര അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

ചേരമംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി 40 ലക്ഷം രൂപ അനുവദിച്ചത് അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. 2014-15 സാമ്പത്തികവർഷത്തിൽ 9.88 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ഈ സാമ്പത്തികവർഷത്തിൽ 10/2013 വരെയുള്ള പെന്റിങ്ങ് ബില്ലുകൾക്ക് മാത്രമാണ് ലറ്റർ ഓഫ് ക്രഡിറ്റ് അനുവദിച്ചിരിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽ ചേരമംഗലം പദ്ധതിക്കായി 70 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

2701-80-001-98—ഇടത്തരം ജലസേചനം—മേൽനോട്ടം

2701-80-001-99 —വിവരസാങ്കേതിക വിദ്യ

ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ശമ്പളവും മറ്റ് ഓഫീസ് ചെലവുകളും വഹിക്കുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം 7.5866 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

ജലസേചനവും ഭരണവും

സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഈ ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2701-80-001-97—ഇടത്തരം ജലസേചനം—നടത്തിപ്പ്

2701-80-001-99—വിവരസാങ്കേതിക വിദ്യ

ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഇറിഗേഷൻ, മെക്കാനിക്കൽ, ഇൻലാൻഡ് നാവിഗേഷൻ എന്നീ ഡിവിഷനുകളിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 68.5483 കോടി രൂപയാണ്

നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

ജലസേചനവും ഭരണവും

സാമ്പത്തിക ബുദ്ധിമുട്ടുകാരണം 2014-15 ൽ ഈ ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2701-80-005-98—അന്വേഷണവും ഗവേഷണവും 34—മറ്റ് ചെലവുകൾ

പര്യവേഷണവും ഗവേഷണവും സംബന്ധിച്ച മറ്റ് ചെലവുകൾക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 20 ലക്ഷം രൂപയിൽ നിന്നും റെയിൻഗേജ് റീഡർമാരുടെ വേതനവും കൂടി നൽകുന്നതിനാൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ റെയിൻഗേജ് റീഡർമാരുടെ വേതനവും കുടിശ്ശിക വേതനവും നൽകുന്നതിനായി ഈ ശീർഷകത്തിൽ 62 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

ഐ.ഡി.ആർ.ബി.

സാമ്പത്തിക ബുദ്ധിമുട്ടുകാരണം ഈ ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചില്ല.

ശിപാർശ

2701-80-005-97—അന്വേഷണവും രൂപകൽപ്പനയും

ജലസേചന പദ്ധതികളുടെ പര്യവേഷണത്തിനും രൂപകൽപ്പനകൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 2 കോടി രൂപയ്ക്കു പുറമെ 2 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

ഐ.ഡി.ആർ.ബി.

2014-15 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ അധികമായി തുകയൊന്നും അനുവദിച്ചില്ല.

ശിപാർശ

2701-80-005-95—ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്

പാലക്കാട് ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 2.6201 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 46.76 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

ഐ.ഡി.ആർ.ബി.

ഈ ശീർഷകത്തിൽ 2014-15 സാമ്പത്തികവർഷത്തിൽ 9,69,000 രൂപ ധനപുനർവിനിയോഗത്തിലൂടെ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2701-80-800-97—മറ്റ് ജലസേചന പണികളുടെ സംരക്ഷണ പണികളും അറ്റകുറ്റപ്പണികളും

പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണപ്പണികൾക്കും തൃശ്ശൂർ കോൾ നിലങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായി 2.5 കോടി രൂപയാണ് നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയത് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ കൂടി അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രോജക്ട്സ് 2

2014-15 സാമ്പത്തികവർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ആകെ 1,86,62,944 രൂപ മാത്രമാണ് ചെലവുവന്നത്.

ശിപാർശ

4700-80-005-99—ജലസേചന പദ്ധതികളിന്മേൽ അന്വേഷണം

നടപ്പുസാമ്പത്തികവർഷം ഈ പദ്ധതിക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ജലസേചന വകുപ്പിന്റെ എല്ലാ പദ്ധതികൾക്കുമുള്ള പര്യവേഷണത്തിനായി ഈ ശീർഷകത്തിൽ 2.7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

ഐ.ഡി.ആർ.ബി.

2014-15 സാമ്പത്തികവർഷത്തിൽ ജലസേചന വകുപ്പിന്റെ എല്ലാ പദ്ധതികളിലേയ്ക്കുമുള്ള രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് സാധിച്ചില്ല ആയതിനാൽ ആ സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചില്ല.

ശിപാർശ

4701-80-800-96—നടപ്പിലാക്കിയ പദ്ധതികളെ വിലയിരുത്താനുള്ള പഠനം

പണി പൂർത്തിയായ ജലസേചന പദ്ധതികളെ വിലയിരുത്താനുള്ള പഠനത്തിനായി വകയിരുത്തിയിരിക്കുന്ന 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അനുമതി ലഭിച്ച വിലയിരുത്തൽ പഠനത്തിനായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

<u>സ്വീകരിച്ച നടപടി</u>

<u>ഐ.ഡി.ആർ.ബി.</u>

2014-15 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. വിഷയ നിർണ്ണയ സമിതി ശുപാർശ ചെയ്ത 15 ലക്ഷം രൂപ CWRDM എന്ന ഏജൻസി മുഖാന്തരം കല്ലട ജലസേചന പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ് നടത്തുവാൻ വേണ്ടിയാണ്. പ്രസ്തുത തുക 2015-16 ലേയ്ക്കുള്ള വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

<u>ശിപാർശ</u>

4701-80-800-93—<u>നാഷണൽ ഹൈഡ്രോളജി പ്രോജക്ട്</u>

ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ട പരിപാടിക്കായി 1.28 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാലും 2014 മേയ് മാസത്തിൽ പദ്ധതി പൂർത്തീകരിക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സ്വീകരിച്ച നടപടി</u>

<u>പ്രോജക്ട്സ് 2</u>

ഈ ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

4701-80-800-81—<u>ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനുവേണ്ടിയുള്ള നിലവാര നിർണ്ണയം</u>

വിവിധ പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനായി വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.22 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

<u>സ്വീകരിച്ച നടപടി</u>

<u>ഐ.ഡി.ആർ.ബി.</u>

2014-15 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചില്ല.

ശിപാർശ

4701-80-800-76—മുൻഗണനാ പ്രവൃത്തികൾ-02—മരാമത്ത് പണികൾ

ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാ പ്രവൃത്തികൾക്ക് 1000 രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. മുമ്പ് അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

പ്രോജക്ട്സ് 2

2014-15-ൽ ചെലവഴിച്ച 5.71 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ ക്രമവൽക്കരിച്ചിട്ടുണ്ട്.

ശിപാർശ

4711-02-103-92—13-ാം ധനകാര്യ കമ്മീഷനിലുൾപ്പെട്ട മുൻഗണനാ പദ്ധതികൾ

പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും ബില്ലുകൾ കൊടുത്തു തീർക്കുന്നതിനും തുക അനിവാര്യമായതിനാൽ, ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

ജലസേചനവും ഭരണവും

ഈ ശീർഷകത്തിൽ 25 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെയും 7.57 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെയും (മൊത്തം 32.57 കോടി രൂപ) അനുവദിക്കുകയുണ്ടായി.

## സമിതിയുടെ യോഗനടപടിക്കുറിപ്പിലെ താഴെപ്പറയുന്ന ശിപാർശയിന്മേൽ ലഭ്യമായ നടപടിപത്രിക 20-9-2016-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. 21-1-2014-ലെ യോഗത്തിൽ ആവശ്യപ്പെട്ട അധിക വിവരങ്ങൾ

<u>ശിപാർശ</u>

'നീറ്റാ ജലാറ്റിൻ' കമ്പനിക്ക് പുഴയിൽ നിന്നും വെള്ളമെടുക്കാനുള്ള അനുമതി കൊടുത്തിട്ടുണ്ടോയെന്നത് സംബന്ധിച്ച് പ്രസ്തുത സ്ഥലത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെടണമെന്നും അക്കാര്യത്തിൽ കോടതി ഇടപെട്ടിട്ടുണ്ടോയെന്നത് അന്വേഷിക്കണമെന്നുമുള്ള നിർദ്ദേശം.

<u>സ്വീകരിച്ച നടപടി</u>

തൃശ്ശൂർ ജില്ലയിലെ കാടുകുറ്റി ഗ്രാമപഞ്ചായത്തിൽ കാതിക്കുടത്ത് പ്രവർത്തിക്കുന്ന നീറ്റാ ജലാറ്റിൻ കമ്പനി ചാലക്കുടിപ്പുഴയിൽ നിന്നും അനധികൃതമായി ജലമെടുത്തിരുന്നു. 29-11-2012-ലെ സർക്കാർ കത്ത് നമ്പർ 26605/എം.പി.1/2012/ജലവിവ. പ്രകാരം കമ്പനിയുമായി കരാർ വച്ച് കുടിശ്ശിക വെള്ളക്കരം ഈടാക്കാൻ നിർദ്ദേശിക്കുകയുണ്ടായി.

1-4-1979 മുതൽ 31-12-2010 വരെ നീറ്റാ ജലാറ്റിൻ കമ്പനി പുഴയിൽ നിന്നും ജലം ഉപയോഗിച്ചതായി കണക്കാക്കി 7,14,84,400 രൂപാ അടയ്ക്കുന്നതിനായി തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ ഓഫീസിൽ നിന്നും കമ്പനിയോട് നിർദ്ദേശിച്ചിരുന്നു. ഈ തുക അടയ്ക്കുന്നതിനെതിരെ ടി കമ്പനി WP(C) നമ്പർ 2708/2012 പ്രകാരം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിന് 6-1-2015-ലെ 4313/MP1/2012/WRD കത്ത് പ്രകാരം ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

1-1-2011 മുതൽ 31-12-2012 വരെയുള്ള കാലയളവിൽ ജലം ഉപയോഗിക്കുന്നതിന് കമ്പനി അപേക്ഷിക്കുകയും 4,31,400 രൂപാ സെക്യൂരിറ്റി തുക അടച്ചശേഷം കമ്പനിയുമായി കരാറുടമ്പടി വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിലെ ജല ഉപയോഗത്തിനായി കമ്പനി 86,25,800 രൂപാ അടച്ചിട്ടുണ്ട്. കൂടാതെ 1-1-2013 മുതൽ 31-12-2014 വരെ ജലം പമ്പ് ചെയ്യുന്നതിനായി മുകളിൽ സൂചിപ്പിച്ച കരാറുടമ്പടി വ്യവസ്ഥകൾക്കനുസൃതമായി 39,20,694 രൂപ മീറ്റർ റീഡിംഗ് അനുസരിച്ച് അടച്ചിട്ടുണ്ട്.

1-1-2015 മുതൽ 31-12-2015 വരെയുള്ള കാലയളവിൽ ജലമെടുക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിലേക്കായി കമ്പനി 6,250 രൂപാ ചെല്ലാൻ അടച്ച് അപേക്ഷിക്കുകയും മുൻകാലങ്ങളിലെ ഉപഭോഗങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത കാലയളവിൽ ജലമുപയോഗിക്കുന്നതിന് 21,08,312 രൂപാ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തനതു മാസത്തെ ഉപഭോഗം കണക്കാക്കി അതതുമാസം പണമടയ്ക്കുന്നതിനും കൂടി അപേക്ഷിച്ചിട്ടുണ്ട്. 1-1-2013 മുതൽ 31-12-2014 വരെ മീറ്റർ റീഡിംഗ് പ്രകാരം അധികമായി ഉപയോഗിച്ച ജലത്തിന്റെ കരം ആയ 64,502 രൂപയും 1-1-2015 മുതൽ 31-3-2015 വരെ ഉപയോഗിച്ച അധിക ജലത്തിന്റെ കരമായി 4,944 രൂപയും അടച്ചിട്ടുണ്ട്.

## ഭാഗം III

## സമിതി പരിഗണിച്ച കരട് ചട്ടത്തെ സംബന്ധിച്ച വിവരങ്ങൾ

സമിതി, 20-9-2016-ലെ യോഗത്തിൽ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) റൂൾസ് 2015 കരട് ചട്ടം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## ഭാഗം IV

## സഭയുടെ മേശപ്പുറത്ത് വച്ച കാലതാമസ പത്രികകളും വാർഷിക പ്രവർത്തന റിപ്പോർട്ടുകളും സംബന്ധിച്ച വിവരങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം കാലതാമസപത്രിക സഭയുടെ മേശപ്പുറത്ത് വച്ചതു സംബന്ധിച്ച വിവരങ്ങൾ:

| റിപ്പോർട്ട് | ഖണ്ഡിക നമ്പർ | സഭയുടെ മേശപ്പുറത്ത് വച്ച തീയതി |
|---|---|---|
| 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് | 22, 42, 34, 35, 37, 48, 11, 49, 50, 51 പൊതു ശിപാർശ 3 | 12-7-2016, 8-3-2017 17-10-2016, 8-11-2016 |
| 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് | 23, 36, 48, 55, 56, 57, 59, 60, 61, 78, 79, 81, 46, 53, 54, 85 | 12-7-2016, 8-3-2017 |
| 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് | 12 ,15, 35, 41, 44, 45, 47, 48, 49, 50, 61, 67, 68, 74, 71, 76 | 17-10-2016 |

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവച്ചതു സംബന്ധിച്ച വിവരങ്ങൾ

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|
| 2014-15 | XXIX—കൃഷി<br>XXXVIII—ജലസേചനം | 19-10-2016 |
| 2015-16 | XXXVIII—ജലസേചനം | 8-11-2016 |
| 2015-16 | XXIX—കൃഷി | 9-3-2017 |
| 2015-16 | XX—ശുദ്ധജല വിതരണവും ശുചീകരണവും | 9-3-2017 |

തിരുവനന്തപുരം,
2017 ജൂലൈ 19.

മാത്യു ടി. തോമസ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

**അനുബന്ധം**

25-7-2016-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി III-ജലവിഭവം 25-7-2016 തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IV A' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

(1) ശ്രീ. എ. എം. ആരിഫ്, എം.എൽ.എ.

(2) ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.

(3) ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.

(4) ശ്രീ. കെ. കൃഷ്ണൻകുട്ടി, എം.എൽ.എ.

(5) ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.

(6) ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.

(7) ശ്രീ. പി. ടി. എ. റഹീം, എം.എൽ.എ.

(8) ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.

(9) ശ്രീ. പി. ടി. തോമസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

(1) ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

(2) ശ്രീമതി രമാദേവി അമ്മ. എസ്., ഡെപ്യൂട്ടി സെക്രട്ടറി

(3) ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

(1) ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്

(2) ശ്രീമതി താരാ സാമുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്

(3) ശ്രീ. മാത്യു പി. കോശി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

(4) ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

(5) ശ്രീ. മഹാനദേവൻ. വി. കെ., ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) ജലവിഭവ വകുപ്പ്

(6) ശ്രീമതി സി. കെ. രാധാമണി, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്, ആലപ്പുഴ

(7) ശ്രീ. കെ. കെ. രമേശൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I) കോഴിക്കോട്

(8) ശ്രീ. ഒ. എം. ദിവാകരൻ, സീനിയർ ഫിനാൻസ് ഓഫീസർ (പ്രോജക്ട്-I) കോഴിക്കോട്

(9) ശ്രീ. വി. ആർ. സുനിൽകുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, കുട്ടനാട് പാക്കേജ്, ആലപ്പുഴ

(10) ശ്രീ. കെ. ബി. മഹാദേവൻ, സീനിയർ ഫിനാൻസ് ഓഫീസർ (പ്രോജക്ട്-II) തിരുവനന്തപുരം

(11) ശ്രീ. ബിനു എം. സയാനി, ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് സർവ്വേ & ലാന്റ് റിക്കോർഡ്സ്

(12) ശ്രീ. രാജീവ് എസ്., ഫിനാൻസ് ഓഫീസർ (ഇൻ-ചാർജ്) ഐ.ഡി.ആർ.ബി., തിരുവനന്തപുരം.

സമിതി, 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം സംബന്ധിച്ച കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

വൻകിട, ഇടത്തരം ജലസേചന പദ്ധതികൾ, കമാന്റ് ഏരിയ, വെള്ളപ്പൊക്ക നിയന്ത്രണം, കടലാക്രമണ നിരോധന പദ്ധതികൾ എന്നിവയുള്ള ശീർഷകങ്ങൾ കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ അന്തർ സംസ്ഥാന നദീജലം സംബന്ധിച്ച് കുറിപ്പിൽ പറയുന്നുണ്ടെങ്കിലും പ്രത്യേകമായൊരു കണക്കിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തിയ സമിതി, പ്രസ്തുത വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്നതിനാൽ ഇതു സംബന്ധിച്ച സൂക്ഷ്മപരിശോധന നടത്താൻ ജലവിഭവം സംബന്ധിച്ച വിഷയനിർണ്ണയ സമിതിക്ക് അധികാരമുണ്ടോയെന്ന് പരിശോധിക്കണമെന്ന് നിർദ്ദേശിച്ചു. അന്തർസംസ്ഥാന നദീജല വിഷയം മറ്റൊരു സമിതിയിലും ചർച്ച ചെയ്യുന്നില്ലെന്നും വർഷങ്ങളായി ജലവിഭവം സംബന്ധിച്ച വിഷയനിർണ്ണയ സമിതി III-ലാണ് ഇതു സംബന്ധിച്ച ചർച്ച നടത്തുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു

ജലസേചന വകുപ്പിന്റെ പല പദ്ധതികളും യഥാസമയം പൂർത്തിയാകാത്തത് കാരണം പദ്ധതി ചെലവ് എസ്റ്റിമേറ്റിനെക്കാൾ പതിന്മടങ്ങ് വർദ്ധിക്കുന്നുവെന്നും പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നുവെന്നും സമിതി അഭിപ്രായപ്പെടുകയും പദ്ധതികൾ വൈകുന്നതും അവ പൂർത്തിയാകാത്തതും സംബന്ധിച്ച് പഠനം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

കഴിഞ്ഞ സാമ്പത്തികവർഷം പെരിയാർ നദീതട പദ്ധതിക്കായി വകയിരുത്തിയ തുകയിൽ 15 കോടി ചെലവഴിക്കാത്തതിനുള്ള കാരണം സമിതി ആരാഞ്ഞു. ലെറ്റർ ഓഫ് ക്രെഡിറ്റിന്റെ കാലതാമസം കാരണം ഒന്നോ രണ്ടോ വർഷം കഴിഞ്ഞാണ് വകയിരുത്തുന്ന തുക ചെലവഴിക്കാൻ സാധിക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കി.

കനാലുകളുടെ സമീപത്തുള്ള പ്രദേശങ്ങൾ കയ്യേറുന്നുണ്ടെന്നും കനാൽ പ്രദേശങ്ങളുടെ കൃത്യമായ സ്കെച്ചോ സർവ്വേ സംബന്ധിച്ച വിശദാംശങ്ങളോ ലഭ്യമല്ലെന്നും ജലസേചന വകുപ്പിന്റെ കൈവശമുള്ള ഭൂമി, കയ്യേറ്റം നടന്ന സ്ഥലം എന്നിവയെ സംബന്ധിച്ച രേഖകൾ ഇല്ലാത്തതിനാൽ പല പദ്ധതികളും ഉപേക്ഷിക്കേണ്ട അവസ്ഥയാണുള്ളതെന്നും സമിതി വിലയിരുത്തി. ആയതിനാൽ ജലസേചന വകുപ്പിന്റെ സ്ഥലം എവിടെയൊക്കെ കയ്യേറിയിട്ടുണ്ടെന്നും വകുപ്പിന്റെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം എവിടെയൊക്കെയുണ്ട് എന്നതു സംബന്ധിച്ചും വിശദാംശം ലഭ്യമാക്കണമെന്നും കയ്യേറ്റം തടയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ജലസേചന വകുപ്പിന്റെ കൈവശമുള്ള ഭൂമി സംബന്ധിച്ച രേഖകൾ ഇല്ലാതെ വന്നത് എന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന്, സാധാരണയായി ലാന്റ് അക്വയർ ചെയ്തതിനുശേഷം ലാന്റിന്റെ ഡ്രോയിംഗിനെ സംബന്ധിക്കുന്ന ഒരു പകർപ്പ് വകുപ്പിന്റെയും ബാക്കിയുള്ള എല്ലാ ഡോക്യുമെന്റുകളും റവന്യൂ വകുപ്പിന്റെയും കൈവശമാണ് സൂക്ഷിക്കുന്നതെന്നും ആയതിനാൽ ഇതിലേക്കായി ജലവിഭവം, റവന്യൂ എന്നീ വകുപ്പുകളുടെ ഏകീകൃതമായ പ്രവർത്തനം ആവശ്യമാണെന്നും ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ മറുപടി നൽകി. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ഇതിന് ഉത്തരവാദികളാണെന്ന് അഭിപ്രായപ്പെട്ട സമിതി സാറ്റലൈറ്റ് മാപ്പിംഗ് ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിൽ പുഴയുടെ വശങ്ങളിൽ നടത്തിയിട്ടുള്ള കയ്യേറ്റങ്ങൾ കണ്ടുപിടിച്ച് ഡാറ്റാബാങ്ക് തയ്യാറാക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു.

കുടിവെള്ള പദ്ധതികളുടക്കമുള്ള സെൻട്രലി സ്പോൺസേർഡ് സ്കീമുകൾക്കുള്ള വിഹിതത്തിൽ കേന്ദ്രം കുറവുവരുത്തുകയും വിഹിതം ഫിനാൻസ് ഡിപ്പാർട്ട്മെന്റുവഴി സംസ്ഥാനത്തിന് നേരിട്ട് നൽകുകയാണ് ചെയ്യുന്നതെന്നും അഭിപ്രായപ്പെട്ട സമിതി അപ്രകാരം ലഭിക്കുന്ന തുകയുടെ വിഹിതം ജലവിഭവ വകുപ്പിനും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ധനകാര്യ വകുപ്പിനോട് നിർദ്ദേശിച്ചു.

സംസ്ഥാനത്ത് സെൻട്രൽ സ്കീമുകൾവഴി കിട്ടുന്നതിനേക്കാൾ കൂടുതൽ തുക ട്രാൻസ്ഫർ വഴി കിട്ടുന്നുണ്ടെന്നും ഫിനാൻസ് കമ്മീഷന്റെ അവാർഡ് പ്രകാരം സംസ്ഥാനത്തിന്റെ വിഹിതം ഓരോ വർഷവും വർദ്ധിച്ചുവരികയാണെന്നും മറ്റ് സ്കീമുകളിൽവന്ന കുറവിനു ആനുപാതികമായി വർദ്ധനവ് വന്നിട്ടുണ്ടോയെന്നും ഫിനാൻസ് കമ്മീഷന്റെ അവാർഡ്പ്രകാരം സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന തുകയേക്കാൾ കൂടുതൽ തുക ട്രാൻസ്ഫർവഴി ലഭിക്കുന്നുണ്ടോയെന്നും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു.

2700—<u>വൻകിട ജലസേചനം,</u> 2700-01—<u>പെരിയാർ നദീതട പദ്ധതി (വാണിജ്യപരം)</u>

പെരിയാർ നദീതട പദ്ധതിയുടെ ഡിവിഷൻ ഓഫീസുകളുടെയും സബ് ഡിവിഷൻ ഓഫീസുകളുടെയും എസ്റ്റാബ്ലിഷ്മെന്റ് ചെലവിനും സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലും മറ്റ് ചെലവുകൾക്കുമായി അനുവദിച്ചിട്ടുള്ള 27.4366 കോടി രൂപ അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത പദ്ധതിയിലെ കനാൽ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700 -02—<u>മലമ്പുഴ പദ്ധതി (വാണിജ്യപരം)</u>

പൂർത്തിയായ മലമ്പുഴ പദ്ധതിക്കുവേണ്ടിയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും സംരക്ഷണ പണികൾക്കുമായി അനുവദിച്ചിട്ടുള്ള 16.2985 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചതിനെ തുടർന്ന് ജലസേചന വകുപ്പിൽ ഒഴിവുവന്ന തസ്തികകൾ റദ്ദാക്കാനും അധികമുള്ള തസ്തികകൾ കണ്ടെത്താനും അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് വിന്യസിച്ച ഉദ്യോഗസ്ഥരുടെ എണ്ണത്തെ സംബന്ധിച്ച വിശദാംശം ലഭിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച തസ്തികകളെ സംബന്ധിച്ച വിശദാംശം ലഭ്യമല്ലെന്നും ആയതിനാൽ ഒഴിഞ്ഞുകിടക്കുന്ന പ്രസ്തുത തസ്തികകൾ റദ്ദാക്കാൻ സാധിച്ചില്ലെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും അപ്രകാരം ചെയ്യാമെന്ന് ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകുകയും ചെയ്തു.

പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ തുക കണ്ടെത്തുന്നത് സംബന്ധിച്ച വിശദാംശം സമിതി ആരാഞ്ഞു. രണ്ട് മൂന്ന് വർഷം കൂടുമ്പോഴാണ് റേറ്റ് റിവൈസ് ചെയ്തിരുന്നതെന്നും എന്നാൽ ഇപ്പോൾ വർഷംതോറും റേറ്റ് റിവൈസ് ചെയ്യുന്നതിനാൽ എട്ടോ ഒമ്പതോ വർഷങ്ങൾക്കുമുമ്പ് ഫിക്സ് ചെയ്ത റേറ്റാണ് ഇപ്പോഴും നിലവിലുള്ളതെന്നും വർക്കിനാവശ്യമായ റേറ്റ് റിവിഷൻ നടത്തുന്നുണ്ടെന്നും മെയിന്റനൻസിനാവശ്യമായ തുകയിലാണ് വർദ്ധനവ് വരാത്തതെന്നും ഈ വിഷയം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നും ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

വാളയാറിലേക്ക് പോകുന്ന വെള്ളം ഡൈവേർട്ട് ചെയ്ത് പോകുന്നതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. മുൻകാലങ്ങളിൽ പരിശോധന നടത്തിയപ്പോൾ തടസ്സമൊന്നും ഉണ്ടായിരുന്നില്ലെന്നും ഇപ്പോൾ കേരള അതിർത്തികളിൽ മാത്രമേ പരിശോധന നടത്തുന്നുള്ളുവെന്നും ഇപ്പോഴത്തെ റിപ്പോർട്ട്പ്രകാരം വെള്ളം ഡൈവേർട്ട് ചെയ്ത് പോകുന്നില്ലെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം വീണ്ടും പരിശോധിച്ച് അനുയോജ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

PMKSY-യിൽ എത്ര പ്രോജക്ടുകൾ കൊടുത്തിട്ടുണ്ടെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും സമിതി ആരാഞ്ഞതിന് PMKSY-ൽ 3 പ്രോജക്ടുകളാണ് ഇപ്പോൾ നിലവിലുള്ളതെന്നും CADA ഏറ്റെടുത്ത 14 പ്രോജക്ടുകളും 1980-കളിൽ തന്നെ പൂർത്തീകരിച്ചതാണെന്നും ചീഫ് എഞ്ചിനീയർ വ്യക്തമാക്കി.

കൃഷിക്കാർക്ക് കൃഷിയിടങ്ങളിൽ വെള്ളമെത്തിക്കുക എന്നതാണ് PMKSY കൊണ്ടുദ്ദേശിക്കുന്നതെന്നും കൃഷി വകുപ്പുമായി കൂടിയാലോചിച്ചാണ് ഒരു പദ്ധതിക്ക് എത്ര വെള്ളം ആവശ്യമുണ്ടെന്നത് കണക്കാക്കേണ്ടതെന്നും അങ്ങനെ ചെയ്യാറുണ്ടോയെന്നും സമിതി ആരാഞ്ഞു. അപ്രകാരം ചെയ്തിട്ടുണ്ടെന്നും സ്റ്റേറ്റ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെന്നും കൃഷി വകുപ്പ് സ്റ്റേറ്റ് പ്ലാൻ കേന്ദ്ര ഗവൺമെന്റിലേക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനായി ജലവിഭവ വകുപ്പും കൃഷിവകുപ്പും ഒരുമിച്ചാണ് പ്രവർത്തിക്കുന്നതെന്നും ചില പ്രത്യേക പ്രോജക്ടുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം വേണ്ടിവരുമെന്നും PMKSY-ൽ കേന്ദ്ര ഗവൺമെന്റ് വിഹിതം 40%ഉം സംസ്ഥാന ഗവൺമെന്റ് വിഹിതം 60%ഉം ആണെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

പ്രധാനപ്പെട്ട എല്ലാ മേജർ ഇറിഗേഷൻ പ്രോജക്ടുകളുടെയും CADA പ്രോജക്ടുകളുടെയും സംരക്ഷണത്തിന് മെയിന്റനൻസ് ഫണ്ടാണ് കൊടുക്കുന്നതെന്നും വകുപ്പിൽനിന്നും ലഭിച്ച പ്രൊപ്പോസൽ അനുസരിച്ച് 28 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും CADA സ്കീമിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും 50% വിഹിതം ലഭിച്ചിരുന്നുവെന്നും പിന്നീട് ആയത് ലഭിക്കാതെ വന്നപ്പോൾ പ്രസ്തുത ഫണ്ട് സംസ്ഥാന ഗവൺമെന്റ് കണ്ടെത്തേണ്ടതായിവന്നുവെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കാലാവസ്ഥ വ്യതിയാനത്തിനനുസരിച്ച് പ്രോജക്ടുകൾക്ക് ഫണ്ട് അനുവദനീയമാണെന്ന് സമിതി ചൂണ്ടിക്കാട്ടുകയും ഇതു സംബന്ധിച്ച വിശദാംശങ്ങൾ ആരായുകയും ചെയ്തു. പ്രസ്തുത പ്രോജക്ട് ഗ്രീൻ ക്ലൈമറ്റ് ഫണ്ട് (GCF)-ൽ ആണ് വരുന്നതെന്നും ഈ പ്രോജക്ടിന്റെ ഹെഡ്ക്വാർട്ടേഴ്സ് സൗത്ത് കൊറിയയിലാണെന്നും കഴിഞ്ഞ വർഷമാണ് ഈ സ്കീം നിലവിൽവന്നതെന്നും ഇക്കാര്യം പരിസ്ഥിതി വകുപ്പ് സെക്രട്ടറിയുമായി ചർച്ച ചെയ്തു കഴിഞ്ഞതാണെന്നും GCF-ൽ ഒരു പ്രോജക്ട് ആരംഭിച്ചിട്ടുണ്ടെന്നും ഫണ്ട് ലഭിക്കുന്നതിന് ആദ്യത്തെ ഘട്ടമായി കൺസെപ്റ്റ് നോട്ട്സ് സമർപ്പിക്കുകയും ആയതിന് GCF സെൻട്രൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനുശേഷമേ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ കഴിയുകയുള്ളൂവെന്നും പ്രോജക്ടിനനുസരിച്ചാണ് തുക നിശ്ചയിക്കുന്നതെന്നും കേരളത്തിൽ പാലക്കാടാണ് പ്രോജക്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും പാലക്കാട് പ്രോജക്ട്, Coastal Zone Management എന്നീ 2 പ്രോജക്ടുകളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും എന്നാൽ ഫണ്ട് ലഭിക്കുന്നതിനായി പരിസ്ഥിതി വകുപ്പ് Coastal Zone Management പ്രോജക്ട് ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും ജലവിഭവ വകുപ്പുസെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

ഒരു വർഷം മുമ്പ് പ്രസ്തുത വിഷയം സംബന്ധിച്ച പ്രാഥമിക കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തിട്ടുണ്ടെന്നും കൺസെപ്റ്റ് നോട്ട് തയ്യാറാക്കുന്നതിനായി ധാരാളം അനാലിസിസ് നടത്തേണ്ടതുണ്ടെന്നും ആയതിലേക്ക് ഒരു ഉദ്യോഗസ്ഥനെ ട്രെയിനിംഗിന് അയയ്ക്കേണ്ടതായുണ്ടെന്നും അന്തരീക്ഷ താപനില, വെജിറ്റേഷൻ, കൃഷി, വെള്ളത്തിന്റെ നീരൊഴുക്ക് മുതലായ കാര്യങ്ങളെ സംബന്ധിച്ച് പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതായുണ്ടെന്നും പ്രസ്തുത പദ്ധതി ഉടനെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ജലവിഭവ വകുപ്പ് (IDRB) ചീഫ് എഞ്ചിനീയർ വ്യക്തമാക്കി.

2700-04—മംഗലം പദ്ധതി (വാണിജ്യപരം)

മംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കും മറ്റു ചെലവുകൾക്കും ഭരണവും നടത്തിപ്പിനുമായി നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുള്ള 77.04 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിയുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2700-05—മീങ്കര പദ്ധതി (വാണിജ്യപരം)

മീങ്കര പദ്ധതിയുടെ സംരക്ഷണ പണികൾക്കും മറ്റു ചെലവുകൾക്കും ഭരണവും നടത്തിപ്പിനുമായി 1.1231 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്ത മായതിനാൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700-11—നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം)

നെയ്യാർ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കുമായി അനുവദിച്ചിട്ടുള്ള 5.55 കോടി രൂപ അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ ആവശ്യമായ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2700-12—പഴശ്ശി പദ്ധതി (വാണിജ്യേതരം)

പഴശ്ശി പദ്ധതിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി കൂടുതൽ ഫണ്ട് ആവശ്യ മുണ്ടെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700-13—കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

കുറ്റ്യാടി ജലസേചന പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷത്തിൽ 6.8275 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കിയ സമിതി 1963-ൽ ആരംഭിച്ച് 1993-ൽ പൂർത്തിയായ പ്രസ്തുത പദ്ധതിയിലെ കാലപ്പഴക്കംചെന്ന കനാലുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 9.10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2700-14—വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

വടക്കാഞ്ചേരി പദ്ധതിയുടെ സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കുമായി അനുവദിച്ച 1.14 കോടി രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2700-16—പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലും പമ്പാ നദീതട അതോറിറ്റി രൂപീകരിക്കുവാനുമായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി കനാലുകളുടെ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ശബരിമലയിൽ കൂടുതൽ വെള്ളം ആവശ്യമുണ്ടെന്ന് കാണിച്ച് പമ്പയിൽ ഏതെങ്കിലും പ്രോജക്ട് പ്രൊപ്പോസൽ വകുപ്പ് തയ്യാറാക്കിയില്ലെങ്കിൽ പമ്പാ അച്ചൻകോവിൽ ജലസേചന പദ്ധതി നഷ്ടപ്പെട്ട് പോകാനുള്ള സാഹചര്യമുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

ശബരിമലയ്ക്കുവേണ്ടി പ്രത്യേകമായി ഒരു പ്രൊപ്പോസൽ തയ്യാറാക്കണമെന്നും കല്ലാറിൽ പുതിയൊരു പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും അതിന് പരിസ്ഥിതി ക്ലിയറൻസ് ആവശ്യമാണെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

2700-17—ചിറ്റൂർ പുഴ പദ്ധതി (വാണിജ്യേതരം)

ചിറ്റൂർ പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റിനുമായി വക കൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2700-18—കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

കാഞ്ഞിരപ്പുഴ പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും സംരക്ഷണ പണികൾക്കുമായി ബഡ്ജറ്റിൽ 7.7986 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പ്രസ്തുത തുക അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട സമിതി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2700-25—മൂലത്തറ ആർ.ബി. കനാൽ (വാണിജ്യേതരം)

മൂലത്തറ വലതുകര കനാൽ പദ്ധതിയുടെ സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 15 ലക്ഷം രൂപ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട സമിതി അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 1.90 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2700-27—കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

കല്ലട ജലസേചന പദ്ധതിയുടെ ഭരണവും നടത്തിപ്പും ചെലവുകൾക്കും സംരക്ഷണപ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലുമായി നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 26.8709 കോടി രൂപ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി കനാലുകളുടെ സംരക്ഷണ പണികൾ ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

കല്ലട ജലസേചന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെ സംബന്ധിച്ചും അവിടെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയതിനെ സംബന്ധിച്ചും ഡിഡിസി മീറ്റിംഗിൽ സമർപ്പിച്ച റിപ്പോർട്ടിനെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ സമിതി ആരാഞ്ഞു.

ഡിഡിസി മീറ്റിംഗിൽ സമർപ്പിച്ച റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ലെന്നും പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാമെന്നും ഇത് സംബന്ധിച്ച് ഉന്നതതലയോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്യുന്നതാണെന്നും ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിക്ക് മറുപടി നൽകി.

ജലസേചനത്തിന് അനുസരിച്ചുള്ള കൃഷിരീതിയാണ് നിലവിലുള്ളതെന്നും കൃഷിക്ക് അനുസരിച്ചുള്ള ജലസേചനരീതി നടപ്പിലാക്കുകയാണെങ്കിൽ വിളവ് ഉൽപ്പാദനത്തിൽ മൂന്ന് ഇരട്ടി വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കുമെന്നും അഭിപ്രായപ്പെട്ട സമിതി നിലവിലുള്ള പ്രോജക്ടുകൾ കൃഷിക്ക് എങ്ങനെ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്ന് പരിശോധിക്കുവാനും ഇത് സംബന്ധിച്ച പഠന റിപ്പോർട്ട് സമർപ്പിക്കാനും നിർദ്ദേശിച്ചു.

2700-80-800-99—<u>13-ാം ധനകാര്യകമ്മീഷൻ ഉൾപ്പെടുത്തിയിട്ടുള്ള ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ</u>

13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനഃപുനർവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2700-80-800-98—<u>ഡാം സൈറ്റുകൾ മനോഹരമാക്കൽ</u>

ഡാം സൈറ്റുകൾ മനോഹരമാക്കുന്നതിനായി വകയിരുത്തിയിട്ടുള്ള 1 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.65 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഏതൊക്കെ ഡാമുകളുടെ സൈറ്റുകൾക്കാണ് തുക ആവശ്യപ്പെടുന്നതെന്ന് വ്യക്തമാക്കണ മെന്ന് സമിതി നിർദ്ദേശിച്ചു.

ഡൽഹി കാവേരി സെല്ലിന്റെ പ്രവർത്തനം സംബന്ധിച്ച് ചർച്ച ചെയ്ത സമിതി പ്രസ്തുത സെല്ലിന്റെ പ്രവർത്തനം നന്നായി സ്ക്രൂട്ടിണൈസ് ചെയ്യണമെന്നും സെല്ലിന്റെ പ്രവർത്തനഫലമായി സംസ്ഥാനത്തിന് എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും ആവശ്യപ്പെട്ടു.

കാവേരി സെല്ലിന്റെ കോഴിക്കോട് ഓഫീസിന്റെ പ്രവർത്തനം നടന്നുവരിക യാണെന്നും പ്രസ്തുത സെല്ലുമായി ബന്ധപ്പെട്ട് കുറെ പ്രോജക്ടുകൾ പൂർത്തിയാക്കിയി ട്ടുണ്ടെന്നും കൂടാതെ കാവേരി സെല്ലിന്റെ ഒരു ഡിവിഷണൽ ഓഫീസ് പ്രവർത്തിച്ചു വരുന്നുണ്ടെന്നും ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ ബോധ്യപ്പെടുത്തി.

കാവേരി നദിയിലെ ജലം ഉപയോഗിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി ഡൽഹിയിൽവച്ച് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളം എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞു.

NABARD-ന്റെ ധനസഹായത്തോടെ 2 പ്രോജക്ടുകളും സ്റ്റേറ്റ് പ്ലാനിൽ ഒരു പ്രോജക്ടും ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഈ വർഷം വയനാട്ടിൽ NABARD-ന്റെ കീഴിലുള്ള ഒരു പ്രോജക്ട് ചെയ്യാനുദ്ദേശിക്കുന്നുവെന്നും പാമ്പാർ നദിയിലെ പാതിശ്ശേരി പ്രോജക്ടിന് നേരത്തെതന്നെ അംഗീകാരം ലഭിച്ചിരുന്നുവെന്നും പാതിശ്ശേരി ഡാമിന്റെ ഡിസൈൻ പുതുക്കേണ്ടതായി വന്നുവെന്നും പ്രാദേശിക എതിർപ്പ് കാരണം പാമ്പാർ പദ്ധതി പ്രായോഗികമല്ലെന്നും അതിനാൽ അവിടെ വേറെ പദ്ധതി ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

കേരളത്തിലെ അന്തർസംസ്ഥാന നദീജല കരാറുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യാൻ സ്ഥിരമായി ഒരു ഉദ്യോഗസ്ഥനെ നിയമിക്കണമെന്നും പ്രശ്നം പരിഹരിക്കുന്നതിന് ഒരു കർമ്മസേന രൂപീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

2701—<u>ഇടത്തരം ജലസേചനം</u>

2701-01—<u>പീച്ചി ജലസംഭരണ പദ്ധതി (വാണിജ്യപരം)</u>

പീച്ചി ജലസംഭരണ പദ്ധതിയുടെ സംരക്ഷണ പണികൾക്കും മറ്റ് ചെലവുകൾക്കും ഭരണവും നടത്തിപ്പിനുമായി വകയിരുത്തിയിട്ടുള്ള 6.6536 കോടി രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പീച്ചി പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-02—<u>ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)</u>

പ്രസ്തുത പദ്ധതിയുടെ സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ഇനത്തിലും മറ്റു ചെലവുകൾക്കും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കുമായി വകയിരുത്തിയിട്ടുള്ള 3.065 കോടി രൂപ അപര്യാപ്തമായതിനാൽ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-03—<u>ചീരക്കുഴി പദ്ധതി (വാണിജ്യപരം)</u>

ചീരക്കുഴി പദ്ധതിയുടെ സംരക്ഷണ പണികൾക്കായി നടപ്പുസാമ്പത്തികവർഷത്തിൽ അനുവദിച്ചിട്ടുള്ള 1.3667 കോടി രൂപ അപര്യാപ്തമായതിനാൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-11—പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)

പോത്തുണ്ടി പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള 1.1001 കോടി രൂപ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത പദ്ധതിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-14—ചിമ്മിണി മൂപ്ലി പദ്ധതി (വാണിജ്യേതരം)

ചിമ്മിണി ഡാമിന്റെ സംരക്ഷണ പണികൾക്ക് ബഡ്ജറ്റിൽ 1.5003 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ സംരക്ഷണാവശ്യങ്ങൾക്ക് പ്രസ്തുത തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701 -17-101-98—ചേരാമംഗലം പദ്ധതി ( വാണിജ്യേതരം)

ചേരാമംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 50.01 ലക്ഷം രൂപ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി അടിയന്തര അറ്റകുറ്റ പണികൾക്കായി ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-18-001-97—ചമ്രവട്ടം പദ്ധതി (വാണിജ്യേതരം)

ചമ്രവട്ടം പദ്ധതികൾക്കുള്ള ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ചമ്രവട്ടം പ്രോജക്ട് ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.8081 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ചമ്രവട്ടം പദ്ധതി സംബന്ധിച്ച് ഡൽഹി ഐ.ഐ.ടി. പഠനം ആരംഭിച്ചിട്ടുണ്ടെന്നും 50 ലക്ഷം രൂപയാണ് ഇതിനായി അവർക്ക് നൽകേണ്ടതെന്നും 22 ലക്ഷം രൂപ നൽകി കഴിഞ്ഞുവെന്നും പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും ജലവിഭവവകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ജലസേചന ഉപദേശക സമിതിയെ സംബന്ധിച്ച് ചർച്ച ചെയ്ത സമിതി അതിന്റെ ഘടനയെക്കുറിച്ചും കേരളത്തിൽ നിലവിലുള്ള ജലസേചന ഉപദേശക സമിതിയെക്കുറിച്ചുമുള്ള വിശദാംശങ്ങൾ ആരാഞ്ഞു.

പ്രോജക്ട് അഡൈ്വസറി കമ്മിറ്റിക്കാണ് ജലസേചന ഉപദേശക സമിതിയുടെ ചുമതലയുള്ളതെന്നും പ്രോജക്ട്‌വൈസായിട്ടാണ് ചുമതല നൽകുന്നതെന്നും ഇതിൽ ത്രീ-ടയർ പ്രൊപ്പോസലാണുള്ളതെന്നും പാടശേഖരസമിതിയിലെ (ബെനിഫിഷ്യറീസ് കമ്മിറ്റി) പ്രസിഡന്റുമാർ ചേർന്ന് ഒരു കനാൽ കമ്മിറ്റി രൂപീകരിക്കുമെന്നും കനാൽ കമ്മിറ്റിയാണ് സെക്കന്റ് ടയർ എന്നും കനാൽ കമ്മിറ്റിയിൽ നിന്നും ഒരാളെ സെലക്ട് ചെയ്ത് കളക്ടറുടെ ചെയർമാൻഷിപ്പിൽ ഒരു പ്രോജക്ട് അംഗീകരിക്കുമെന്നും ഇതാണ് ശരിയ്ക്കുള്ള ഘടനയെന്നും കേരളത്തിൽ പാലക്കാട് ജില്ലയിൽ ജലസേചന ഉപദേശക സമിതിയുണ്ടെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു പ്രസ്തുത സമിതി പുനഃസംഘടിപ്പിച്ചിട്ടില്ലാത്തതിനാൽ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പെരിയാർ പ്രോജക്ടിൽ അത്തരത്തിലുള്ള സമിതി രൂപീകരിച്ച് കാക്കനാട് പ്രദേശത്ത് വെള്ളം കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

മുല്ലപ്പെരിയാർ-പറമ്പിക്കുളം നദീജലകരാറുകൾ സംബന്ധിച്ച റിപ്പോർട്ട് പരിശോധിക്കണമെന്നും കരാറിലെ വ്യവസ്ഥപ്രകാരമുള്ള കെട്ടിടങ്ങളും, സ്ഥലങ്ങളും ഏറ്റെടുക്കണമെന്നും ഇറിഗേഷൻ, ഫോറസ്റ്റ്, റവന്യൂ എന്നീ ഡിപ്പാർട്ട്മെന്റുകൾ സംയുക്തമായി കരാർ പ്രകാരമുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും 1994-ലെ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന സാഹചര്യങ്ങൾതന്നെയാണോ ഇപ്പോഴും നിലനിൽക്കുന്നതെന്ന് പരിശോധിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഡാം സുരക്ഷാ അതോറിറ്റിക്ക് അധികാരമില്ലെന്ന സുപ്രീം കോടതിയുടെ ഫൈനൽ ജഡ്ജ്മെന്റ് ഉണ്ടെന്നും പറമ്പിക്കുളം, തൂണക്കടവ്, പെരിവാരിപ്പള്ളം ഡാമുകൾ കേരളത്തിലാണെങ്കിലും അവ തമിഴ്നാടിന്റെ നിയന്ത്രണത്തിലാണെന്നും പ്രസ്തുത ഡാമുകളിൽ ഇൻസ്പെക്ഷൻ നടത്താൻ തീരുമാനിച്ചപ്പോൾ തമിഴ്നാട് കേരളത്തെ വിലക്കിയെന്നും എന്നാൽ പ്രസ്തുത ഡാമുകൾ നമ്മുടെ ആക്ടിൽ വരുന്നതാണെന്നും തമിഴ്നാടിന് ആവശ്യമുള്ള കെട്ടിടങ്ങൾ കൈവശം വയ്ക്കുന്നതിനുള്ള പ്രൊവിഷൻ കരാറിലുണ്ടെന്നും അതു സംബന്ധിച്ച തീരുമാനം എടുത്താൽ മാത്രമേ എത്ര കെട്ടിടങ്ങൾ കൈമാറണമെന്ന് കണ്ടെത്താൻ സാധിക്കുകയുള്ളുവെന്നും ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ഇറിഗേഷനുമായി ബന്ധപ്പെട്ട കോടതിക്കേസുകൾ വകുപ്പാണ് വിലയിരുത്തുന്നതെന്നും, വകുപ്പിൽ ലീഗൽ സെൽ ഇല്ല എന്നും മുല്ലപ്പെരിയാർ സെൽ തന്നെയാണ് കേസുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതെന്നും തുടർന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒൻപതാം കേരള നിയമസഭയുടെ പറമ്പിക്കുളം-മുല്ലപ്പെരിയാർ നദീജലകരാറുകൾ സംബന്ധിച്ച അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ട് സെക്രട്ടറി തലത്തിൽ പരിശോധിച്ച് നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പറമ്പിക്കുളം-ആളിയാർ കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ പുനരാരംഭിക്കുന്നതിന് നിയമതടസ്സമില്ലെന്ന് വ്യക്തമാക്കപ്പെട്ട സാഹചര്യത്തിൽ ഇതു സംബന്ധിച്ച തുടർ നടപടി ഉദ്യോഗസ്ഥർ സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

2701-80-005-98—ജനറൽ-സർവ്വേയും ഇൻവെസ്റ്റിഗേഷനും അന്വേഷണവും ഗവേഷണവും

പര്യവേഷണവും ഗവേഷണവും സംബന്ധിച്ച മറ്റു ചെലവുകൾക്കായി 20.26 ലക്ഷം രൂപ യാണ് ഈ നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുകയിൽ നിന്നും റെയിൻഗേജ് സ്റ്റേഷനിലെ റീഡർമാരുടെ വേതനവും കുടിശ്ശിക വേതനവും നൽകേണ്ടിവരുന്നതിനാൽ പ്രസ്തുത തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 1.1564 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-80-005-95—ജനറൽ-സർവ്വേയും ഇൻവെസ്റ്റിഗേഷനും ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്

പാലക്കാട് ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ചിട്ടുള്ള 3.4163 കോടി രൂപ അപര്യാപ്തമാണെന്നു മനസ്സിലാക്കിയ സമിതി ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാടിലെ മറ്റ് ഓഫീസ് ചെലവുകൾക്കും മോട്ടോർ വാഹന റിപ്പയറിനും മറ്റുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഗേജിംഗ് സ്റ്റേഷനിൽ ഉദ്യോഗസ്ഥരെ നിയമിച്ചാലും റിമോട്ട് ഏരിയ ആയതിനാൽ അധികംപേരും അവിടെ ജോലി ചെയ്യാൻ തയ്യാറാകുന്നില്ലെന്ന് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. നിയമനത്തിൽ റൊട്ടേഷൻ സമ്പ്രദായം ഏർപ്പെടുത്തുകയും പ്രസ്തുത പ്രദേശത്ത് നിയമിക്കപ്പെടുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുകയാണെങ്കിൽ മേൽപ്പറഞ്ഞ സ്ഥിതിയ്ക്ക് മാറ്റമുണ്ടാകുമെന്നും 2 മാസം ഗേജിംഗ് കൃത്യമായി നടത്തിയാൽ സംസ്ഥാനത്തിന് 30 കോടിയോളം രൂപ ലാഭിക്കാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. ഗേജിംഗ് സ്റ്റേഷനിൽ ആവശ്യമുള്ള തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും എത്ര ആളുകളെ നിയമിച്ച് വെന്നതു സംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

2701-80-005-94—<u>കടമത്തോട് പദ്ധതി</u>

കടമത്തോട് പദ്ധതിയ്ക്കായി പുതിയ ശീർഷകം ഉൾപ്പെടുത്തി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-800-97—<u>ജനറൽ-മറ്റ്ചെലവുകൾ—മറ്റ് ജലസേചനപദ്ധതികളുടെ അറ്റകുറ്റപ്പണികൾ സംരക്ഷണപ്പണികളും</u>

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 2.5 കോടി രൂപ തൃശ്ശൂർ നിലയത്തിൽ ജലസേചന സ്കീമിലെ അറ്റകുറ്റപണികൾക്കും ജലസേചന പദ്ധതികളുടെ ഷട്ടറുകളും മറ്റും പുനഃസ്ഥാപിക്കുന്നതിന് അപര്യാപ്തമായതിനാൽ <u>7.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

2701-80-800-94—<u>ജനറൽ-മറ്റു ചെലവുകൾ-കാവേരി ഉൾപ്പടെയുള്ള അന്തർ സംസ്ഥാന നദീജലം</u>

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 2.8289 കോടി രൂപ അപര്യാപ്തമായതിനാൽ ഡൽഹിയിലെ കാവേരി സ്പെഷ്യൽ സെല്ലിന്റെ മുല്ലപ്പെരിയാർ സെൽ ചെയർമാന്റെ വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കും യാത്രാബത്ത ഇനത്തിലും 4.15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2711-02-800-99—<u>കടലാക്രമണ നിരോധന പദ്ധതികൾ—മറ്റു ചെലവുകൾ—കടലാക്രമണ നിരോധന പദ്ധതികൾ—കോസ്റ്റൽ എറോഷൻ പദ്ധതികൾ സംബന്ധിച്ച പഠനം</u>

കടലാക്രമണ നിരോധന പദ്ധതിയുടെ ഭാഗമായി കടൽത്തീര മണ്ണൊലിപ്പ് തടയുന്നതിനായുള്ള പഠനം നടത്തുന്നതിനുള്ള ബില്ലുകൾ തീർക്കുന്നതിനും മറ്റ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 44.28 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

ചില സംസ്ഥാനങ്ങൾ കടലോരമേഖലയെ കടലാക്രമണത്തിൽനിന്നും സംരക്ഷിക്കുന്നതിന് തീരദേശങ്ങളിൽ കല്ലിടുന്നതിനുപകരം ഒരു പ്രത്യേക ജനുസ്സിൽപ്പെട്ട കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കുന്നുണ്ടെന്നും പ്രസ്തുത രീതി സംസ്ഥാനത്തിൽ പ്രാവർത്തികമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

4700—വൻകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്

4700-20—ഇടമലയാർ പദ്ധതി ( വാണിജ്യേതരം )

ഇടമലയാർ പദ്ധതിയുടെ ഭരണപരമായ പ്രവർത്തനങ്ങൾക്കും, മരാമത്ത് പണികൾക്കും അക്വിസിഷൻ കേസുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 20 കോടി രൂപ അപര്യാപ്തമായതിനാൽ കനാൽ നിർമ്മാണത്തിനും ബ്രാഞ്ചുകൾ, കനാലുകൾ, ഡിസ്ട്രിബ്യൂട്ടറി എന്നിവയ്ക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിനും ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4700-21—മീനച്ചിൽ നദീതട പദ്ധതി ( പ്ലാൻ)

പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മീനച്ചിൽ പദ്ധതിയിൽ വരുന്ന മിനി ഡാമുകളുടെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4700-22—മൂവാറ്റുപുഴ പദ്ധതി ( വാണിജ്യേതരം)

മൂവാറ്റുപുഴ പദ്ധതിയുടെ ഭരണപരമായ പ്രവർത്തനങ്ങൾക്കും മരാമത്ത് പണികൾക്കുമായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 21 കോടി രൂപ വകയിരുത്തിയിരിക്കുന്നു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ മൂവാറ്റുപുഴ പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ പദ്ധതിവർക്കുകൾ ഏറ്റെടുക്കുന്നതിന് ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4700-25—മൂലത്തറ ആർ.ബി. കനാൽ ( വാണിജ്യേതരം)

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കേണ്ടതിലേക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച മൂലത്തറ ആർബി കനാലിന്റെ പണി നിർത്തിവച്ചിട്ട് 20 വർഷത്തോളമായെന്നും ടി കനാലിന്റെ പണി പൂർത്തിയാക്കുന്നതിനായി മറ്റൊരു സംവിധാനത്തിലേക്ക് മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. മുൻകാലങ്ങളിൽ ഏതെങ്കിലും ഏജൻസി ഇപ്രകാരം വർക്കുചെയ്യുന്നതിന് ഏൽപ്പിച്ചിട്ടുണ്ടോയെന്നും, ടി ഏജൻസികൾ ഇത്തരം പദ്ധതികൾ ഏറ്റെടുക്കാൻ പ്രാപ്തരാണോ എന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

4700—28—ബാണാസുരസാഗർ പദ്ധതി ( വാണിജ്യേതരം)

ബാണാസുരസാഗർ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 2.5 കോടി രൂപ അപര്യാപ്തമായതിനാൽ മരാമത്ത് പ്രവൃത്തികൾക്കും ശമ്പളത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4700-80-005-99—വൻകിട ജലസേചന പദ്ധതികളിൻമേൽ അന്വേഷണം

വിവിധ നദികളുടെ സർവ്വേ ജോലികൾക്കുപുറമേ അനുയോജ്യമായ സ്ഥലങ്ങളിൽ ജലം സംഭരിക്കാൻ ആവശ്യമായ പര്യവേഷണങ്ങൾ നടത്തുന്നതിന് അധികതുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1.5 കോടി രൂപയ്ക്ക് പുറമേ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4701—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ്

4701-12—അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും അനുവദിച്ചിട്ടില്ല. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ടെണ്ടർ എക്സസ് അനുവദിക്കുന്നത് സംസ്ഥാന സർക്കാരാണെങ്കിൽ നബാർഡ് ഏറ്റെടുത്തിരിക്കുന്ന വർക്കുകളിലെ റേറ്റ് റിവിഷൻ നടപടികൾ സംസ്ഥാന സർക്കാർ തന്നെ ചെയ്യണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4701-13—കബനി കാരാപ്പുഴ പദ്ധതി ( വാണിജ്യേതരം)

കബനി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഭരണ പരമായ പ്രവർത്തനങ്ങൾക്കും മരാമത്ത് പണികൾക്കും വകയിരുത്തിയിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിയിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ഈ ശീർഷകത്തിൽ 5.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4701-18—<u>ചമ്രവട്ടത്തെ റഗുലേറ്റർ-കം-ബ്രിഡ്ജ് ( വാണിജ്യേതരം)</u>

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ 38.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4701-80-800-96—<u>നടപ്പാക്കിയ പദ്ധതികളെ വിലയിരുത്താനുള്ള പഠനം</u>

കല്ലട ജലസേചന പദ്ധതിയെക്കുറിച്ച് പഠനം നടത്തുന്നതിന് സമിതി നിർദ്ദേശിച്ചു

4701-80-800-88—<u>ജനറൽ—മറ്റു ചെലവുകൾ—നദീതട സംഘടന രൂപീകരണം (എം.ജി.പി.)</u>

മണ്ണുസംരക്ഷണം, മലിനീകരണ നിയന്ത്രണം, വെള്ളപ്പൊക്ക നിയന്ത്രണം, ജല സമ്പത്തിന്റെ ശരിയായ ഉപയോഗം ഇവ ഉറപ്പാക്കി ഭാരതപ്പുഴയുടേയും മറ്റു നദികളുടേയും നദീതട വികസനം ലക്ഷ്യമാക്കിയുള്ള പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വകയിരുത്തിയിട്ടുള്ള 1 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഭാരതപ്പുഴ ബേസിനിൽ തടയണ/റഗുലേറ്റർ നദീതട സംരക്ഷണത്തിനുള്ള പുതിയപദ്ധതികൾക്ക് ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4701-80-800-81—<u>ജനറൽ—മറ്റ് ചെലവുകൾ—ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനുവേണ്ടിയുള്ള നിലവാര നിർണ്ണയം</u>

വിവിധ പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനായി വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4701-80-800-77—<u>ജനറൽ—മറ്റു ചെലവുകൾ—ഡാം പുനരുദ്ധാരണ പദ്ധതി (ഡി.ആർ.ഐ.പി.)</u>

ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഡാമുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി വകയിരുത്തിയിരിക്കുന്ന 40 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ഡാം പുനരുദ്ധാരണ പദ്ധതിയുടെ കീഴിൽ 210 കോടിക്ക് പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4701-80-800-76—<u>ജനറൽ—മറ്റു ചെലവുകൾ—മുൻഗണനാ പ്രവൃത്തികൾ</u>

ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാ പ്രവൃത്തികൾക്ക് 1000 രൂപ യാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. മുമ്പ് അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ ആരംഭിക്കുന്നതിനും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണ മെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ xxxviii (ജലസേചനം)-ൽ ഉൾപ്പെട്ട വെള്ളപ്പൊക്ക നിയന്ത്രണം, കടലാക്രമണ നിരോധന പദ്ധതികൾ എന്നിവ സംബന്ധിച്ച കുറിപ്പുകൾ അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിന് തീരുമാനിച്ചു.

2016 ആഗസ്റ്റ് 8-ാം തീയതി ഉച്ചയ്ക്കുശേഷം 2.30-ന് ചേരുവാൻ നിശ്ചയിച്ചിരുന്ന യോഗം അന്നേദിവസം ഉച്ചയ്ക്കുശേഷം 2.00 മണിക്ക് ചേരുന്നതിനും ആഗസ്റ്റ് 17-ാം തീയതി ചേരുവാൻ നിശ്ചയിച്ചിരുന്ന യോഗം 18-ാം തീയതി രാവിലെ 11.00 മണിക്ക് ചേരുന്നതിനും സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 1.55-ന് പിരിഞ്ഞു.

1177/2017.

## 8-8-2016-ലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി III (ജലവിഭവം) 8-8-2016 തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.
2. ശ്രീ. കെ. കൃഷ്ണൻകുട്ടി, എം.എൽ.എ.
3. ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.
4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
5. ശ്രീ. പി. ടി. എ. റഹീം, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവിഅമ്മ.എസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ.വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീമതി താരാ സാമുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
4. ശ്രീ. എൻ. എം. രവീന്ദ്രൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. കെ. എസ്. മധു, ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്
6. ശ്രീ. വി. കെ. മഹാനുദേവൻ, ചീഫ് എഞ്ചിനീയർ, (ഐ.ഡി.ആർ.ബി.), ജലസേചനവകുപ്പ്
7. ശ്രീമതി സി.കെ.രാധാമണി, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്, ആലപ്പുഴ
8. ശ്രീ. ബാലൻ. എ. പി., ചീഫ് എഞ്ചിനീയർ, CADA, തൃശ്ശൂർ.

9. ശ്രീ. അജിത്കുമാർ. എ., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യവകുപ്പ്

10. ശ്രീ. അജിത് പട്ടീൽ, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി

11. ശ്രീ. ജി. ശ്രീകുമാർ, ചീഫ് എഞ്ചിനീയർ, (എസ്.ആർ.), കേരള വാട്ടർ അതോറിറ്റി

12. ശ്രീ. എച്ച്. ജലാലുദ്ദീൻ, ചീഫ് എഞ്ചിനീയർ (സി.ആർ.), കേരള വാട്ടർ അതോറിറ്റി

13. ശ്രീ. ഷാജഹാൻ. ബി., ചീഫ് എഞ്ചിനീയർ, (ജിക്ക)

14. ശ്രീമതി ചന്ദ്രമതി. പി. കെ., ചീഫ് എഞ്ചിനീയർ, (എൻ.ആർ.), കോഴിക്കോട്

15. ശ്രീ. ഗോകുൽ സേതുരാജ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി

16. ശ്രീമതി ഹെലൻ. എം., എക്സിക്യൂട്ടീവ് എഞ്ചിനീയർ, CADA, പാലക്കാട് ഡിവിഷൻ

17. ശ്രീ. തോമസ്. ജെ. ജോൺ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, UIDDSSMT, ആലപ്പുഴ

18. ശ്രീമതി ശോഭ. കെ. എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, O/o ചീഫ് എഞ്ചിനീയർ (ഐ&എ), തിരുവനന്തപുരം

19. ശ്രീ. സന്തോഷ് കുമാർ.ആർ.വി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി

20. ശ്രീ. ജോൺ മോറിസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡി., കോഴിക്കോട്

21. ശ്രീമതി ലീനാകുമാരി. എസ്., സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്.ഡി., കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

22. ശ്രീമതി പ്രീതിമോൾ. സി. കെ., സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്.ഡി., കോഴിക്കോട്

23. ശ്രീ. ബാബു തോമസ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി. എച്ച്. സർക്കിൾ, കൊച്ചി

24. ശ്രീ. ജോഷി. കെ. എ., സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ സെൻട്രൽ സർക്കിൾ

25. ശ്രീ. കെ. പി. രവീന്ദ്രൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, കോഴിക്കോട് സർക്കിൾ

26. ശ്രീ. എസ്. ഹാരിസ്, ഡി.സി.ഇ. (ഓപ്പറേഷൻസ്) കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

27. ശ്രീ. ശശിധരൻ. റ്റി. എസ്., സീനിയർ ഫിനാൻസ് ഓഫീസർ

28. ശ്രീ. കെ. പി. ഹരൻബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ, മങ്കൊമ്പ്.

സമിതി, 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXXVIII (ജലസേചനം), XXIX (കൃഷി), XX (ശുദ്ധജല വിതരണവും ശുചീകരണവും) എന്നിവ സംബന്ധിച്ച കണക്കിനങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

ചിറ്റൂർ പുഴ പദ്ധതിക്കുള്ള പ്രൊപ്പോസൽ ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാമിൽ (എഐബിപി) ഉൾപ്പെടുത്താത്തതിനുള്ള കാരണം സമിതി ആരാഞ്ഞു. ആരംഭിച്ച പദ്ധതികളുടെ പൂർത്തീകരണത്തിന് എഐബിപി, പൂർത്തിയായ പദ്ധതികൾക്ക് ഇആർഎം (എക്സ്റ്റൻഷൻ റെനോവേഷൻ ആന്റ് മോഡേണൈസേഷൻ) എന്നിങ്ങനെ രണ്ടു പ്രോജക്ടുകളാണ് ഉള്ളതെന്നും ചിറ്റൂർപുഴ പദ്ധതി നാലുകൊല്ലം മുൻപ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ ഇആർഎം-ലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ജലവിഭവ വകുപ്പ് സമിതിയെ അറിയിച്ചു.

മൂലത്തറ വലതുകരകനാൽ പ്രദേശത്ത് പി.എ.പി. കരാർ പ്രകാരം ഇരുപതിനായിരം ഏക്കർ ഭൂമി മാത്രമേ കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നുള്ളൂവെന്നും ഇതു സംബന്ധിച്ച് നോട്ടിൽ മുപ്പത്തിയൊന്നായിരം ഹെക്ടർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ആയതിന്റെ വ്യക്തമായ വിവരങ്ങൾ നൽകണമെന്നും ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു.

പറമ്പിക്കുളം-ആളിയാർ എഗ്രിമെന്റുമായി ബന്ധപ്പെട്ട വിഷയങ്ങളാലോ കുറെ ഭാഗം ഡബിൾ ക്രോപ്പ് ചെയ്യുന്നുകൊണ്ടോ ആയിരിക്കാം ഏക്കറേജ് കൂടി വരാനുള്ളകാരണമെന്നും നിലവിൽ കേരളത്തിൽ 16940 ഹെക്ടർ ഭൂമിയാണ് ആയക്കെട്ടായി വരുന്നതെന്നും അതിൽ എം.ആർ.ബി.സി.യിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ആയിരത്തിയിരുന്നൂറ് ഹെക്ടർ ഭൂമിയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്നും അതിന് ആവശ്യമായ ഫണ്ട് കണ്ടെത്തിയിട്ടുണ്ടോയെന്നതിനെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ സമിതി ആരാഞ്ഞു. ഭൂമി ഏറ്റെടുക്കുന്നതിന് സ്ഥലത്തിന്റെ ലഭ്യത നോക്കേണ്ടതായിട്ടുണ്ടെന്നും ഭൂമി വിട്ടുതരുന്നതിന് തയ്യാറായി ആളുകൾ മുന്നോട്ടു വരുന്നുണ്ടെന്നും അതിനാവശ്യമായ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അലൈൻമെന്റിന്റെ അന്തിമ തീരുമാനം കൈക്കൊണ്ട് ആയത് പൂർത്തിയാക്കാനുള്ള നടപടിക്രമങ്ങൾ അടിയന്തരമായി സ്വീകരിക്കണമെന്നും ആയതിന്റെ ഉത്തരവാദിത്വം ജലസേചന വകുപ്പിലെ ജോലിഭാരം കുറഞ്ഞ ഏതെങ്കിലും വിഭാഗത്തിനെ ഏൽപ്പിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

2701-15-101-99-98—<u>ഇടത്തരം ജലസേചനം—കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം)—സംരക്ഷണപണികൾ—വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്—സംരക്ഷണപ്പണികൾ—മറ്റു ചെലവുകൾ</u>

തോട്ടപ്പള്ളി സ്പിൽവേയുടെയും മറ്റു ബണ്ടുകളുടെയും വികസനത്തിന് വേണ്ടിയുള്ള പണികൾക്കായി വകയിരുത്തിയിട്ടുള്ള 1.64 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിയുടെ സംരക്ഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-001-99—<u>ഇടത്തരം ജലസേചനം—ജനറൽ ഭരണവും നടത്തിപ്പും— വിവരസാങ്കേതികവിദ്യ</u>

ഇറിഗേഷൻ, പ്രോജക്റ്റ് എന്നിവയുടെ ചീഫ് എഞ്ചിനീയർമാരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളവും മറ്റുള്ളവയും വകയിരുത്തിയിട്ടുള്ള ഈ ശീർഷകത്തിൽ 20.893 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓഫീസ് ചെലവുകൾക്കും ട്രേഡ് അപ്രന്റീസുകൾക്കുള്ള സ്റ്റൈപ്പന്റ് നൽകുന്നതിനും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും ഈ ശീർഷകത്തിൽ 1.32 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-001-98—<u>ഇടത്തരം ജലസേചനം—ജനറൽ ഭരണവും നടത്തിപ്പും—മേൽനോട്ടം</u>

ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ശമ്പളവും മറ്റു ഓഫീസ് ചെലവുകൾക്കുമായി

വകയിരുത്തിയിട്ടുള്ള 8.70450 കോടി രൂപ അപര്യാപ്തമായതിനാൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-001-97-99—<u>ഇടത്തരം ജലസേചനം—ജനറൽ—ഭരണവും നടത്തിപ്പും—നടത്തിപ്പ്—വിവരസാങ്കേതിക വിദ്യ</u>

ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഇറിഗേഷൻ, മെക്കാനിക്കൽ, ഇൻലാൻഡ് നാവിഗേഷൻ എന്നീ ഡിവിഷനുകളിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസും മറ്റ് ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിട്ടുള്ള 83.4793 കോടി രൂപ അപര്യാപ്തമായതിനാൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-001-92—<u>ഇടത്തരം ജലസേചനം—ജനറൽ—ഭരണവും നടത്തിപ്പും—വകുപ്പു—നവീകരണവും ഇ-ഗവേർണൻസും</u>

വകുപ്പുനവീകരണത്തിനും ഇ-ഗവേർണൻസിനുമായി വകയിരുത്തിയിട്ടുള്ള 28 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2711—<u>വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും</u>

2711-01-103-99—<u>വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും—വെള്ളപ്പൊക്ക നിയന്ത്രണം—സിവിൽ വർക്ക്—വെള്ളപ്പൊക്ക നിയന്ത്രണ പണികൾ—സംരക്ഷണം</u>

വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 9 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2016-17-ലെ ബഡ്ജറ്റിൽ ജലസേചന വകുപ്പ് ചെലവഴിക്കാത്ത തുകയെ സംബന്ധിച്ച് രേഖപ്പെടുത്തിയിരിക്കുന്നതിൽ വസ്തുതാപരമായ തെറ്റ് വന്നിട്ടുണ്ടെന്നും ബഡ്ജറ്റിൽ സൂചിപ്പിച്ചിരിക്കുന്നത്രയും തുക ചെലവഴിക്കാതെവരില്ലെന്നും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ച് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന തുകയിൽ വന്നിരിക്കുന്ന വ്യത്യാസം പരിശോധിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുവാൻ സമിതി നിർദ്ദേശിച്ചു.

2711-01-103-98—വെള്ളപ്പൊക്കനിയന്ത്രണവും ഡ്രെയിനേജും—വെള്ളപ്പൊക്ക നിയന്ത്രണം—സിവിൽ വർക്ക്—വെള്ളപ്പൊക്ക കെടുതികൾ മൂലമുള്ള അറ്റകുറ്റപണികൾ

വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന കെടുതികൾ പരിഹരിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 8 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2711-02-103-99—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും—കടലാക്രമണ നിരോധന പദ്ധതികൾ—സിവിൽ വർക്ക്—കടലാക്രമണ നിരോധന പണികൾ—സംരക്ഷണം

കടൽ ഭിത്തികളുടെ സംരക്ഷണ പണികൾക്കും പ്രകൃതി ക്ഷോഭത്തിൽ നിന്ന് കടൽതീരത്തെ രക്ഷിക്കുന്നതിനുള്ള അടിയന്തര പണികൾക്കുമായി വകയിരുത്തിയിട്ടുള്ള 9 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4711—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്

4711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധന ചെലവ്— വെള്ളപ്പൊക്ക നിയന്ത്രണം—സിവിൽ പണികൾ

തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4711-01-103-98—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്—വെള്ളപ്പൊക്ക നിയന്ത്രണം—സിവിൽ പണികൾ—തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4711-01-103-87—<u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്—വെള്ളപ്പൊക്ക നിയന്ത്രണം—സിവിൽപണികൾ—കുട്ടനാട് പാക്കേജ് (50% സി.എസ്.എസ്)</u>

11-ാം പഞ്ചവത്സരകാലത്ത് ആരംഭിച്ച കെ.ഇ.എൽ-1,2,3,4 എഫ്.എം.പി. സ്കീം, ഇപ്പോൾ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന തണ്ണീർമുക്കം ബാരേജിന്റെ നവീകരണം, കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണ ജോലികൾ, തോട്ടപ്പള്ളി സ്പിൽവേ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 263 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4711-02-103-99—<u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്—കടലാക്രമണ നിരോധന പദ്ധതികൾ—സിവിൽ പണികൾ</u>

കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽ ഭിത്തി നിർമ്മിക്കുന്നതിനും പഴയവ പുതുക്കിപ്പണിയുന്നതിനുമായി വകയിരുത്തിയിട്ടുള്ള 42 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ കടൽ ഭിത്തി നിർമ്മാണത്തിനും മറ്റുമായി 300 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4711-02-103-90—<u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനചെലവ്—കടലാക്രമണ നിരോധന പദ്ധതികൾ—സിവിൽപണികൾ—നബാർഡിന്റെ സഹായത്തോടുകൂടിയുള്ള കടൽഭിത്തി നിർമ്മാണം</u>

പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

<u>നാഷണൽ ഹൈഡ്രോളജി പ്രോജക്ട് (കേന്ദ്രാവിഷ്കൃത പദ്ധതി)</u>

2702-02-005-76

വാട്ടർ ബഡ്ജറ്റിംഗ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും സയൻസ് ആന്റ് ടെക്നോളജി ഡിപ്പാർട്ട്മെന്റ് കേരള സർവ്വകലാശാലയുമായി ചേർന്ന് ഇതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്നും ചില പ്രദേശങ്ങളിൽ വെള്ളത്തിൽ ഫ്ലൂറൈഡ്,

സോഡിയം എന്നിവയുടെ അംശം കാണുന്നുണ്ടെന്നും വെള്ളത്തിൽ സോഡിയത്തിന്റെ അളവ് വർദ്ധിക്കുന്നത് കാർഷികമേഖലയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അതിനെക്കുറിച്ച് എന്തെങ്കിലും ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോയെന്നും എന്തൊക്കെ സംവിധാനങ്ങൾ ഉപയോഗിച്ചാണ് വാട്ടർ ബഡ്ജറ്റിംഗ് സിസ്റ്റം തയ്യാറാക്കാൻ ഉദ്ദേശിക്കുന്നതെന്നും സമിതി ആരാഞ്ഞു.

ഹൈഡ്രോളജി പ്രോജക്ടിൽ വാട്ടർ മാനേജ്മെന്റ് പഠനമാണ് നടത്തുന്നതെന്നും അതിനായി 871 ഒബ്സർവേഷൻ വെല്ലുകളുണ്ടെന്നും ഈ കിണറുകളിലെ ജലനിരപ്പിലുണ്ടാകുന്ന വ്യതിയാനം ദിവസവും മോണിറ്റർ ചെയ്യാറുണ്ടെന്നും സാധാരണയായി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി ചേർന്നാണ് ഇതു സംബന്ധിച്ച പഠനം നടത്തുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ ബോധ്യപ്പെടുത്തി.

ഭൂഗർഭ ജലം കുറച്ചും ഉപരിതലജലം കൂടുതലായും ഉപയോഗിക്കണമെന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ പൊതുവായ സമീപനമെന്നും വാട്ടർ അതോറിറ്റിയുടെ സ്കീമിൽ പറഞ്ഞിരിക്കുന്നത് റിവർ ബേസ്ഡ് അല്ലെങ്കിൽ റിസർവോയർ ബേസ്ഡ് ആയിരിക്കണമെന്നാണെന്നും സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഡയറക്ടറും പല സ്ഥലങ്ങളിലും പോയി വെള്ളത്തിന്റെ ലെവൽ ടെസ്റ്റ് ചെയ്യാറുണ്ടെന്നും പാലക്കാട് ജില്ലയിലെ വെള്ളത്തിലാണ് ഫ്ലൂറൈഡിന്റെ അംശം ഉള്ളതായി കണ്ടെത്തിയിട്ടുള്ളതെന്നും സോഡിയത്തിന്റെ കാര്യത്തെക്കുറിച്ച് വ്യക്തമായി അറിയില്ലെന്നും വെള്ളത്തിന്റെ ഗുണത്തെ സംബന്ധിച്ച സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ റിപ്പോർട്ട് ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവം) സമിതിക്ക് മറുപടി നൽകി.

വാട്ടർഷെഡ് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ വാട്ടർ ബഡ്ജറ്റിംഗ് സംവിധാനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ആരാഞ്ഞതിന് വാട്ടർ ഷെഡിന്റെ അടിസ്ഥാനത്തിൽ വാട്ടർ ബഡ്ജറ്റിംഗ് സിസ്റ്റത്തിനായി 40 കോടി രൂപയുടെ ഹൈഡ്രോളജിക് പ്രോജക്ടിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമായിട്ടുണ്ടെന്നും സെപ്റ്റംബർ മാസത്തിൽ ലോഞ്ച് ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സോഫിസ്റ്റിക്കേറ്റഡ് ലാബ് എക്വിപ്മെന്റ്സും മറ്റും ഉപയോഗിച്ചാണ് പഠനം നടത്തുന്നതെന്നും ഇപ്പോൾ ഭാരതപ്പുഴ ബേസിനിൽ ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ടെന്നും അതുപോലെയുള്ള ഇരുപതോളം റിവർ ബേസിനുകളിൽ പഠനം വ്യാപിപ്പിക്കുമെന്നും ഭൂജല വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

നീർത്തടാടിസ്ഥാനത്തിൽ വാട്ടർ ബഡ്ജറ്റിംഗ് തയ്യാറാക്കേണ്ടത് ആവശ്യമാണെന്നും ഡിസ്ട്രിക്ട് ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായി ബ്ലോക്ക്/പഞ്ചായത്ത്, ഇറിഗേഷൻ, കൃഷി വകുപ്പുകൾ തയ്യാറാക്കിയ പദ്ധതികൾ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് വാട്ടർഷെഡ് ബേസിനിൽ വാട്ടർ ബഡ്ജറ്റിംഗ് തയ്യാറാക്കിയാൽ ഉചിതമായിരിക്കുമെന്നും ഓരോ പ്രദേശത്തെയും ജലത്തിന്റെ ആവശ്യകത കൃത്യമായി പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ വാട്ടർ ബഡ്ജറ്റിംഗ് തയ്യാറാക്കിയാൽ ഭാവിയിൽ പ്രയോജനകരമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

വാട്ടർ ബഡ്ജറ്റിംഗ് തയ്യാറാക്കുന്നതിന് ഗ്രൗണ്ട് വാട്ടർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുകളാണ് നേതൃത്വം നൽകേണ്ടതെന്നും മറ്റു വകുപ്പുകളിൽ നിന്നും ആവശ്യമായ വിവരം ശേഖരിയ്ക്കേണ്ടതായുണ്ടെന്നും ആയത് ലഭ്യമായാൽ മാത്രമേ ഇതിനാവശ്യമായ പദ്ധതി തയ്യാറാക്കാൻ സാധിക്കുകയുള്ളൂവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ജലവിഭവ വകുപ്പ് സെക്രട്ടറി ചെയർമാനും രണ്ട് എം.എൽ.എ.മാർ അംഗങ്ങളുമായുള്ള ഗ്രൗണ്ട് വാട്ടർ അതോറിറ്റി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത അതോറിറ്റി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യേണ്ടതായിട്ടുണ്ടെന്നും കുപ്പിവെള്ള ഫാക്ടറികൾക്കും വ്യവസായ ആവശ്യങ്ങൾക്കും അനുമതി കൊടുക്കുന്നത് ഗ്രൗണ്ട് വാട്ടർ അതോറിറ്റിയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ ബോധ്യപ്പെടുത്തി.

പാലക്കാട് ജില്ലയിൽ ധാരാളം കുഴൽ കിണറുകൾ കുഴിക്കുകയും വാണിജ്യപരമായ ആവശ്യങ്ങൾക്ക് വെള്ളം ഉപയോഗിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി.

ഗ്രൗണ്ട് വാട്ടർ ആക്ട് പ്രകാരം ടാങ്കർ ലോറികളിലും മറ്റും അനധികൃതമായി വെള്ളം കൊണ്ടുപോകുന്നത് തടയുന്നതിനും ഫൈൻ ഈടാക്കുന്നതിനും സാധിക്കുമെന്നും ഇത്തരത്തിലുള്ള ഒരു കേസിൽ 10,000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നും പുതിയതായി കുഴൽ കിണർ കുഴിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ വകുപ്പിന്റെ അനുമതി വാങ്ങേണ്ടതായിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) സമിതിയെ അറിയിച്ചു.

ക്രിട്ടിക്കൽ, സെമിക്രിട്ടിക്കൽ ബ്ലോക്കുകളിലും വാണിജ്യ ആവശ്യങ്ങൾക്കും കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകരുതെന്നുള്ള തീരുമാനം ഉണ്ടെന്നും എന്നാൽ കുടിവെള്ളത്തിനും കൃഷി ആവശ്യത്തിനും മറ്റും കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്നും സമിതി വിലയിരുത്തി.

2702-02-005-99—ചെറുകിട ജലസേചനം—ഭൂഗർഭ ജലം—അന്വേഷണം—ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും

സംസ്ഥാനത്ത് കടിവെള്ള ലഭ്യതയ്ക്ക് പൂർണ്ണമായും ഉപരിതല ജലത്തെയും സാധാരണ കിണറുകളെയും ആശ്രയിക്കവാൻ കഴിയാത്തതിനാൽ ജലക്ഷാമമുള്ള സ്ഥലങ്ങളിൽ സമയബന്ധിതമായി കഴൽ കിണർ നിർമ്മാണം നടത്തേണ്ടതുണ്ട്. കഴൽ കിണർ നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ കഴൽ കിണർ നിർമ്മാണത്തിനാവശ്യമായ വിവിധതരം ആധുനിക സങ്കേതിക മികവുള്ള പുതിയ റിഗ്ഗുകളും ആധുനിക സയന്റിഫിക്ക് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് എട്ട് കോടി രൂപയും കഴൽ കിണർ നിർമ്മാണം, കടിവെള്ള വിതരണ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിനാവശ്യമായ പുതിയ വാഹനങ്ങളും വാങ്ങുന്നതിന് 50 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 8.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2702-02-005-77—ചെറുകിട ജലസേചനം—ഭൂഗർഭ ജലം—അന്വേഷണം—രാജീവ് ഗാന്ധി കുടിവെള്ള സംരംഭം (സംസ്ഥാന പദ്ധതി)

കടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ ഭൂജല പര്യവേഷണം നടത്തി കഴൽ കിണറുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥാനം കണ്ടെത്തി അവ നിർമ്മിച്ച് ജലവിതരണം നടത്തുകയും ജലലഭ്യത കൂടുതലുള്ള കിണറുകളിൽ വൈദ്യുതി പമ്പുകൾ ഘടിപ്പിച്ച് ഭൂജലസംഭരണികളിൽ ശേഖരിച്ച് ജലവിതരണം നടത്തുകയും ചെയ്യുന്ന ഈ പദ്ധതിയ്ക്കായി 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ കുറെ വർഷങ്ങളായി അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ സാധിച്ചിട്ടുള്ള ഈ പദ്ധതിക്ക് നിലവിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനും കടിവെള്ള വിതരണ പദ്ധതികൾക്കും 2016-ലെ വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

## ധനാഭ്യർത്ഥന—XXIX (കൃഷി)

2702—ചെറുകിട ജലസേചനം

2702-01-001-99-99—ചെറുകിട ജലസേചനം—ഉപരിതലജലം—ഭരണവും നടത്തിപ്പും—എസ്റ്റാബ്ലിഷ്മെന്റ്—വിവര സാങ്കേതികവിദ്യ

ചെറുകിട ജലസേചന വിഭാഗം സർക്കിൾ, സബ്ഡിവിഷൻ, സെക്ഷൻ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ എന്നിവ നൽകുന്നതിലേക്കായി വകയിരുത്തിയിട്ടുള്ള 94.9718 കോടി രൂപ

അപര്യാപ്തമായതിനാൽ ഓഫീസുകളുടെ വൈദ്യുതി ബിൽ ഇനത്തിൽ കടിശ്ശിക തീർത്ത് ക്രമീകരിക്കുന്നതിനും വാഹനങ്ങളുടെ ഉപയോഗത്തിനും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും മറ്റുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2702-03-101-98(01)—<u>ചെറുകിട ജലസേചനം—സംരക്ഷണപ്പണികൾ—വാട്ടർ ടാങ്കുകൾ—സംരക്ഷണപണികൾ—മറ്റു ചെലവുകൾ—പ്രകൃതിക്ഷോഭംമൂലം നാശം സംഭവിച്ച ചെറുകിട ജലസേചന പണികൾ നന്നാക്കുന്നതിന് മറ്റു പരിപാടികൾ</u>

പ്രകൃതിക്ഷോഭംമൂലം നാശം സംഭവിച്ച ചെറുകിട ജലസേചന പദ്ധതികൾ നന്നാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2702-03-101-98(02)—<u>ചെറുകിട ജലസേചനം—സംരക്ഷണ പണികൾ—വാട്ടർ ടാങ്കുകൾ—സംരക്ഷണ പണികൾ—മറ്റു ചെലവുകൾ ചെറുകിട ജലസേചന പണികളുടെ കേടുപാട് പോക്കൽ</u>

ഇറിഗേഷൻ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് സമയാനുസൃതമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കൂടാതെ ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാട് തീർക്കുന്നതിനും വേണ്ടി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2702-01-800-94—<u>ചെറുകിട ജലസേചനം—ഉപരിതലജലം—മറ്റ് ചെലവുകൾ—ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം</u>

നിലവിലുള്ള ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനും നടത്തിപ്പിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 52 കോടി രൂപ അപര്യാപ്തമായ തിനാൽ എച്ച്. ആർ. ജീവനക്കാർക്ക് വേതനം നൽകുന്നതിനും എൽ.ഐ. സ്കീമുകൾക്കുള്ള വൈദ്യുതി ചാർജ്ജിനത്തിനുമായി ഈ ശീർഷകത്തിൽ 14.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2702-03-101-97—ചെറുകിട ജലസേചനം—സംരക്ഷണപ്പണികൾ—വാട്ടർ ടാങ്കുകൾ—13-ാം ധനകാര്യ കമ്മീഷൻ അവാർഡിൻകീഴിലുള്ള ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം

ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനായി 13-ാം ധനകാര്യ കമ്മീഷൻ മുഖേന അനുവദിക്കുന്ന തുക വിവിധ മൈനർ ഇറിഗേഷൻ പദ്ധതികളുടെ സംരക്ഷണത്തിനായി വിനിയോഗിക്കുന്നതിനാൽ പണികൾ പൂർത്തിയാക്കിയിട്ടുള്ളവയുടെ കുടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2702-80-005-99—ചെറുകിട ജലസേചനം—ജനറൽ—അന്വേഷണം—ചെറുകിട ജലസേചന പണികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും സംയോജിത പദ്ധതികൾ തയ്യാറാക്കലും

ചെറുകിട ജലസേചന പ്രവർത്തനങ്ങളിൽ പര്യവേഷണം തുടങ്ങുന്നതിനും വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2702-80-005-97—ചെറുകിട ജലസേചനം—ജനറൽ—അന്വേഷണം—ചെറുകിട ജലസേചന ജോലികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും ചെറുകിട ജലസേചനം നബാർഡ് സഹായധന പദ്ധതി തയ്യാറാക്കൽ

നബാർഡ് സഹായമുള്ള ചെറുകിട ജലസേചന പ്രവർത്തനങ്ങളുടെ പര്യവേഷണത്തിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4702—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്

4702-00-101-99—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്—ഉപരിതലജലം—ചെറുകിട ജലസേചന ജോലികൾ

ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ, ക്രോസ് ബാറുകൾ മുതലായവ നിർമ്മിച്ച് 200 ഹെക്ടർ വരെ ജലസേചനമേർപ്പെടുത്തുന്നതിനുള്ള പ്രസ്തുത

പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 4.5 കോടി രൂപ അപര്യാപ്തമായതിനാൽ ചെറുകിട ജലസേചനം ക്ലാസ് 1-ൽപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4702-00-101-97—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്—ഉപരിതലജലം—ലിഫ്റ്റ് ഇറിഗേഷൻ (ജില്ലാ പദ്ധതി)</u>

നാൽപ്പത് ഹെക്ടറിനുതാഴെ വിസ്തൃതിയിലുള്ള സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷനിലൂടെ ജലസേചനം നടത്തുന്നതിനുള്ള പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള 40 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ബിൽ തുക അനുവദിച്ചു നൽകുന്നതിലേക്കായി ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4702-00-101-93—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്—ഉപരിതലജലം—ചെറുകിട ജലസേചന ജോലികൾ—നബാർഡ് സഹായത്തോടെയുള്ള പദ്ധതി</u>

നബാർഡിൻെറ സഹായമുള്ള ക്ലാസ് 2 പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ള 50 കോടി രൂപ അപര്യാപ്തമായതിനാൽ പണികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4702-00-101-90—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്—ഉപരിതലജലം—ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ</u>

പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പണികൾ പൂർത്തീകരിക്കുന്നതിനും ബില്ലുകൾ കൊടുത്തു തീർക്കുന്നതിനും ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4702-00-101-87—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്—ഉപരിതലജലം—കുളങ്ങളുടെ നവീകരണം</u>

ചെറുകിട ജലസേചനത്തിനായി സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി 2010-11 വർഷത്തിൽ ആരംഭിച്ച പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 29 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രസ്തുത

പദ്ധതിയിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കരാറുകാരുടെ ബില്ലുകൾ കൊടുക്കുന്നതിനും ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4702-00-101-86—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ്—ഉപരിതലജലം—13-ാം ധനകാര്യ കമ്മീഷൻ അവാർഡ്

13-ാം ധനകാര്യ കമ്മീഷൻ അവാർഡ് കുളങ്ങൾ നവീകരിക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ കുടിശ്ശിക ബില്ലുകൾ കൊടുക്കുന്നതിന് ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4702-00-101-84—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ്—ഉപരിതലജലം—മുൻഗണനാ പ്രവൃത്തികൾ

മുൻഗണനാ പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച 1000 രൂപ അപര്യാപ്തമായതിനാൽ പണികൾ പൂർത്തിയാക്കുന്നതിനും കരാറുകാരുടെ ബില്ലുകൾ നൽകുന്നതിനും ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4702-00-101-82—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ്—ഉപരിതലജലം—ചെറുകിട ജലസേചനം—ക്ലാസ് II

50 ഹെക്ടറിനു താഴെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചനമെത്തിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയിലെ തലപ്പിള്ളി താലൂക്കിലെ ചെറുകിട ജലസേചന പദ്ധതിക്കായും ചാലിയാർ ബേസിനിലെ ചെക്ക് ഡാമുകൾക്കായും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രത്യേക പാക്കേജിലെ പണികൾ പൂർത്തിയാക്കുന്നതിനും പുതുതായി പണികൾ ഏറ്റെടുക്കുന്നതിനും ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നോംസ് തയ്യാറാക്കിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട് എം.ഐ. ക്ലാസ് 1, എം.ഐ. ക്ലാസ് 2 എന്നീ 2 കാറ്റഗറികളുണ്ടെന്നും 50 മുതൽ 2000 വരെ ഹെക്ടർ വിസ്തൃതിയുള്ള സ്ഥലങ്ങളെ ക്ലാസ് 1 കാറ്റഗറിയിലും 50 ഹെക്ടറിൽ താഴെ വിസ്തൃതിയുള്ളവയെ ക്ലാസ് 2 കാറ്റഗറിയിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (IDRB) മറുപടി നൽകി.

ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട വിഷയത്തിൽ, നാണ്യവിളകൾക്ക് ചാലിലൂടെ വെള്ളം നൽകുന്നതിനുപകരം ഡ്രിപ്പ് സംവിധാനം ഏർപ്പെടുത്തുകയാണെങ്കിൽ കൃഷിയിൽ നിന്നുള്ള വിളവ് വർദ്ധിപ്പിക്കാനും ഇലക്ട്രിസിറ്റി ചാർജ്ജ് ലാഭിക്കാനും സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. കൃഷി വകുപ്പുമായി യോജിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂവെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവ വകുപ്പ്) സമിതിയെ അറിയിച്ചു.

കേരളത്തിലെ ഇറിഗേഷൻ രീതിയിൽ മാറ്റം വരുത്തണമെന്നും കല്ലട ജലസേചന പദ്ധതി നെൽകൃഷിക്ക് ഉപയോഗിക്കാവുന്ന തരത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളതെന്നും ആയത് നാണ്യവിളകൾക്കുവേണ്ടി ഉപയോഗപ്പെടുത്തിയാൽ സമ്പദ്ഘടനയ്ക്കു തന്നെ മാറ്റമുണ്ടാവുമെന്നും നാണ്യവിളകളെ കൂടി മുന്നിൽ കണ്ടുകൊണ്ടുള്ള വിതരണ രീതി കൊണ്ടുവരണമെന്നും ഇക്കാര്യം ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

തവണക്കല്ല് ഷട്ടറിന്റെ മെയിന്റനൻസ് വർക്കിനുള്ള തുക പാസ്സായിട്ടുണ്ടെന്നും 30 ലക്ഷം രൂപയുടെ ഭരണാനുമതി കിട്ടിയെന്നും ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും ഡാമിന്റെ ടെണ്ടർ വർക്ക് ഏതുവരെയായെന്നും ടെണ്ടർ അപ്രൂവൽ കൊടുക്കേണ്ടതാരാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മൂലത്തറ ഡാം വേൾഡ് ബാങ്കിന്റെ ഡ്രിപ്പ് എന്ന സ്കീമിൽ ടെണ്ടർ ചെയ്ത് സെൻട്രൽ വാട്ടർ കമ്മീഷന് അയച്ചിട്ടുണ്ടെന്നും രണ്ടാഴ്ചയ്ക്കുള്ളിൽ അപ്രൂവൽ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും 25 കോടി രൂപയിൽ കൂടുതലുള്ള പ്രോജക്ടാണെങ്കിൽ ടെണ്ടറിന്റെ അപ്രൂവലിനായി സി.ഡബ്ല്യു.സി.(Central Water Commission)യുടെ അനുമതി ആവശ്യമാണെന്നും ഇത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി.

4702-00-101-80—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്—ഉപരിതല ജലം—ചെറുകിട ജലസേചന വിഭാഗം മുഖേനയുള്ള തലയാർ കനാലിന്റെ ഇടത് വലത് പാർശ്വങ്ങളുടെ നവീകരണം</u>

ചെറുകിട ജലസേചന വിഭാഗം മുഖേനയുള്ള തലയാർ കനാലിന്റെ ഇടത് വലത് പാർശ്വങ്ങളുടെ നവീകരണത്തിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ആരംഭിച്ച ടെണ്ടർ നടപടികൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4702-00-101-79—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്—ഉപരിതലജലം—ചെക്ക്ഡാമുകളും റെഗുലേറ്ററുകളും

സംസ്ഥാനത്ത് 700 ഓളം തടയണകൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനുള്ള 400 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4702-00-101-78—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ്—ഉപരിതലജലം—ഒരു പഞ്ചായത്തിൽ ഒരു കുളം

2012-13, 2013-14 എന്നീ വർഷങ്ങളിൽ 139.48 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിലെ പുരോഗമിക്കുന്ന ചില പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4702-00-101-73—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ്—ഉപരിതലജലം—ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനഃസ്ഥാപനം

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുന:സ്ഥാപനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 5.72 കോടി രൂപ അപര്യാപ്തമായതിനാൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പണികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 5.72 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി (ജലനിധി)

ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണാനുമതിയും സാങ്കേതികാനുമതിയും കൊടുത്ത പദ്ധതികളുടെ വർക്കുകൾ തുടങ്ങാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുകയും പുതിയ പദ്ധതികൾ ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് ആരായുകയും ചെയ്തു.

ജലനിധിയിൽ പുതിയ പദ്ധതികൾ ഉൾപ്പെടുത്താനും ജലനിധി പദ്ധതിയിൽ പുതിയ പഞ്ചായത്തുകൾ ഏറ്റെടുക്കാനും നിർവ്വാഹമില്ലെന്നും ഈ വർഷം 48 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും കഴിഞ്ഞവർഷം തുടങ്ങിയ പദ്ധതികൾ പൂർത്തിയാക്കുക എന്നതാണ് ഡ്രിങ്കിംഗ് വാട്ടർ സ്കീമിൽ ഗവൺമെൻറ് ഓഫ് ഇന്ത്യ പറഞ്ഞിരിക്കുന്നതെന്നും

അടുത്ത ഓപ്ഷൻ ഫ്ലൂറൈഡ് അഫക്ടഡായിട്ടുള്ള പഞ്ചായത്തുകൾ ഏറ്റെടുക്കുക എന്നതാണെന്നും അതാത് പ്രദേശങ്ങളിലെ എം.പി.മാർ തെരഞ്ഞെടുക്കുന്ന പഞ്ചായത്താണെങ്കിൽ ഈ പ്രോജക്റ്റിൽ ഉൾപ്പെടുത്താമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവം) സമിതിയെ അറിയിച്ചു.

2215—ശുദ്ധജല വിതരണവും ശുചീകരണവും

2215-01-190-99(19) 31—ശുദ്ധജല വിതരണവും ശുചീകരണവും—ശുദ്ധജല വിതരണം—പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം—കേരളാ ജല അതോറിറ്റിക്കുള്ള സഹായധനം —സഹായധനം—ശമ്പളം

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കടിവെള്ള പദ്ധതിക്കായി നടപ്പ് സാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുള്ള 14520.77 ലക്ഷം രൂപ അര്യാപ്തമായതിനാൽ ഈ പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആൻറ് മെയിൻറനൻസ്) ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 11633.56 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2215-01-190-99(19)-36—ശുദ്ധജല വിതരണവും ശുചീകരണവും—ശുദ്ധജലവിതരണം—പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം—കേരളാ ജല അതോറിറ്റിയ്ക്കുള്ള സഹായധനം—സഹായധനം—ശമ്പളേതരം

കേരള ജലഅതോറിറ്റിയ്ക്കുള്ള പദ്ധതിയേതര സഹായമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10646.73 ലക്ഷം രൂപ അപര്യാപ്തമായതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആൻറ് മെയിൻറനൻസ്) ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 9401.47 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2215-01-190-96—ശുദ്ധജല വിതരണവും ശുചീകരണവും—ശുദ്ധജല വിതരണം—പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം—കുപ്പിവെള്ള നിർമ്മാണ യൂണിറ്റ്

കേരള വാട്ടർ അതോറിറ്റി കുപ്പിവെള്ള നിർമ്മാണ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള 100 ലക്ഷം രൂപ അപര്യാപ്തമായതിനാൽ വളരെയധികം സാമ്പത്തിക നേട്ടവും കുപ്പിവെള്ളത്തിന്റെ വിലനിയന്ത്രണവും സാധ്യമാവുന്ന ഈ പദ്ധതിയ്ക്കായി അരുവിക്കരയിൽ

7500 എൽ.പി.എച്ച്. കപ്പാസിറ്റി പ്ലാൻറ് സ്ഥാപിക്കാനും അതിലേക്കയുള്ള മെക്കാനിക്കൽ, ഇലക്ട്രിക്കൽ യന്ത്രസാമഗ്രികൾ, കെട്ടിടങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും പ്രസ്തുത പ്രവൃത്തികൾ ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതിനും ഈ ശീർഷകത്തിൽ 1054 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് അരുവിക്കരയിൽ സ്ഥാപിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ഇതു സംബന്ധിച്ച പ്രോജക്ട് ഇതുവരെ ആരംഭിച്ചിട്ടില്ലെന്നും പ്രസ്തുത പ്രോജക്ട് ജലവിഭവ വകുപ്പിന്റെ കീഴിലാണ് വരുന്നതെന്നും തൊടുപുഴയിൽ പ്രവർത്തിക്കുന്ന കിഡ്കോ (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ) എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ 'ഹില്ലി അക്വാ' എന്ന പേരിൽ കുപ്പിവെള്ളം വിപണിയിൽ ഇറക്കുന്നുണ്ടെന്നും അതുകൂടാതെയാണ് വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ അരുവിക്കരയിലെ ട്രീറ്റ്മെന്റ് പ്ലാന്റ് ഉപയോഗിച്ച് കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ പോകുന്നതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

കുപ്പിവെള്ള നിർമ്മാണ പദ്ധതിയ്ക്കായി 11.54 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ബിൽഡിംഗ് വർക്കുകൾ ജനുവരി മാസം പൂർത്തിയാകുമെന്നും ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കി ഇലക്ട്രിക്കൽ ലൈസൻസ് കിട്ടിക്കഴിഞ്ഞാൽ അത് പ്രവർത്തനക്ഷമമാകുമെന്നും മാർച്ച് മാസത്തോടെ വർക്കുകൾ പൂർത്തിയാകുമെന്നും ലൈസൻസ് സംബന്ധിച്ച കാര്യങ്ങൾക്ക് കുറച്ചു താമസമുണ്ടാകുമെന്നും അതിനുള്ള ശ്രമം നടക്കുന്നുണ്ടെന്നും കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ (സി.ആർ.) സമിതിയെ അറിയിച്ചു.

അരുവിക്കര ട്രീറ്റ്മെന്റ് പ്ലാന്റാണ് ഇതിലേക്കായി ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഒരു ദിവസത്തെ പ്രൊഡക്ഷൻ 7200 lr ആണ് ഉദ്ദേശിക്കുന്നതെന്നും ഒരു ബോട്ടിലിനുവരുന്ന ചെലവ് അഞ്ചു രൂപയാണെന്നും കുറഞ്ഞത് മുപ്പത്തിയഞ്ച് ശതമാനം തുകയെങ്കിലും കടക്കാരന് കൊടുത്താൽ മാത്രമേ ആ കടയിൽ വച്ച് കുപ്പിവെള്ളം വിൽക്കുകയുള്ളൂവെന്നും കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകൾ, ജില്ലാ-താലൂക്കാശുപത്രികൾ എന്നിവിടങ്ങളിൽക്കൂടി കുപ്പിവെള്ളത്തിന്റെ വില്പന വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുവെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു

അരുവിക്കര പ്ലാന്റിലെ കുപ്പിവെള്ളം വിപണിയിൽ വന്നുകഴിഞ്ഞാൽ ആയത് കുടുംബശ്രീ വഴി വിതരണം ചെയ്തും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെല്ലാം കിയോസ്കുകൾ സ്ഥാപിച്ചും വ്യാപകമാക്കാനാകുമെന്നും ഇതിന്റെ മാർക്കറ്റ് സ്റ്റാറ്റജി കൂടി വകുപ്പ് പരിശോധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

2215-02-190-99(02)-31—ശുദ്ധജല വിതരണവും ശുചീകരണവും—മാലിന്യ നിവാരണവും ശുചീകരണവും—പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം—കേരളവാട്ടർ അതോറിറ്റിക്കുള്ള സഹായധനം—സഹായധനം—ശമ്പളം

പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1441.43 ലക്ഷം രൂപ അപര്യാപ്തമായതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിൻറനൻസ്) ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതിച്ചാർജ്ജ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1154.83 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2215-02-190-99(02)-36—ശുദ്ധജല വിതരണവും ശുചീകരണവും—മാലിന്യനിവാരണവും ശുചീകരണവും—പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള ധനസഹായം—കേരള ജല അതോറിട്ടിക്കുള്ള സഹായധനം—സഹായധനം—ശമ്പളേതരം

പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1046.82 ലക്ഷം രൂപ അപര്യാപ്തമായതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്) ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 924.39 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4215-01-190-96—ജലവിതരണം—പദ്ധതിയേതരം—പലിശയും പിഴപലിശയും

വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപലിശയും എഴുതിത്തള്ളുവാനും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ അതോറിറ്റിയുടെ ഓഹരി മൂലധനമാക്കി മാറ്റുവാനും 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത തുക 2006-2007 സാമ്പത്തികവർഷം വരെയുള്ളതാണ്. 2007-2008 മുതൽ 2015-2016 വർഷം വരെ സർക്കാർ വായ്പാ തുകയായ 2242.21 കോടി രൂപയും അതിന്റെ പലിശ 1450.11 കോടി രൂപയും ഉൾപ്പെടെ നാളിതുവരെയുള്ള സർക്കാർ വായ്പ തുകയായ 2955.44 കോടി രൂപയും മൂലധനമാക്കി മാറ്റുന്നതിനും പലിശ/പിഴപലിശ ഇനത്തിൽ 2454.95 കോടി രൂപ എഴുതിത്തള്ളുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## കുട്ടനാട് ശുദ്ധജല വിതരണ പദ്ധതി

13-ാം ധനകാര്യ കമ്മീഷനിൽ അനുവദിച്ച 70 കോടി രൂപയുള്ള കുട്ടനാട് ശുദ്ധജല വിതരണ പദ്ധതിയിൽ ട്രാൻസ്മിഷൻ മെയിനുകളുടെയും വിതരണ ശൃംഖലയുടെയും പ്രവൃത്തികൾ മാത്രമേ ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളൂ. 14 എം.എൽ.റ്റി.ശേഷിയുള്ള നീരേറ്റുപുറം ജല ശുദ്ധീകരണ ശാലയുണ്ടെങ്കിലും അധികമായി 21 എം.എൽ.റ്റി.യുടെ ആവശ്യകത ഉണ്ട്. കൂടാതെ കാലപ്പഴക്കമുള്ള വിതരണ ശൃംഖല മാറ്റിസ്ഥാപിക്കാനും പാഴായിപ്പോകുന്ന ജലനഷ്ടം ഒഴിവാക്കാനും, ശുദ്ധജലം ലഭ്യമാക്കുന്നതിനായി 13 ജലസംഭരണികൾ നിർമ്മിക്കുവാനും, വിതരണ ശൃംഖലകൾ പൂർത്തീകരിക്കുവാനുമായി 195 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## കേന്ദ്ര സഹായത്തോടുകൂടിയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ ത്വരിത ഗതിയിലുള്ള പൂർത്തീകരണം

കേന്ദ്ര സഹായത്തോടുകൂടിയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയിലെ വൈദ്യുതീകരണം, പമ്പ് സെറ്റുകൾ സ്ഥാപിക്കൽ, വിതരണ ശൃംഖല സ്ഥാപിക്കൽ മുതലായ ഘടകങ്ങൾ പൂർത്തീകരിക്കുന്നതിനായി പ്രത്യേക ഇൻവെസ്റ്റ്മെന്റ് ഫണ്ടിൽ പുതിയ ശീർഷകം ഉൾപ്പെടുത്തി 173 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

മഴക്കാലത്ത് ലോറികളിൽ വെള്ളം എത്തിക്കുന്നതിൽ വലിയ ക്രമക്കേട് നടക്കുന്നുണ്ടെന്നും ഇതിൽ ഫ്ലൂറൈഡ്, സോഡിയം പോലുള്ള കെമിക്കലുകൾ ധാരാളമായി ചേർത്തിട്ടുണ്ടെന്നും ഇക്കാര്യത്തിൽ പഠനം നടത്തി പ്രോജക്ട് തയ്യാറാക്കണമെന്നും ലോറിയിൽ വെള്ളം കൊണ്ടുവരുന്നതിന് അനാവശ്യമായി പണം ചെലവഴിക്കുന്നത് ഒഴിവാക്കുന്ന കാര്യം വകുപ്പ് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ചിറ്റൂർ ഭാഗങ്ങളിൽ ആവശ്യാനുസരണം കുടിവെള്ളം ലഭിക്കുന്നില്ലെന്നും യാതൊരു പഠനവും നടത്താതെയാണ് പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നതെന്നും കുന്നംകാട്ടുപതിയിൽ നിന്നും വെള്ളം എടുക്കുന്നത് ചെറിയ പൈപ്പുകൾ വഴിയായതിനാൽ കൊഴിഞ്ഞാംപാറ, വടകരപ്പതി, എരുത്തേൽപതി എന്നീ പഞ്ചായത്തുകളിൽ വേണ്ടത്ര വെള്ളം ലഭിക്കുന്നില്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

കൊഴിഞ്ഞാംപാറ, വടകരപ്പതി, എരുത്തേൽപതി പഞ്ചായത്തുകൾക്ക് മൊത്ത ത്തിൽ ഒരു പ്ലാന്റാണുള്ളതെന്നും കൊഴിഞ്ഞാംപാറയിലാണ് പ്ലാന്റുള്ളതെന്നും കുന്നംകാട്ടുപതിയിൽ നിന്നാണ് വെള്ളം പമ്പ് ചെയ്യുന്നതെന്നും കിൻഫ്രയുടെ

ഇൻഡസ്ട്രിയൽ സ്കീം പ്ലാന്റിൽ നിന്നും വടകരപ്പതിയെ ഒഴിവാക്കി കൊഴിഞ്ഞാംപാറയും എരുത്തേൽപതിക്കും മാത്രമായി സ്കീം തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമായ പഠനം നടത്തി പ്രൊപ്പോസൽ തയ്യാറാക്കാമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

റാ വാട്ടർ പമ്പിംഗ് മെയിനിൽ നിന്നോ പ്ലാന്റിൽ നിന്നോ വരുന്ന മെയിൻ ട്രാൻസ്മിഷൻ ലൈനിലെ എ.സി.പ്രമോ പൈപ്പുകൾ പലസ്ഥലങ്ങളിലും പൊട്ടുകയും അതിന്റെ ഫലമായി രണ്ടുമൂന്ന് പഞ്ചായത്തുകളിലെങ്കിലും ഒരുമിച്ച് വെള്ളം മുടങ്ങുന്ന സാഹചര്യം ഉണ്ടാകാറുണ്ടെന്നും അതിനാൽ ഫണ്ട് പരിമിതമാണെങ്കിലും എ.സി. പ്രമോ പൈപ്പുകൾ മാറ്റുന്നതിനാണ് മുൻഗണന നൽകുന്നതെന്നും 300 എം.എം.എ.സി. റാ വാട്ടർ പമ്പിംഗ് മെയിൻ മാറ്റുന്നതിനും 350 എം.എം.ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടെന്നും അതിനായി 360 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും പല സ്ഥലങ്ങളിലും ടാങ്കുകൾ സ്ഥാപിച്ചെങ്കിലും ഡിസ്ട്രിബ്യൂഷൻ ഡിസൈൻ തെറ്റായതിനാൽ വെള്ളമെത്തുന്നില്ലെന്നും ഇത്തരം പ്രശ്നങ്ങളെപ്പറ്റി വിശദമായി പഠനം നടത്തിയശേഷം പരിഹരിക്കുന്നതാണെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

പാലക്കാട് ജില്ലയിലെ നാല് പഞ്ചായത്തുകളിലേക്ക് പ്ലാന്റിൽ നിന്നോ ട്രാൻസ്മിഷൻ മെയിനിൽ നിന്നോ നേരിട്ട് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്നും 80 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി പണി ആരംഭിക്കുന്നതാണെന്നും പദ്ധതി നടപ്പാക്കുന്നതിനുമുമ്പ് ശരിയായ രീതിയിലുള്ള പഠനം നടത്തിയാൽ ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള പ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കുമെന്നും മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു.

കാസർഗോഡ് ജില്ലയിലെ ചെങ്കള, മുളിയാർ, മധുർ, മൊഗ്രാൽ-പുത്തൂർ എന്നീ പഞ്ചായത്തുകൾക്കായുള്ള പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥലവുമായി ബന്ധപ്പെട്ട് തർക്കം നിലനിന്നിരുന്നുവെന്നും പ്രാദേശിക പ്രശ്നങ്ങളുടെ ഫലമായി ജോലി തുടങ്ങാൻ പറ്റാത്ത അവസ്ഥയാണുള്ളതെന്നും പ്രസ്തുത ജോലി നിർബന്ധമായും പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വർക്ക് ആരംഭിക്കാൻ അവർ മുന്നോട്ടുവന്നിട്ടുണ്ടെന്നും കേരള വാട്ടർ അതോറിറ്റിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

കോഴിക്കോട് ജില്ലയിലെ മാവൂർ റോഡ്, തൃക്കാക്കര-കളമശ്ശേരി അതിർത്തി മുതൽ പാലാരിവട്ടം വരെയുള്ള പൈപ്പ്ലൈൻ റോഡ് എന്നിവ അടിയന്തരമായി നന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും എൻ.എച്ച്. ക്രോസിംഗിനെ സംബന്ധിച്ചുമുള്ള വിശദാംശം സമിതി ആരാഞ്ഞു.

174 എം.എൽ.ഡി. കുറ്റ്യാടി പ്രോജക്ടിൽ വരുന്ന ഒരു സ്കീമാണ് ജപ്പാൻ കുടിവെള്ള പദ്ധതിയെന്നും ടൗണുകളിലുള്ള പഞ്ചായത്തുകളിലെ ടാങ്കുകളിൽ വെള്ളം എത്തിക്കുന്ന ഒരു പദ്ധതിയാണിതെന്നും എന്നാൽ കോൺട്രാക്ടർമാർ വർക്കുകൾ സമയത്ത് ചെയ്യാത്തതുകൊണ്ട് ഈ പദ്ധതി പരാജയപ്പെട്ടിരിക്കുകയാണെന്നും വാട്ടർ അതോറിറ്റി ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. എൻ.എച്ച്. ക്രോസിംഗ് ചെയ്താൽ മാത്രം മതിയെന്നും എന്നാൽ പി.ഡബ്ല്യു.ഡി.യുടെ അനുമതി കിട്ടിയിട്ടില്ലെന്നും ആയത് ആഗസ്റ്റ് 15-നുശേഷം പരിഗണിക്കാമെന്ന് പി.ഡബ്ല്യു.ഡി. അറിയിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

എറണാകുളം ജില്ലയിലെ തൃക്കാക്കരയടക്കമുള്ള പ്രദേശങ്ങൾക്കുള്ള കളമശ്ശേരി ആസ്ഥാനമായുള്ള കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം സമിതി ആരാഞ്ഞു.

പ്രസ്തുത കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിന്റെ ആദ്യ ഘട്ടത്തിനായുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടെന്നും പ്ലാന്റിന്റെ പണി ഫിക്സഡ് ലാന്റിൽ ലൊക്കേറ്റ് ചെയ്ത് 180 എം.എൽ.ഡി. വെള്ളം ട്രാൻസ്ഫർ ചെയ്ത് ലഭിക്കുകയാണെങ്കിൽ തൊട്ടടുത്ത മാസം ടെണ്ടർ വിളിക്കാവുന്നതാണെന്നും ആദ്യഘട്ട പണികൾക്കായി 260 കോടി രൂപ ആവശ്യമാണെന്നും ആകെ 460 കോടി രൂപയുടെ പ്രോജക്ടാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പെരിയാർ മുതൽ എറണാകുളം വരെയുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ റോഡ് ചില സ്ഥലങ്ങളിൽ കയ്യേറിയത് സംബന്ധിച്ച് അടിയന്തരമായി പഠനം നടത്തി നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

വെള്ളത്തിന് ദൗർലഭ്യമുണ്ടാകുമ്പോൾ ധാരാളമായി കൊണ്ടുവന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി കൊടുക്കുന്ന സംവിധാനത്തെപ്പറ്റി ആലോചിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുന്നതും ആയതിനുള്ള ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതും ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

സമിതിയോഗം വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.

## 19-8-2016-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III 2016 ആഗസ്റ്റ് 19-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IVA' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. കെ. കൃഷ്ണൻകുട്ടി, എം.എൽ.എ.
2. ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.
3. ശ്രീ. പി. ടി. തോമസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവി അമ്മ എസ്., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

സമിതി, 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

**കുട്ടനാട് ശുദ്ധജല വിതരണ പദ്ധതി** (ശിപാർശ നമ്പർ 7)

ഫ്ലൂറൈഡിന്റെ അംശം കൂടുതലുള്ള പഞ്ചായത്തുകളിൽ പുതിയ പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിച്ച് വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടുവാൻ സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 12-ൽ ' 25 ലക്ഷം രൂപ ' എന്നതിനു പകരം ' 1 കോടി രൂപ ' അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 18-ൽ '10 ലക്ഷം രൂപ' എന്നതിനു പകരം '25 ലക്ഷം രൂപ ' അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു

ഖണ്ഡിക 21-ൽ '25 കോടി' എന്നതിനുപകരം 'നബാർഡിൻെറ സഹായം കൂടുതൽ നേടിയെടുക്കുന്നതിനായി' 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു.

<u>പ്രത്യേക ശിപാർശ</u>

4702-00-101-79—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്—ഉപരിതല ജലം—ചെക്ക്ഡാമുകളും റെഗുലേറ്ററുകളും</u>

ചെക്ക്ഡാമുകളുടെ സംരക്ഷണത്തിനായി പ്രത്യേകമായി ശീർഷകമില്ലെങ്കിൽ പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 31-ൽ '5 കോടി രൂപ ' എന്നതിനുപകരം '10 കോടി രൂപ' അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു

ഖണ്ഡിക 40-ൽ '1.5 കോടി രൂപ' എന്നതിനു പകരം '10 കോടി രൂപ' അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു

ഖണ്ഡിക 45-ൽ '3.65 കോടി രൂപ' എന്നതിനു പകരം '4 കോടി രൂപ' അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു

<u>പ്രത്യേക ശിപാർശ</u>

2701-80-005-95—<u>ജനറൽ—സർവ്വേയും ഇൻവെസ്റ്റിഗേഷനും ജോയിൻറ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്</u>

ജോയിൻറ് വാട്ടർ റെഗുലേഷൻ ഡിവിഷനിൽ നിലവിലുള്ള മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ലാത്തതിനാൽ പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനായി പുതിയ ശീർഷകം ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 70-ൽ '2 കോടി രൂപ' എന്നതിനു പകരം '3 കോടി രൂപ' അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു

ഖണ്ഡിക 76-ൽ '3 കോടി രൂപ ' എന്നതിനുപകരം '5 കോടി രൂപ' അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 80-ൽ '5 കോടി രൂപ' എന്നതിനുപകരം '10 കോടി രൂപ' അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നുവെന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.45-ന് പിരിഞ്ഞു.

## 20-9-2016-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2016 സെപ്റ്റംബർ 20-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ, സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എ. എം ആരിഫ്, എം. എൽ. എ.
2. ശ്രീ. വി. ടി. ബൽറാം, എം. എൽ. എ.
3. ശ്രീ. ജി. എസ്. ജയലാൽ, എം. എൽ. എ.
4. ശ്രീ. കെ. കൃഷ്ണൻകുട്ടി, എം. എൽ. എ.
5. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.
6. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവി അമ്മ, എസ്., ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി കല, എൻ. എൽ., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി താര സാമുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
4. ശ്രീ. എസ്. സുരേഷ് ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീ. ബി. സുരേന്ദ്രൻപിള്ള, ജോയിന്റ് സെക്രട്ടറി, ജലവിഭവ (ISWC)വകുപ്പ്
6. ശ്രീ. കെ. എസ്. മധു, ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്
7. ശ്രീ. കെ. എച്ച്. ഷംസുദ്ദീൻ, ഡയറക്ടർ, ഐ. ഡി. ആർ. ബി.

8. ശ്രീ. കെ. കെ. രമേശൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I), കോഴിക്കോട്

9. ശ്രീമതി രമ, കെ. പി., ജോയിന്റ് ഡയറക്ടർ, ഐ. ഡി. ആർ. ബി.

10. ശ്രീ. രാജേഷ്, സി. ടി., സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

11. ശ്രീ. വി. എസ്. ഷാജി, സൂപ്രണ്ടിംഗ് എഞ്ചിനീയർ & ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ജലവിഭവ വകുപ്പ്

12. ശ്രീമതി റോസമ്മ ജോൺ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, O/o ചീഫ് എഞ്ചിനീയർ (I & A), തിരുവനന്തപുരം

13. ശ്രീമതി ശശികല ഗോപിനാഥൻ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ISW

14. ശ്രീ. ഓമനക്കുട്ടൻ, ബി., എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ. ഡി. എസ്. എ.

15. ശ്രീ. സി. എ. ജമാലുദ്ദീൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചിറ്റൂർ

16. ശ്രീ. പ്രിജേഷ്, ആർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ പ്ലാനിംഗ്, O/o ചീഫ് എഞ്ചിനീയർ, (I & A), തിരുവനന്തപുരം

17. ശ്രീ. ശ്യാം, റ്റി. പി., ഡി. ഡി., O/o ചീഫ് എഞ്ചിനീയർ, ISW

18. ശ്രീ. ശിവകുമാർ വി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, O/o ചീഫ് എഞ്ചിനീയർ ISW

19. ശ്രീമതി ഷീബ, ജി. ആർ., ഫിനാൻസ് ഓഫീസർ, ഐ. ഡി. ആർ. ബി.

20. ശ്രീ. ജോസ് ജെയിംസ്, സൂപ്രണ്ടിംഗ് ഹൈഡ്രോളജിസ്റ്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

21. ശ്രീ. കെ. ബി. മനോഹരൻ, സീനിയർ ഫിനാൻസ് ഓഫീസർ, പ്രോജക്ട്-II, തിരുവനന്തപുരം.

സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെയും 21-1-2014-ലെ യോഗനടപടിക്കുറിപ്പിലെയും (ചാലക്കുടിപ്പുഴയിലെ മലിനീകരണം സംബന്ധിച്ച്) ശിപാർശകളിന്മേൽ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികകളും കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) റൂൾസ് 2015 കരട് ചട്ടം എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തു:

1. **കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) റൂൾസ് 2015 കരട് ചട്ടം അംഗീകരിക്കുന്നത് സംബന്ധിച്ച്**

(ഫയൽ നമ്പർ 531/സബ്.സി.എ 1/16/നി.സെ.)

കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) റൂൾസ് 2015 കരട് ചട്ടം താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിച്ചു.

In the notification, "G.O. (P) No. ......../2015/WRD Dated, Thiruvananthapuram, ........$^{th}$ May, 2015 .......$^{th}$ Edavam, 1190"the year written as "2015" may be changed as "2016" and words and figures "Edavam 1190" may be deleted.

In the Preamble, "SRO No. ......../2015." may be changed as "SRO No. ......./2016."

In Rule 1, "Rules, 2015" may be written as "Rules, 2016".

2. "Amendment of the rules"may be written as 2. "Amendment of the Rules".

In (a) a semi colon may be inserted after the words "......appended to these Rules." at the end of clause(e)

In (b) "3. Regulation of abstraction of water from water courses.— (1) Every application for .......... for other purpose." may be arranged as "3. Regulation of abstraction of water from water courses.—(1) Every application for .......... for other purpose."

In (d) the following changes may be made

(i) 5 B. Appeal, may be written in italics.

(ii) In sub-rule (3) of the rule 5B a comma may be inserted instead of full stop after the words "....... each appeal" and the full stop, closed quotation mark and semicolon before the words "remitted in the ..... Head of Account" may be deleted and a full stop and semicolon may be inserted after the words "for other purpose" in the third line.

In (e) the following changes may be made

(i) In sub rule (4) (g) of Rule 6, the words "......periods/spells of the licence" may be written as "....... periods or spells of the licence."

(ii) In the last line of sub-rule (10) of Rule 6, a semicolon may be inserted after the words "....... conditions of the licence."

In (f) the following changes may be made

(i) "In rule 7",— may be written as "in rule 7,—".

(ii) After item (iii), a semicolon may be inserted instead of a comma after the words "....... the irrigation work falls."

(iii) After sub-rule(5) a semicolon may be inserted instead of a full stop after the words "....... date of its receipt".

In (g) in sub-rule 2, of Rule 12 after the words "....... irrigation cess" a semicolon may be inserted instead of full stop.

In (h) the following changes may be made

(i) "In rule 15,—" may be changed as "in rule 15,—"

(ii) In amendment (iii) "...... of sub-rule 10, which ever is later" may be written as "...... of sub-rule (10), which ever is later".

(iii) In amendment (iv), the full stops at the end of clauses(a) to (d) may be deleted and semicolons may be inserted.

In (i) the hyphen after the words "....... be exercised, under section—". may be deleted and the full stop after the words "Padashekaram Committee.". may be deleted and a semicolon may be inserted.

In (j) the following changes may be made

(i) At the end of sub-rule (1) of Rule 19 a full stop may be inserted after the words "........ for other purpose."

(ii) In sub-rule(3), the closed quotation marks at the end of clause (f) may be deleted.

(iii) In Rule 19 A, a full stop may be inserted at the end after the words "...... for other purpose."

(iv) In Rule 19 A, the hyphen in between sub-rules(3) (d) and (3) (e) may be deleted.

(v) In Rule 19 A sub-rule (4), the semicolon in the last line after the words "....... given in Schedule IV;" may be deleted and a full stop may be inserted.

(vi) In Rule 19 A sub-rule(6), the full stop after the words "...........made there under". may be deleted and a semicolon may be inserted.

In (k) in sub-rule(3), full stop after the words ".... for other purpose". may be deleted and a semicolon may be inserted.

In (i) the following changes may be made

(i) "After rule 22," may be written as "after rule 22,".

(ii) In rule 22 A sub-rule(3), the full stop after the words "....... found necessary.". may be deleted and a semicolon may be inserted.

In (m) the following changes may be made

(i) "In rule 23,-"may be written as "in rule 23,—"

(ii) In clause (a) (i), fullstop after the words and closed quotation mark "-expiry of his term." may be deleted and semicolon be inserted.

(iii) In clause (b) (5), the full stop after the words and closed quotation mark "..... in the letter.". may be deleted and a semicolon may be inserted.

In (n) in the last sentence of sub rule (2) after the words "....... time to time."a semicolon may be inserted.

In (o), the full stop in the last sentence after the words "...... shall be substituted," may be deleted and a semicolon may be inserted.

In (p), the full stop in the last sentence after the words "...... shall be inserted," may be deleted and a semicolon may be inserted.

'ജലസേചന പ്രവൃത്തികളുടെ ഗുണഫലം അനുഭവിക്കുന്നവരിൽ നിന്ന് ബെറ്റർമെന്റ് കോൺട്രിബ്യൂഷൻ ഈടാക്കണമെന്ന സമിതി നിർദ്ദേശം അംഗീകരിച്ച് ഭേദഗതി ഉൾക്കൊള്ളിച്ചിരിക്കുന്നു' എന്നതിന്റെ ഉദ്ദേശ്യമെന്താണെന്ന് സമിതി ആരായുകയും ഇത്തരത്തിൽ ബെറ്റർമെന്റ് കോൺട്രിബ്യൂഷൻ ഈടാക്കുമ്പോൾ പലവിധത്തിലുള്ള വ്യാഖ്യാനങ്ങളുണ്ടാകാൻ സാധ്യതയുണ്ടെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. 2010-ൽ നിലവിലുണ്ടായിരുന്ന സമിതിയുടെ നിർദ്ദേശപ്രകാരമാണ് റൂളിൽ ഈ ക്ലോസ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും മൂലനിയമത്തിലെ 46, 47 ഖണ്ഡികകളിലായി ബെറ്റർമെന്റ് കോൺട്രിബ്യൂഷൻ ഈടാക്കുന്നത് സംബന്ധിച്ച് പറഞ്ഞിരിക്കുന്നതുകൊണ്ട് നിയമത്തെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കുന്ന റൂളിലും അവ ഉൾപ്പെടുത്തേണ്ടതുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

**2. ചാലക്കുടിപ്പുഴയിലെ മലിനീകരണം—21-1-2014-ലെ യോഗ നിർദ്ദേശം—അനന്തര നടപടി സംബന്ധിച്ച്**

(ഫയൽ നമ്പർ 3948/സബ്.സി.എ 1/2013/നി.സെ.)

പ്രസ്തുത യോഗനടപടിക്കുറിപ്പിലെ സമിതി നിർദ്ദേശത്തിന്മേൽ ജലവിഭവ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രിക സമിതി അംഗീകരിച്ചു.

**3. താഴെപ്പറയുന്ന, സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പിൽനിന്നും ലഭ്യമായ നടപടി പത്രികകൾ സമിതി അംഗീകരിച്ചു**

(i) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16)

ഫയൽ നമ്പർ : 3365/സബ് സി എ 1/16/നി.സെ.

ഖണ്ഡിക : 16, 18, 36, 40, 41, 48, 61, 62, 64, 68.

(ii) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)

ഫയൽ നമ്പർ : 3449/സബ് സി എ 1/2014/നി.സെ.

ഖണ്ഡിക : 12, 15, 35, 41, 44, 45, 47, 48, 49, 50, 61, 68, 70, 71, 76

2701-80-005-95—<u>ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്</u>

ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിലെ ആവശ്യങ്ങൾക്ക് സമിതി അധികമായി ശിപാർശ ചെയ്ത തുക ചെലവഴിക്കാത്തതിനെ സംബന്ധിച്ചും ഗേജിംഗ് സ്റ്റേഷനുകളിൽ മതിയായ ഉദ്യോഗസ്ഥരെ നിയമിക്കാത്തതിനാൽ റീഡിംഗ് കൃത്യസമയത്ത് എടുക്കാൻ സാധിക്കാതെവരുകയും അതിലൂടെ സംസ്ഥാനത്തിനുണ്ടായ നഷ്ടത്തെ സംബന്ധിച്ചുമുള്ള വിവരങ്ങൾ സമിതി ആരാഞ്ഞു.

ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിലെ ഉദ്യോഗസ്ഥരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായാണ് തുക ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ ശമ്പളം നൽകുന്നതിന് പ്രതീക്ഷിച്ച അത്രയും തുക ആവശ്യമായി വന്നില്ലെന്നും ഇപ്പോൾ എല്ലാ ഗേജിംഗ് സ്റ്റേഷനുകളിലും ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്നും ലഭ്യമായ വിവരം അനുസരിച്ച് 2013-ലാണ് 7.25 ടി. എം. സി. വെള്ളം സംസ്ഥാനത്തിന് ലഭിയ്ക്കാതെ വന്നതെന്നും കഴിഞ്ഞ 5 വർഷമായി നമുക്കാവശ്യമായ വെള്ളം ലഭിക്കുന്നുണ്ടെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

ഷോളയാറിൽ നിന്ന് 2.5 ടി. എം. സി. ജലം എടുക്കാനാണ് അനുവാദം നൽകിയിരുന്നതെങ്കിലും 6 ടി. എം. സി. ജലം കൊണ്ടു പോകുന്നുണ്ടെന്നും ഇതൊന്നും കണക്കാക്കാൻ ഉദ്യോഗസ്ഥരില്ലെന്നും 7.25 ടി. എം. സി. ജലവും അനിയന്ത്രിത ജലവും ഉപയോഗിക്കാനുള്ള അധികാരം സംസ്ഥാനത്തിനുണ്ടെന്നും കാവേരി ട്രൈബ്യൂണൽ റിപ്പോർട്ട് പ്രകാരം 30 ടി. എം. സി. ജലം പറമ്പിക്കുളം കനാലിൽ നിന്ന് തമിഴ്നാട് എടുക്കുന്നുണ്ടെന്നും കരാർ പ്രകാരം 30 വർഷം കഴിഞ്ഞാൽ അവലോകനം നടത്തേണ്ടതാണെന്നും എന്നാൽ 58 വർഷം കഴിഞ്ഞിട്ടും ആയത് ചെയ്തിട്ടില്ലെന്നും ഓരോ പോയിന്റിലും നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ സർക്കാരിന് റിപ്പോർട്ട് നൽകുന്നില്ലെന്നും എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അവ കൃത്യമായും ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിൽ ഉദ്യോഗസ്ഥർ ഉന്നയിക്കണമെന്നും എന്നാൽ മാത്രമേ ആർബിട്രേഷൻ പോലുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളുവെന്നും ഇവയെല്ലാം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ഒരു സംവിധാനം ഉണ്ടാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിലെ വെള്ളത്തിന്റെ ഒഴുക്കിനെ സംബന്ധിച്ച റിപ്പോർട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൃത്യമായി നൽകുന്നുണ്ടെന്നും ഗേജിംഗ് കൃത്യമായി നടത്തുന്നതിന് അവിടെ നിയമനം നടത്തിയിട്ടുണ്ടെന്നും വീഴ്ചകളുണ്ടെങ്കിൽ ആയത് തിരുത്താമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിൽ ഏതെങ്കിലും തസ്തികയിൽ നിയമനം നടത്താതെയുണ്ടെങ്കിൽ നിയമനം നടത്തി ആയതിന്റെ റിപ്പോർട്ട് കൃത്യമായി ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

7.25 ടി.എം.സി. ജലം കേരളത്തിന് ലഭിക്കുന്നുണ്ടോ, ഫെബ്രുവരി 1-നും സെപ്റ്റംബർ 1-നും ഷോളയാറിൽ വെള്ളം നിറയ്ക്കുന്നുണ്ടോ എന്നീ രണ്ടു കാര്യങ്ങളാണ് പ്രധാനമായും പരിശോധിക്കുന്നതെന്നും മണക്കടവ് വിയറിൽ നിന്നുമാണ് വെള്ളം കൊണ്ടുപോകുന്നതിന്റെ കണക്കെടുക്കുന്നതെന്നും രണ്ടു സംസ്ഥാനങ്ങളും ഒരുമിച്ചാണ്

വെള്ളത്തിന്റെ അളവ് പരിശോധിക്കേണ്ടതെന്നും കേരളത്തിന്റെ താല്പര്യം സംരക്ഷിക്കുക യാണ് പ്രധാനപ്പെട്ട കാര്യമെന്നും കേരളത്തിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാൻ ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവ വകുപ്പ്) വിശദീകരിച്ചു.

മേൽപ്പറഞ്ഞ കാര്യങ്ങൾ തുടർച്ചയായി മോണിറ്ററിംഗ് ചെയ്യുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് രണ്ടാഴ്ച കൂടുമ്പോൾ റീഡിംഗ് എടുക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു. സർക്കാർപതി പവർ ഹൗസിൽ നിന്നും തമിഴ്നാട് കൊണ്ടുപോകുന്ന വെള്ളം എവിടെനിന്നെല്ലാം ഉള്ളതാണെന്ന് വിശദമായിട്ട് അറിയില്ലെന്ന് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. തമിഴ്നാടിന് എവിടെ നിന്നൊക്കെ വെള്ളം എടുക്കാം, എത്ര വെള്ളം എടുക്കുന്നുണ്ട്, കൂടുതൽ വെള്ളം എടുക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളാണ് ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യേണ്ടതെന്നും മലയുടെ മുകളിൽ നിന്നും ഒഴുകിവരുന്ന, കേരളത്തിന് അവകാശപ്പെട്ട വെള്ളം കോണ്ടൂർ കനാലിലൂടെ തമിഴ്നാട് കൊണ്ടു പോവുകയാണെന്നും അതുമൂലം പ്രസ്തുത കനാലിൽ നിന്നും മാത്രം ഒരു വർഷം 4 ടി.എം.സി. വെള്ളം നഷ്ടം വരുന്നുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി ഇക്കാര്യങ്ങൾ ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിൽ ഉന്നയിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി.

സമിതി പരാമർശിച്ച വിഷയങ്ങൾ ഒഴിവാക്കുന്നതിന് നിലവിലുള്ള സംവിധാനം കുറെക്കൂടി മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവ വകുപ്പ്) സമിതിക്ക് ഉറപ്പ് നൽകി.

എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം ഷോളയാറിൽ നിന്ന് 2.5 ടി.എം.സി. വെള്ളം എടുക്കാനേ തമിഴ്നാടിന് അധികാരമുള്ളുവെന്നും എന്നാൽ അവർ 6 ടി.എം.സി. വെള്ളം എടുക്കുന്നുണ്ടെന്നും പറമ്പിക്കുളത്തേക്ക് വെള്ളം കൊണ്ടുപോകുന്ന ആദ്യ പവർഹൗസായ സർക്കാർപതിയിൽ നിന്നു മാത്രമേ വെള്ളം എടുക്കാൻ അവർക്ക് അധികാരമുള്ളുവെന്നും എന്നാൽ സ്പിൽവേയിൽക്കൂടി വരുന്ന വെള്ളവും തമിഴ്നാട് കൊണ്ടുപോകുന്നുണ്ടെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു.

കേരളത്തിന് ലഭിക്കുന്ന 30 ടി. എം. സി. ജലവും കേരളം ഉപയോഗിക്കുന്നുണ്ടെന്നും 21 ടി. എം. സി. കബനിയിലും 6 ടി. എം. സി. ഭവാനിയിലും 3 ടി. എം. സി പാമ്പാറിലുമായാണ് കേരളത്തിന് ലഭിക്കുന്നതെന്നും കബനിയിൽ നിന്നും ലഭിക്കുന്ന ജലത്തിൽ 15 ടി. എം. സി.യും ഉപയോഗിക്കുന്നുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവ വകുപ്പ്) സമിതിയെ അറിയിച്ചു.

മേൽപ്പറഞ്ഞവയ്ക്കായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിക്കണമെന്നും മോണിറ്റർ ചെയ്തശേഷം റിപ്പോർട്ട് മുഖ്യമന്ത്രിക്ക് നൽകണമെന്നും സർക്കാർപതിയിൽ ഉദ്യോഗസ്ഥരെ നിയമിക്കണമെന്നും തസ്തികകൾ ഒഴിഞ്ഞു കിടക്കാൻ പാടില്ലെന്നും സമിതി നിർദ്ദേശിച്ചു.

നിയമവശങ്ങൾ പരിശോധിക്കാനും സൂപ്പർവൈസ് ചെയ്യാനും വിദഗ്ധരെ നിയോഗിക്കുന്നതിനായി കേരളത്തിൽ ഒരു കർമ്മസേന രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

സർക്കാർപതി പവർഹൗസിൽ നിന്നും എടുക്കാവുന്ന അളവിനേക്കാൾ കൂടുതൽ വെള്ളം തമിഴ്നാട് എടുക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയമിച്ച് മോണിറ്റർ ചെയ്യാമെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി.

(iii) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-14)

ഫയൽ നമ്പർ : 2788/സബ് സി എ 1/13/നി.സെ.

ഖണ്ഡിക : 23, 36, 48, 55, 56, 57, 59, 60, 61, 78, 79, 81

(അംഗീകരിച്ചു)

(iv) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)

ഫയൽ നമ്പർ : 3056/സബ് സി എ 1/12/നി.സെ.

ഖണ്ഡിക : 34, 35, 37, 48, 49, 50, 51

<u>പൊതുശിപാർശ നമ്പർ 3</u>

അംഗീകരിച്ചു.

ഡാം സേഫ്റ്റി അതോറിറ്റിയിൽ നിലവിൽ നിയമിച്ച ഉദ്യോഗസ്ഥരെ സംബന്ധിച്ചും അതോറിറ്റി മുഖേന സംസ്ഥാനത്തിനുണ്ടായ പ്രയോജനത്തെ സംബന്ധിച്ചും 1970-ന് മുമ്പ് നിർമ്മിച്ച ഡാമുകളിൽ നടത്തിയ പരിശോധനയെ സംബന്ധിച്ചുമുള്ള വിശദാംശം സമിതി ആരാഞ്ഞു.

ചില ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടിയാണ് ഡാം സേഫ്റ്റി അതോറിറ്റി 2006-ൽ നിലവിൽ വന്നതെന്നും പ്രധാനമായും ഡാമുകൾ പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രധാനപ്പെട്ട ചുമതലയെന്നും ഉദ്യോഗസ്ഥരുടെ എണ്ണം സംബന്ധിച്ച് രേഖകൾ

പരിശോധിച്ചശേഷമേ കൃത്യമായി വിവരം നൽകാൻ കഴിയുകയുള്ളൂവെന്നും ശിരുവാണി ഡാമിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും പറമ്പിക്കുളം, പെരുവാരിപ്പള്ളം എന്നീ ഡാമുകളിൽ പരിശോധന നടത്തിയിട്ടില്ലെന്നും മുല്ലപ്പെരിയാർ ഡാം സന്ദർശിക്കാൻ പാടില്ലെന്ന് സുപ്രീം കോടതിയുടെ ഉത്തരവുണ്ടെന്നും മൂന്ന് ഡാമുകൾ ഒഴിച്ച് ബാക്കിയെല്ലാ ഡാമുകളും സന്ദർശിച്ച് പരിശോധന നടത്തിയിട്ടുണ്ടെന്നും പരിശോധന നടത്താത്ത ഡാമുകളുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും പ്രസ്തുത ഡാമുകൾ സന്ദർശിക്കുന്നതിന് നിയമസഭാ സമിതിക്ക് അധികാരമുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവവകുപ്പ്) സമിതിക്ക് മറുപടി നൽകി.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 3.30-ന് പിരിഞ്ഞു.

<u>26-10-2016-ലെ യോഗനടപടിക്കുറിപ്പ്</u>

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2016 ഒക്ടോബർ 26-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4.45-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.
2. ശ്രീ. കെ. കൃഷ്ണൻകുട്ടി, ,,
3. ശ്രീ. കെ. ജെ. മാക്സി, ,,
4. ശ്രീ. മോൻസ് ജോസഫ്, ,,
5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ,,
6. ശ്രീ. പി. ടി. എ. റഹീം, ,,
7. ശ്രീ. പി. ടി. തോമസ്, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവി അമ്മ, എസ്., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. കെ. എസ്. മധു, ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്
3. ശ്രീ. കെ. എച്ച്. ഷംസുദ്ദീൻ. ഡയറക്ടർ, ഐ. ഡി. ആർ. ബി.
4. ശ്രീമതി ഷെറിൻ നെറ്റോ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട്-II, തിരുവനന്തപുരം
5. ശ്രീ. വി. എസ്. പ്രദീപ്, എഫ്.എം. & സി.എ.ഒ., കേരള വാട്ടർ അതോറിറ്റി

6. ശ്രീ. ഒ. എം. ദിവാകരൻ, സീനിയർ ഫിനാൻസ് ഓഫീസർ (പ്രോജക്ട്-I), കോഴിക്കോട്

7. ശ്രീ. കെ. ബി. മനോഹരൻ, സീനിയർ ഫിനാൻസ് ഓഫീസർ, പ്രോജക്ട്-II, തിരുവനന്തപുരം

8. ശ്രീമതി ഷീബ, ജി. ആർ, ഫിനാൻസ് ഓഫീസർ, ഐ. ഡി. ആർ. ബി.

സമിതി, 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി പത്രികകളും പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരടും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## 1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16)

(ഫയൽ നമ്പർ 3365/സബ്സിഎ 1/2016/നി.സെ.)

ഖണ്ഡിക നമ്പർ 1-15, 17, 19-35, 37-39, 42-47, 49-60, 63, 65-67, 69-80. എന്നിവയിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പിൽനിന്നും ലഭ്യമായ നടപടി പത്രികകൾ സമിതി അംഗീകരിച്ചു.

## 2. 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

(ഫയൽ നമ്പർ 2307/സബ്സിഎ 1/2016/നി.സെ.)

പ്രസ്തുത പീരീയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു

## 3. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

(ഫയൽ നമ്പർ 3365/സബ്സിഎ 1/2016/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2015-16 സാമ്പത്തികവർഷത്തിൽ ധനാഭ്യർത്ഥന XXXVIII, XXIX, XX എന്നിവയുടെകീഴിൽ വരുന്ന ബഹുഭൂരിപക്ഷം ഹെഡുകൾക്കും സമിതി അധിക തുകയ്ക്ക് ശിപാർശ ചെയ്തുവെങ്കിലും പ്രസ്തുത സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ച തുകപോലും ചെലവഴിക്കാത്തതിനാൽ അധിക തുകയുടെ ആവശ്യം വന്നില്ല എന്നാണ്

ഇതു സംബന്ധിച്ച് വകുപ്പിൽനിന്നും ലഭ്യമായ നടപടി പത്രികയിൽ പരാമർശിച്ചിരിക്കുന്നതെന്നും ഇക്കാര്യം വളരെ ഗൗരവകരമായി കാണേണ്ട വിഷയമാണെന്നും സമിതി വിലയിരുത്തി. വരൾച്ചയെപ്പറ്റി വിശദമായി ചർച്ച ചെയ്തിട്ട് ആയതിനായി അനുവദിച്ച തുകപോലും ചെലവഴിക്കാത്തത് ഒരു തരത്തിലും അംഗീകരിക്കാനാവാത്തതാണെന്നും സമിതി അഭിപ്രായപ്പെട്ടു. അനുവദിച്ച തുക ചിലവഴിക്കാത്തതിനെ സംബന്ധിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തതിനെ സംബന്ധിച്ചും ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം ചേരുന്നതിന് സമിതി തീരുമാനിച്ചു.

സമിതി യോഗം വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.

30-11-2016-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2016 നവംബർ 30-ാം തീയതി ബുധനാഴ്ച രാവിലെ 11.30 ന് നിയമസഭാ സമുച്ചയത്തിലെ IV-എ സമ്മേളനഹാളിൽ ബഹു. സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എ. എം. ആരിഫ്, എം.എൽ.എ.
2. ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.
3. ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.
4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
5. ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.
6. ശ്രീ. പി. ടി. തോമസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി,
2. ശ്രീമതി രമാദേവി അമ്മ എസ്., ഡെപ്യൂട്ടി സെക്രട്ടറി,
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. ജെ കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവവകുപ്പ്
2. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവവകുപ്പ്
3. ശ്രീ. അജിത് പട്ടീൽ, മനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
4. ശ്രീമതി സി. കെ. രാധാമണി, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്, ആലപ്പുഴ
5. ശ്രീ. കെ. കെ. രമേശൻ, ചീഫ് എഞ്ചിനീയർ, (പ്രോജക്ട്-I), കോഴിക്കോട്
6. ശ്രീ. ജോഷി കെ. എ, ചീഫ് എഞ്ചിനീയർ, (പ്രോജക്ട്-II), തിരുവനന്തപുരം

7. ശ്രീ. മഹാനദേവൻ വി. കെ, ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. (ഐ & എ) ജലസേചനവകുപ്പ്

8. ശ്രീ. വി. എസ്. പ്രദീപ്, എഫ്.എം. & സി.എ.ഒ, കേരള വാട്ടർ അതോറിറ്റി

9. ശ്രീ. ജോസ് ജെയിംസ്, ഡയറക്ടർ (ഇൻ-ചാർജ്), ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

10. ശ്രീ. സുധീർ പി, ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്

11. ശ്രീ. ശ്യാം റ്റി. പി, ഡെപ്യൂട്ടി ഡയറക്ടർ, ISW, O/o ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.

12. ശ്രീ. ശിവകുമാർ വി. ഐ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (NC), ISW, O/o ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.

13. ശ്രീമതി ജയ പി. നായർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എം.വി.ഐ.പി, മൂവാറ്റുപുഴ

14. ശ്രീ. എ. ജി. ഗോപകുമാർ, സീനിയർ ഹൈഡ്രോളജിസ്റ്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്.

15. ശ്രീ. ഒ. എം. ദിവാകരൻ, സീനിയർ ഫിനാൻസ് ഓഫീസർ (പ്രോജക്റ്റ് I), കോഴിക്കോട്

16. ശ്രീ. കെ. ബി. മനോഹരൻ, സീനിയർ ഫിനാൻസ് ഓഫീസർ (പ്രോജക്റ്റ് II), തിരുവനന്തപുരം

17. ശ്രീമതി ഷീബ ജി. നായർ, ഫിനാൻസ് ഓഫീസർ, ഐ.ഡി.ആർ.ബി.

സമിതി, 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളിൽ, വിവിധ ശീർഷകങ്ങളിൽ, "ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാത്തതിനാൽ അധികതുക വേണ്ടി വന്നില്ല" എന്ന് രേഖപ്പെടുത്തിയത് സംബന്ധിച്ച് ജലവിഭവ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

ബഡ്ജറ്റിന്മേലുള്ള ധനാഭ്യർത്ഥനകൾ പരിശോധിക്കുന്ന സന്ദർഭങ്ങളിൽ സബ്ജക്ട് കമ്മിറ്റി അധിക തുകയ്ക്ക് ശിപാർശ ചെയ്യാറുണ്ടെങ്കിലും മിക്ക ശീർഷകങ്ങളിലും ബഡ്ജറ്റ് വിഹിതം പോലും ചെലവഴിക്കാറില്ലെന്ന വസ്തുത പരിശോധിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത യോഗം വിളിച്ച ചേർത്തിട്ടുള്ളതെന്ന് സമിതി അഭിപ്രായപ്പെട്ടു. ബഡ്ജറ്റിൽ വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടതനുസരിച്ച് താഴെപ്പറയുന്ന ശിപാർശകളിന്മേൽ അവയോടൊപ്പം ചേർത്തിട്ടുള്ള മറുപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് നൽകി.

2215-01-101-98—ശുദ്ധജല വിതരണം—നഗര ശുദ്ധജല വിതരണ പദ്ധതി—നിർമ്മാണത്തിലിരിക്കുന്ന നഗര ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായുള്ള പ്രത്യേക പദ്ധതി

വിഹിതം : 45,00,00,000 രൂപ (പ്ലാൻ)

നിർമ്മാണത്തിലിരിക്കുന്ന നഗര ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി വകയിരുത്തിയിരുന്ന 45 കോടി രൂപയിൽ 30.75 കോടി രൂപ മാത്രമാണ് പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ചതെന്നും ബാക്കി തുക ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ട് മോണിറ്ററിംഗ് സിസ്റ്റം (eLAMS) എന്ന അക്കൗണ്ടിലേയ്ക്ക് മാറ്റിയിരുന്നുവെന്നും ഒരു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്ന തുക പൂർണ്ണമായും റിലീസ് ചെയ്യുന്നതിന് ധനകാര്യവകുപ്പിന് സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ ബാക്കി തുക പ്രസ്തുത അക്കൗണ്ടിലേയ്ക്ക് മാറ്റുകയും ആവശ്യമെങ്കിൽ അടുത്ത വർഷം ആ തുക റിലീസ് ചെയ്തു നൽകുകയും ചെയ്യാറുണ്ടെന്നും ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

2215-01-102-81—ശുദ്ധജല വിതരണം—ഗ്രാമീണ ജല വിതരണ പദ്ധതി—ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

വിഹിതം : 65,60,00,000 രൂപ (പ്ലാൻ)

പ്രസ്തുത പദ്ധതിയ്ക്കായി 3.9 കോടി രൂപയാണ് അധികമായി ശിപാർശ ചെയ്തിരുന്നതെന്നും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 65.60 കോടി രൂപയിൽ 49.69 കോടി രൂപ കഴിഞ്ഞ സാമ്പത്തികവർഷം റിലീസ് ചെയ്തുകിട്ടിയെന്നും അതിൽ 35.61 കോടി രൂപ ചെലവാക്കിയിട്ടുണ്ടെന്നും eLAMS-ൽ വകയിരുത്തിയ 15.9 കോടി രൂപ ഈ സാമ്പത്തികവർഷം (2016-17) ലഭിച്ചിട്ടുണ്ടെന്നും മനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി അറിയിച്ചു

2215-01-190-99 (04)—ശുദ്ധജല വിതരണം—പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം—കേരള ജല അതോറിറ്റിക്കുള്ള സഹായധനം—നഗരജല വിതരണ സ്കീമുകൾ—നിലവിലുള്ള സ്കീമുകളുടെ മെച്ചപ്പെടുത്തലും പുനരുദ്ധാരണവും

വിഹിതം : 7,00,00,000 രൂപ (പ്ലാൻ)

പ്രസ്തുത പദ്ധതിയ്ക്കായി 3 കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടിരുന്നതെന്നും പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 7 കോടി രൂപയിൽ 5 കോടി രൂപ ലഭിക്കുകയും 3.29 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്നും 2 കോടി രൂപ eLAMS-ൽ വകയിരുത്തിയിട്ടുണ്ടെന്നും മനേജിംഗ് ഡയറക്ടർ, (കേരള വാട്ടർ അതോറിറ്റി) സമിതിയെ അറിയിച്ചു.

2215-01-190-99 (07)—ശുദ്ധജല വിതരണം—പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം—കേരള ജല അതോറിറ്റിക്കുള്ള സഹായധനം—മറ്റ് ഗ്രാമീണ ജല വിതരണ പദ്ധതികൾ—നിലവിലുള്ള സ്കീമുകൾ മെച്ചപ്പെടുത്തൽ

വിഹിതം : 7,00,00,000 രൂപ (പ്ലാൻ)

ഗ്രാമീണ ജലവിതരണ പദ്ധതികളിലെ നിലവിലുള്ള സ്കീമുകൾ മെച്ചപ്പെടുത്തുന്നതിന് 3 കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടിരുന്നതെന്നും ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 7 കോടി രൂപയിൽ നിന്നും 2.75 കോടി രൂപ റിലീസ് ചെയ്യുകയും 2.28 കോടി രൂപ ചെലവഴിക്കുകയും 4.25 കോടി രൂപ e-LAMS-ൽ വകയിരുത്തിയിട്ടുണ്ടെന്നും മനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു. e-LAMS-ൽ വകയിരുത്തുന്ന തുക പിൻവലിക്കുന്നത് എപ്രകാരമാണെന്ന് സമിതി ആരാഞ്ഞതിന് eLAMS-ൽ വകയിരുത്തുന്ന തുക ലഭിക്കുന്നതിന് തൊട്ടടുത്ത വർഷം ഓൺലൈനിലൂടെ റിക്വസ്റ്റ് നൽകിയാൽ ധനകാര്യവകുപ്പ് തുക റിലീസ് ചെയ്തു നൽകുമെന്നും എന്നാൽ റിലീസ് ചെയ്ത തുകയുടെ എക്സ്പെൻഡിച്ചർ സ്റ്റാറ്റസ് പരിശോധിച്ചതിനു ശേഷം മാത്രമേ eLAMS-ൽ വകയിരുത്തുന്ന തുക റിലീസ് ചെയ്തു നൽകാറുള്ളുവെന്നും ബഡ്ജറ്റ് അലോട്ട്മെന്റിനു പുറമെ കൂടുതൽ തുക ആവശ്യമായി വരികയാണെങ്കിൽ സപ്ലിമെന്ററി ഗ്രാന്റായി ആവശ്യപ്പെടാറുണ്ടെന്നും ഒരു സാമ്പത്തിക വർഷത്തെ ഒരു ഹെഡ്ഡിൽ e-LAMS-ൽ വകയിരുത്തിയിട്ടുള്ള തുക അടുത്ത സാമ്പത്തിക

വർഷത്തിൽ ആവശ്യപ്പെടുന്നതിനുള്ള അവകാശം ബന്ധപ്പെട്ട വകുപ്പിനുണ്ടെന്നും ആയത് പ്രസ്തുത സാമ്പത്തികവർഷത്തെ ബഡ്ജറ്റിന്റെ അഡീഷണൽ തുകയായി കണക്കാക്കാറില്ലെന്നും 2015-16 സാമ്പത്തിക വർഷത്തിൽ ചെയ്ത പ്രവൃത്തികൾക്ക് വിനിയോഗിച്ച തുകയുടെ ബില്ലുകൾ പ്രകാരം ഈ വർഷം ആ തുക eLAMS-ൽ നിന്ന് ലഭിക്കുമെന്നതാണ് ധനകാര്യ വകുപ്പിന്റെ പ്രസ്തുത സമ്പ്രദായത്തിന്റെ പ്രത്യേകതയെന്നും കേരള വാട്ടർ അതോറിറ്റിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് മറുപടി നൽകി.

2215-01-190-94—<u>ശുദ്ധജലവിതരണം—പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം—ഉപയോഗശൂന്യവും പഴയതുമായ കുഴലുകൾ മാറ്റി സ്ഥാപിക്കൽ</u>

വിഹിതം: 95,00,00,000 രൂപ (പ്ലാൻ)

ഉപയോഗശൂന്യവും പഴയതുമായ പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിന് 95 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതെന്നും 55 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെന്നും 84.28 കോടി രൂപ മാത്രമാണ് ചെലവഴിച്ചതെന്നും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 95 കോടി രൂപയിൽ നിന്നും 62 കോടി രൂപ മാത്രമേ റിലീസ് ചെയ്തുള്ളുവെന്നും ബാക്കി 33 കോടി രൂപ eLAMS-ലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുവെന്നും പ്രസ്തുത തുക ഈ വർഷം റിലീസ് ചെയ്തുകൊണ്ടുള്ള ഓർഡറും വേയ്സ് ആന്റ് മീൻസും ലഭ്യമായിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകി.

2215-01-800-60—<u>ശുദ്ധജല വിതരണം—മറ്റു ചെലവുകൾ—സാർക്ക് (2010-11) സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ</u>

വിഹിതം : 4,99,00,000 രൂപ (പ്ലാൻ)

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 4.99 കോടി രൂപയാണെന്നും 5.01 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിട്ടുണ്ടെന്നും എന്നാൽ 5.04 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ വിശദീകരിച്ചു. എന്നാൽ ഈ ശീർഷകം സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റിൽ 4.48 കോടി രൂപ മാത്രം ചെലവായതായിട്ടാണ് പരാമർശിച്ചിട്ടുള്ളതെന്നും പ്രസ്തുത സംഖ്യ ശരിയാണോയെന്ന് ഒരിക്കൽ കൂടി പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു

ഇക്കാര്യത്തിൽ തെറ്റ് സംഭവിച്ചതാണെന്നും യഥാർത്ഥത്തിൽ 5.04 കോടി രൂപ യാണ് ചെലവഴിച്ചിട്ടുള്ളതെന്നും കറക്റ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് വീണ്ടും സമിതിക്ക് ലഭ്യമാക്കാമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് ഉറപ്പു നൽകി.

2215-02-190-99(01)—മാലിന്യ നിവാരണവും ശുചീകരണവും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം—കേരള ജല അതോറിറ്റിക്കുള്ള സഹായധനം—തിരുവനന്തപുരം സ്വിവറേജ് സ്കീം

വിഹിതം : 6,00,00,000 (പ്ലാൻ)

ഈ ശീർഷകത്തിന് ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് സ്വിവറേജ് പദ്ധതികളുടെ വിപുലീകരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 6 കോടി രൂപയിൽ നേരത്തെ ലഭിച്ച 4.51 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഗവൺമെന്റിൽ നിന്നും അവസാനഘട്ട അലോട്ട്മെന്റ് മാർച്ച് 31-നാണ് ലഭിച്ചതെന്നും ഇപ്പോൾ 1.49 കോടി രൂപ ലഭ്യമായിട്ടുണ്ടെന്നും 6 കോടി രൂപയുടെ വർക്ക് ചെയ്തിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ മറുപടി നൽകി.

ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുമ്പോൾ ഇക്കാര്യങ്ങൾ വിശദമാക്കേണ്ടതായിരുന്നുവെന്നും മാലിന്യ സംസ്കരണത്തിന് യാതൊരു സംവിധാനവുമില്ലാത്ത സാഹചര്യത്തിൽ സ്വിവറേജിനായി അനുവദിച്ച പണം പൂർണ്ണമായും ചെലവഴിക്കാത്തതിന് ന്യായീകരണമില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

4215-01-102-98(01)—ശുദ്ധജലവിതരണം—ഗ്രാമീണ ജലവിതരണം—നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ

വിഹിതം : 89,18,00,000 രൂപ (പ്ലാൻ)

നബാർഡിന്റെ സഹായത്തോടെയുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് 89.18 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിരുന്നെന്നും എന്നാൽ 73.59 കോടി രൂപയാണ് റിലീസ് ചെയ്ത് കിട്ടിയതെന്നും അതിൽ കോടതിയിലുള്ള കേസുകളുടെ നടത്തിപ്പ് മറ്റ് ചെലവുകൾ എന്നിവ ഉൾപ്പെടെ 84 കോടി രൂപ ചെലവായിട്ടുണ്ടെന്നും 2016-17 സാമ്പത്തികവർഷത്തിൽ 11.59 കോടി രൂപ e-LAMS വഴി ലഭ്യമായിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ വിശദമാക്കി.

60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ജിക്കാ പ്രോജക്ടിലെ പ്രവൃത്തികൾ പൂർത്തിയാക്കാൻ അത്രയും തന്നെ തുക ആവശ്യമുണ്ടായിട്ടും 20 കോടി രൂപ ചെലവഴിക്കാതെ വന്നതിന്റെ വിശദാംശം നൽകണമെന്ന് സമിതി ആവശ്യപ്പെടുകയും

പ്രസ്തുത തുക ഇനി ചെലവഴിക്കാൻ പുതിയ പദ്ധതി ആവിഷ്കരിക്കുവാൻ സാധിക്കുമോയെന്ന് ആരായുകയും ചെയ്യുതിന്, പ്രസ്തുത ഡിസ്ട്രിബ്യൂഷൻ പദ്ധതിക്കായി ജിക്കാ ടീം തയ്യാറാക്കിയ എസ്റ്റിമേറ്റാണ് നബാർഡിന് സമർപ്പിച്ചതെന്നും പക്ഷേ പി.വി.സി. പൈപ്പ് ഉപയോഗിച്ചതുകൊണ്ട് പ്രതീക്ഷിച്ച എസ്റ്റിമേറ്റിൽ കുറവ് വന്നെന്നും കൂടാതെ പെർഫോർമൻസ് ഗ്യാരന്റിയുടെ പ്രശ്നവുമായി ബന്ധപ്പെട്ട് കോടതിയിൽ പോകേണ്ടി വരികയും കോടതിയുടെ തീരുമാനമനുസരിച്ച് പെർഫോമൻസ് ഗ്യാരന്റിയില്ലാതെ മുന്നോട്ട് പോകേണ്ടതായി വന്നുവെന്നും അങ്ങനെയാണ് 20 കോടി രൂപ ടെണ്ടർ സേവിംഗ്സോട്ടുകൂടി മിച്ചം വന്നതെന്നും പ്രസ്തുത തുക ഈ പദ്ധതിക്കായി ഇനി ഉപയോഗിക്കാൻ നബാർഡ് അനുവദിക്കുകയില്ലെന്നും NRDWP (National Rural Drinking Water Programme) ആയിരുന്നുവെങ്കിൽ നബാർഡിന്റെ അനുവാദം ലഭിക്കുമായിരുന്നുവെന്നും പ്രസ്തുത തുക ചെലവഴിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കാമെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2702-01-001-99-99—<u>ഉപരിതലജലം—ഭരണവും നടത്തിപ്പും—എസ്റ്റാബ്ലിഷ്മെന്റ്—വിവര സാങ്കേതികവിദ്യ</u>

വിഹിതം: 1000 രൂപ (നോൺപ്ലാൻ)

ചെറുകിട ജലസേചന വിഭാഗത്തിൽ വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് സൗകര്യങ്ങൾ ഒരുക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചത് 1000 രൂപ മാത്രമാണെന്നും എന്നിട്ടും അധികമായി ആവശ്യപ്പെട്ട 25 ലക്ഷം രൂപ അനുവദിക്കേണ്ട സാഹചര്യമുണ്ടായിട്ടില്ലെന്ന് പരാമർശിക്കാനിടയായ സാഹചര്യം വ്യക്തമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

പുതിയ സ്കീം എന്ന നിലയിലാണ് നോൺപ്ലാൻ ഇനത്തിൽ 1000 രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചതെന്നും പക്ഷേ സപ്ലിമെന്ററി ഡിമാന്റിലൂടെ തുക അനുവദിക്കാതെ വന്നപ്പോൾ സ്കീം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ജലവിഭവ വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികൾ വാട്ടർ അതോറിറ്റിയുടേത് പോലെയല്ലെന്നും ഒരു വർക്കിന് ഭരണാനുമതി കൊടുത്ത്, വർക്ക് ചെയ്ത് ബില്ലാകാൻ ഒരു വർഷമെടുക്കുമെന്നും പിന്നീട് 15 മാസം കഴിഞ്ഞാണ് പേമെന്റ് നടത്തുന്നതെന്നും മൊത്തം രണ്ട് വർഷം കഴിഞ്ഞാണ് യഥാർത്ഥത്തിലുള്ള എക്സ്പെന്റിച്ചർ റിഫ്ളക്ഷൻ വരുന്നതെന്നും ജലസേചനവകുപ്പ് ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.(ഐ. & എ.) സമിതിയെ അറിയിച്ചു.

4702-00-101-80—<u>ഉപരിതലജലം—ചെറുകിട ജലസേചന വിംഗ് മുഖേനയുള്ള തലയാർ കനാലിന്റെ ഇടതു-വലത് പാർശ്വങ്ങളുടെ നവീകരണം</u>

വിഹിതം: ഇല്ല

തലയാർ കനാലിന്റെ നവീകരണം എം.ഐ.യുടെ കീഴിൽ വരുന്നതാണെന്നും നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ തുകയ്ക്കാണ് വർക്ക് പൂർത്തീകരിക്കാൻ സാധിച്ചതെന്നും അതിന്റെ ബിൽ പെന്റിംഗിലാണെന്നും ജലസേചന വകുപ്പ് ചീഫ് എൻജിനിയർ സമിതിയെ അറിയിച്ചപ്പോൾ ബഡ്ജറ്റ് വിഹിതം ഇല്ലാതെ തലയാർ കനാലിന്റെ നവീകരണം പൂർത്തിയാക്കാൻ സാധിച്ചത് എങ്ങനെയെന്ന് വിശദമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. തലയാർ കനാലിന്റെ നിലവിലുള്ള മെയിന്റനൻസ് പണി എം.ഐ.-ൽ ചാർജ് ചെയ്യാമെന്നും ശിപാർശ നം. 31 പുതിയ സ്കീമിനുള്ളതാണെന്നും കാവേരി ട്രൈബ്യൂണൽ വിധിയുടെ ഭാഗമായി ലഭിച്ച ജലം enhance ചെയ്യാൻ വേണ്ടിയുള്ള പുതിയ സ്കീമാണിതെന്നും അതുകൊണ്ടാണ് തുക അനുവദിക്കാത്തതെന്നും ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. (ഐ. & എ.) ജലസേചന വകുപ്പ്, സമിതിയെ ബോധ്യപ്പെടുത്തി.

4702-00-101-78—<u>ഉപരിതലജലം—ഒരു പഞ്ചായത്തിൽ ഒരു കുളം</u>

ഫണ്ടില്ലാതെ പ്രസ്തുത പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞത് എങ്ങനെയെന്ന് സമിതി ആരാഞ്ഞതിന് മുൻവർഷങ്ങളിലെ പദ്ധതി വിഹിതമുണ്ടായിരുന്നുവെന്ന് ചീഫ് എഞ്ചിനീയർ ഐ.ആർ.ബി. (ഐ. & എ.) ജലസേചനവകുപ്പ് സമിതിയെ അറിയിച്ചു.

ഹരിത കേരളം പദ്ധതിയിൽ 2000 കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കല്ലുകെട്ടി കുളങ്ങൾ സംരക്ഷിക്കുന്നതിനുപകരം വെള്ളം വറ്റിച്ചു കളയാതെ നിർമ്മാണ പ്രവൃത്തികൾ നടത്തി കുളങ്ങൾ വൃത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കുളത്തിന്റെ സൈഡ് കെട്ടി വൃത്തിയാക്കുന്നതിനേക്കാൾ പ്രധാനം ജലത്തിന്റെ കൺസർവേഷനാണെന്നും വരൾച്ച ക്രമാതീതമാകുന്ന അവസരത്തിൽ കുളങ്ങളിൽ നിന്നും ചെളിവാരുന്നത് ഉള്ള വെള്ളം കൂടി വറ്റിപോകാൻ കാരണമാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 9000 കുളങ്ങൾക്കായുള്ള എസ്റ്റിമേറ്റ് തുകയായ 318 കോടിയിൽ 50 കോടി രൂപ പ്ലാനിംഗ് ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

4702-00-101-76—<u>ഉപരിതലജലം—പാമ്പാർ ബേസിനിലെ ജലവിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിനായുള്ള മൈക്രോ ഇറിഗേഷൻ പദ്ധതികൾ</u>

പ്രസ്തുത ശീർഷകം സംബന്ധിച്ച് അധിക തുക അനുവദിക്കേണ്ടി വന്നില്ലെന്ന മറുപടി നൽകാനിടയായ സാഹചര്യം വ്യക്തമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തലയാർ ഭാഗത്ത് ഇൻവെസ്റ്റിഗേഷന് പോയെങ്കിലും ലീസിന് കൊടുത്തിരിക്കുന്ന എസ്റ്റേറ്റായിട്ടുപോലും സർവ്വേ നടത്താൻ സാധിച്ചില്ലെന്നും ഈ പ്രശ്നങ്ങളെല്ലാം ചൂണ്ടിക്കാണിച്ച് കളക്ടർക്ക് പരാതി കൊടുത്തിട്ടുണ്ടെന്നും കളക്ടർ ഇടപെട്ട് ഈ പ്രശ്നം പരിഹരിച്ചാൽ മാത്രമേ അവിടെ സർവ്വേ നടത്താൻ സാധിക്കുകയുള്ളുവെന്നും ചീഫ് എഞ്ചിനീയർ (ജലസേചനവകുപ്പ്) അറിയിച്ചു.

ചില തടസ്സങ്ങൾ നിലനിൽക്കുന്നതിന്റെ പേരിൽ പ്രസ്തുത പദ്ധതി ഒഴിവാക്കാൻ കഴിയില്ലെന്നും നമുക്ക് അവകാശപ്പെട്ട ജലം നാം ഉപയോഗിക്കണമെന്നും സർവ്വേ നടത്തിയാൽ നമ്മുടേതായ 100 ഏക്കറിലധികം സ്ഥലം പല എസ്റ്റേറ്റുകാരും കയ്യേറിയിരിക്കുന്നത് കണ്ടെത്താൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

നിലവിലുള്ള കനാലാണ് സർവ്വേ ചെയ്തുകൊണ്ടിരിക്കുന്നതെന്നും കുറച്ചുകൂടി വലിയ ഡാം പണിതശേഷം ജലം സ്റ്റോർ ചെയ്യാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നതെന്നും അതിനാൽ ആ ഭാഗത്തുമാത്രമുള്ള ലീസ് ഒഴിവാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കേണ്ടതാണെന്നും ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. (ഐ. & എ.), ജലസേചനവകുപ്പ് അറിയിച്ചു.

ഇക്കാര്യത്തിൽ എത്രയും പെട്ടെന്ന് സർവ്വേ നടത്തി റിപ്പോർട്ട് നൽകണമെന്ന് ദേവികുളം സബ്കളക്ടറോടാവശ്യപ്പെടാൻ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകണമെന്നും ഈ വിഷയം ചൂണ്ടിക്കാട്ടി ഗവൺമെന്റിലേക്ക് അടിയന്തരമായി കത്തയയ്ക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കാവേരിയിൽനിന്നും കേരളത്തിന് ലഭിക്കുന്ന വെള്ളം ഉപയോഗിക്കുന്നതിൽ തമിഴ്നാട് ഒബ്ജക്ഷൻ പറഞ്ഞതുകൊണ്ട് അത് തടസ്സപ്പെട്ടിരിക്കയാണെന്നും തലയാർ എസ്റ്റേറ്റുമായി ബന്ധപ്പെട്ട വിഷയം കേരളത്തിനകത്ത് വരുന്ന ഒബ്ജക്ഷനാണെന്നും കാവേരി നദിക്കുകുറുകെ പാമ്പാർ ബേസിനിൽ തടയണ നിർമ്മിക്കുന്നതിന് തമിഴ്നാട് ഒബ്ജക്ഷൻ പറയുന്നുണ്ടെന്നും അത് വളരെ ഗൗരവമായി എടുക്കേണ്ട കാര്യമാണെന്നും

30 ടിഎംസി ജലം കേരളത്തിന് അവകാശപ്പെട്ടതാണെന്നും അതിലൊരു വിഹിതം പാമ്പാറിൽ നിന്നുള്ളതാണെന്നും എല്ലാ ട്രിബ്യൂണലുകളും അനുവദിച്ചുതന്നിരിക്കുന്ന ജലം ഉപയോഗപ്പെടുത്താൻ സമ്മതിക്കുന്നില്ലെന്ന തർക്കമുന്നയിച്ച് അവ നേടിയെടുക്കേണ്ടത് അനിവാര്യമായകാര്യമാണെന്നും വളരെ ഗുരുതരമായ ഒരു വിഷയമാണിതെന്നും സമിതി വിലയിരുത്തി.

മൂന്നു ചെറിയ ഡാമുകൾ (5 കോടി വീതം 15 കോടി രൂപയുടെ) നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പാമ്പാർ ബേസിനിലെ പട്ടിശ്ശേരിയിൽ ഒരു ഡാമിന്റെ കൺസ്ട്രക്ഷൻ നടന്നുവരികയാണെന്നും ഒരു പ്രൊപ്പോസലിനെ സംബന്ധിച്ച സർവ്വേ നടത്തുവാൻ പോയപ്പോഴാണ് തലയാർ എസ്റ്റേറ്റുകാരുമായി ബന്ധപ്പെട്ട പ്രശ്നം ഉണ്ടായതെന്നും ഇതുപോലെ മറ്റ് രണ്ടു ഡാമുകളുടെയും സർവ്വേ നടത്തി നിർമ്മാണം തുടരേണ്ടതുണ്ടെന്നും ആയതിൽ തമിഴ്നാടിന് തടസ്സമൊന്നുമില്ലെന്നും പട്ടിശ്ശേരിയിലെ ഡാം നിർമ്മാണത്തിന് വർക്ക് അവാർഡ് ചെയ്തു കഴിഞ്ഞുവെന്നും അവിടെ സർവ്വേ നടത്തിക്കഴിഞ്ഞുവെന്നും എക്സിക്യൂഷൻ സമയത്ത് ജിയോളജിസ്റ്റ് ഒബ്ജക്ട് ചെയ്തതുകൊണ്ട് ഫൗണ്ടേഷന്റെ പണി defunct ചെയ്യേണ്ടിവന്നുവെന്നും ഇപ്പോൾ അതിന്റെ റീഡിസൈനിംഗ് നടന്നുകൊണ്ടിരിക്കയാണെന്നും തലയാർ എസ്റ്റേറ്റുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിച്ചാൽ മേൽപ്പറഞ്ഞ മൂന്ന് ഡാമുകളും നിർമ്മിക്കുവാൻ സാധിക്കുമെന്നും സൂപ്രണ്ടിംഗ് എൻജിനീയർ എം.വി.ഐ.പി., മൂവാറ്റുപുഴ സമിതിയെ ബോധ്യപ്പെടുത്തി.

പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് കളക്ടർ, സബ്കളക്ടർ എന്നിവരുൾപ്പെടെയുള്ളവരുടെ ഒരു മീറ്റിംഗ് വിളിച്ചുചേർക്കണമെന്ന് ജലവിഭവവകുപ്പ് സെക്രട്ടറിയോട് സമിതി ആവശ്യപ്പെട്ടു.

പാലക്കാട് ജില്ലയിലെ അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി EIA സാങ്ഷൻ കിട്ടിയതിനുശേഷം പണി ആരംഭിക്കുമ്പോൾ തമിഴ്നാട് മുഖ്യമന്ത്രി തടസ്സവാദം ഉന്നയിച്ച് പ്രധാനമന്ത്രിക്ക് കത്ത് എഴുതിയിരിക്കുകയാണെന്നും തുടർന്ന് സാങ്ഷൻ പിൻവലിക്കുകയും വർക്ക് നിർത്തിവച്ചിരിക്കുകയുമാണെന്നും ഒന്നുകിൽ അതിനുവേണ്ടി കേസിനുപോകുമെന്നും അല്ലെങ്കിൽ സ്വമേധയാ നടപടിയെടുക്കണമെന്നും കാവേരിയിൽ നിന്നും 30 ടി.എം.സി. വെള്ളം അവാർഡ് ചെയ്തിട്ടുണ്ടെങ്കിലും ഓരോ പ്രശ്നങ്ങൾ കാരണം 30 ടി.എം.സി. വെള്ളം ലഭിക്കുന്നില്ലെന്നും അത്രയും വെള്ളം വാങ്ങിയെടുക്കുന്നതിന് സ്ട്രാറ്റജി ആവശ്യമാണെന്നും ചീഫ് എൻജിനീയർ, ഐ.ഡി.ആർ.ബി. (ഐ&എ) വിശദീകരിച്ചപ്പോൾ ഡൽഹിയിലെ കാവേരി സെൽ ശക്തിപ്പെടുത്തി 30 ടി.എം.സി. ജലം വാങ്ങിയെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

കേരളം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമാണ് മാലിന്യ നിർമ്മാർജനമെന്നും എറണാകുളം ജില്ലയുടെ പലഭാഗങ്ങളിലും സെപ്റ്റിക്ക് ടാങ്കുകളിൽനിന്നുള്ള മാലിന്യം പുഴകളിലും തോടുകളിലും നിക്ഷേപിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമുണ്ടെന്നും ഓരോ മുനിസിപ്പാലിറ്റിയിലും ആധുനിക സൗകര്യങ്ങളോടുകൂടിയ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടതാവശ്യമാണെന്നും പല മുനിസിപ്പാലിറ്റികളിലും അശാസ്ത്രീയമായാണ് മാലിന്യനിർമ്മാർജ്ജനം നടത്തുന്നതെന്നും മാലിന്യ സംസ്കരണത്തിനായി കേന്ദ്ര സർക്കാർ ഫണ്ട് ലഭ്യമാക്കുന്നുണ്ടെന്നും പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നതിന് ഒരു ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തണമെന്നും എല്ലാ മുനിസിപ്പാലിറ്റികളിലും സ്വീവറേജ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോപ്പോസൽ തയ്യാറാക്കി മാലിന്യം കുമിഞ്ഞുകൂടുന്ന അവസ്ഥ ഒഴിവാക്കണമെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു.

സ്വീവറേജിനായി മൂന്ന് പ്രത്യേക ഡിവിഷനുകൾ ഉള്ളത് തിരുവനന്തപുരത്ത് മാത്രമാണെന്നും തിരുവനന്തപുരം നഗരം ഒഴികെയുള്ള സ്ഥലങ്ങളിൽ മാലിന്യ സംസ്കരണ പദ്ധതികൾ അമൃത് പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് മുന്നോട്ട് വച്ചിട്ടുണ്ടെന്നും ഇതിനായുള്ള കേന്ദ്രഗവൺമെന്റിന്റെ പദ്ധതികൾ തദ്ദേശസ്വയംഭരണ വകുപ്പ് നേരിട്ട് നടപ്പാക്കുമെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും ഗുരുവായൂരിലെ സ്വീവറേജ് പ്ലാന്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണെന്നും പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഉടൻതന്നെ പൂർത്തീകരിക്കുന്നതാണെന്നും മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു.

കാലാവസ്ഥാ വ്യതിയാന പ്രവൃത്തികൾ സബ്ജക്ട് കമ്മിറ്റി III-ന്റെ നിയന്ത്രണത്തിലാണോ വരുന്നത് എന്നതു സംബന്ധിച്ച സ്പഷ്ടീകരണം ഗവൺമെന്റിൽ നിന്നും ആരാഞ്ഞതിന് ലഭിച്ച മറുപടിയിൽ "6-1-2016-ലെ സർക്കാർ ഉത്തരവുപ്രകാരം ശാസ്ത്രസാങ്കേതിക വകുപ്പിൽനിന്നും പാരിസ്ഥിതിക വിഷയങ്ങൾ വേർപെടുത്തിക്കൊണ്ട് 2006 ജനുവരിയിൽ രൂപീകരിച്ച പരിസ്ഥിതി വകുപ്പിന്റെ സർവ്വപ്രധാനമായ വിഷയമാണ് കാലാവസ്ഥാ വ്യതിയാനമെന്നും അതുസംബന്ധിച്ച ഏകോപന പ്രവർത്തനങ്ങൾ പരിസ്ഥിതി വകുപ്പുതന്നെയാണ് നടത്തിയിരുന്നതെന്നും കാലാവസ്ഥാ വ്യതിയാന പ്രവൃത്തികൾ ഒരു പ്രത്യേക വകുപ്പിനുമാത്രം നിർവ്വഹിക്കുന്നതിന് സാധിക്കാത്തതിനാൽ കാലാവസ്ഥ വ്യതിയാനം ചെറുക്കുന്നതിനും ആഘാതം ലഘൂകരിക്കുന്നതിനും വിവിധ

വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം (concerted effort) ആവശ്യമാണെന്നും സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതിയിൽ ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നുണ്ടെന്നും ഇക്കാര്യത്തിൽ ജലവിഭവവകുപ്പിനും തങ്ങളുടേതായ പങ്ക് വഹിക്കാനുണ്ടെന്നും പറഞ്ഞിരിക്കുന്നു. അതിനാൽ പരിസ്ഥിതി സംബന്ധിച്ച സമിതിയാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നതെങ്കിലും ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിക്കും ഇത് സംബന്ധിച്ച് ചർച്ച ചെയ്യാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 9-ലെ ശിപാർശയിന്മേൽ ജലവിഭവ വകുപ്പിൽനിന്നും ലഭ്യമായ നടപടി പത്രികയിൽ ഉണ്ടായ തെറ്റ് തിരുത്തി, ആയതിന്റെ റിപ്പോർട്ട് ഇറാറ്റയായി ലഭ്യമാക്കാൻ ജലവിഭവ വകുപ്പിനോടാവശ്യപ്പെടുവാനും ആയത് ലഭ്യമായാലുടൻ നിയമസഭയിൽ സമർപ്പിക്കുവാനും സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.25-ന് പിരിഞ്ഞു.

## 3-1-2017-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2017 ജനുവരി 3-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.
2. ശ്രീ. ജി. എസ്. ജയലാൽ, എം. എൽ. എ.
3. ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.
4. ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി,
2. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. ജെ കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. ടി. പി വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീമതി കെ. ശ്യാമള, ഡയറക്ടർ(ഫിൻ & അഡ്മിൻ), ജലനിധി
5. ശ്രീ. കെ. മോഹൻ, ഡയറക്ടർ, കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി
6. ശ്രീ. ബി. കെ. ബാലരാജ്, ജോയിന്റ് ഡയറക്ടർ, ഡി. വി. എ.
7. ശ്രീ. കെ. കെ. രമേശൻ, ചീഫ് എഞ്ചിനീയർ, (പ്രോജക്ട്-I), കോഴിക്കോട്
8. ശ്രീ. കെ. എ. ജോഷി, ചീഫ് എഞ്ചിനീയർ, (പ്രോജക്ട്-II), തിരുവനന്തപുരം
9. ശ്രീ. വി. കെ. മഹാനുദേവൻ, ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.(ഐ &എ) ജലസേചനവകുപ്പ്

10. ശ്രീമതി ജയ പി. നായർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എം.വി.ഐ.പി.

11. ശ്രീ. സന്തോഷ്കുമാർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി

12. ശ്രീ. ഗോകൽ സേതുരാജ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി

13. ശ്രീ. പി. കെ. ജോണി, മാനേജർ, റെയിൻ സെന്റർ, കെ.ആർ.ഡബ്ല്യു.എസ്.എ.

14. ശ്രീ. ഒ. എം. ദിവാകരൻ, സീനിയർ ഫിനാൻസ് ഓഫീസർ (പ്രോജക്ട് -I), കോഴിക്കോട്.

സമിതി, ജലനിധി സംബന്ധിച്ച പഠനം, മഴവെള്ള സംഭരണം, പദ്ധതി നിർമ്മാണം വൈകുന്നതുമൂലം എസ്റ്റിമേറ്റ് തുക വർദ്ധിക്കുന്നത് എന്നീ വിഷയങ്ങളിന്മേൽ ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

### (I) ജലനിധി

കുടിവെള്ളം ആവശ്യാധിഷ്ഠിത മാർഗ്ഗത്തിൽ കേരളത്തിലെ ഗ്രാമീണ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുവേണ്ടി രൂപകൽപ്പന ചെയ്ത ജലനിധി പദ്ധതിയിലൂടെ ഇതുവരെ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് സമിതി വിശദാംശം ആരാഞ്ഞു.

ജലനിധി പദ്ധതി രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പാക്കിയിരിക്കുന്നതെന്നും 2000 മുതൽ 2008 വരെയുള്ള ഒന്നാം ഘട്ടത്തിൽ സുനാമി ദുരിതബാധിത പ്രദേശങ്ങളിലെ പുനരുദ്ധാരണ കുടിവെള്ള പദ്ധതി ഉൾപ്പെടെ 112 പഞ്ചായത്തുകളിൽ പ്രവർത്തനം പൂർത്തീകരിച്ചുവെന്നും 2012 മുതൽ ആരംഭിച്ച രണ്ടാം ഘട്ടപദ്ധതിയുടെ കാലാവധി 2018 ഡിസംബർ വരെ ദീർഘിപ്പിച്ചിട്ടുണ്ടെന്നും ലോകബാങ്കിന്റെ സഹായത്തോടുകൂടി രണ്ടാംഘട്ടം 115 പഞ്ചായത്തുകളിലായിട്ടാണ് നടപ്പിലാക്കുന്നതെന്നും രൂപയും ഡോളറും തമ്മിലുള്ള മൂല്യവ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാംഘട്ട പദ്ധതിയുടെ അടങ്കൽ തുക 1022 കോടിരൂപയിൽ നിന്നും 1358 കോടി രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ദീർഘിപ്പിച്ച കാലയളവിൽ 12 പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് രണ്ട് multi GP സ്കീം ഏറ്റെടുക്കുന്നുണ്ടെന്നും രണ്ടാംഘട്ട പദ്ധതിയിൽ ഇതുവരെ 800 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I) സമിതിയെ അറിയിച്ചു.

ജലനിധി ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത പ്രോജക്ടുകളുണ്ടോയെന്നും; ഉണ്ടെങ്കിൽ അവ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്താത്തതെന്താണെന്നും; ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയ സ്കീമുകളെത്രയെണ്ണമാണെന്നും; രണ്ടാംഘട്ടം നടപ്പിലാക്കിയത് എത്ര പഞ്ചായത്തുകളിലാണെന്നും; പദ്ധതിയുടെ രണ്ടാംഘട്ടം വടക്കൻ ജില്ലകളിൽ മാത്രം കേന്ദ്രീകരിക്കാൻ കാരണമെന്താണെന്നും സമിതി ആരാഞ്ഞു. ജലനിധി ഒന്നാംഘട്ടത്തിന്റെ കാലാവധി 2000-2008 വരെ ആയിരുന്നുവെന്നും 2008-നുശേഷം ലോകബാങ്കിന്റ സഹായധനം ലഭിക്കാത്തതിനാൽ ഏകദേശം 12 സ്കീമുകൾ നിർത്തലാക്കിയെന്നും ജലനിധി പദ്ധതിയുടെ വ്യവസ്ഥകളനുസരിച്ച് ഒരിക്കൽ വിട്ടുതൽ ചെയ്ത പ്രോജക്ടുകൾ പിന്നീട് തുടർന്നുകൊണ്ടുപോകേണ്ടത് ഗുണഭോക്തൃ സംഘങ്ങളാണെന്നും ജലനിധി ഒന്നാംഘട്ടത്തിൽ 112 പഞ്ചായത്തുകളിലായി 3710 ജലവിതരണ സംരംഭങ്ങൾ പൂർത്തിയാക്കി കഴിഞ്ഞുവെന്നും അതിൽ 12 സ്കീമുകൾ പൂർത്തീകരിച്ച് വിട്ടുതൽ ചെയ്യുവാൻ സാധിച്ചിട്ടില്ലെന്നും ജലനിധി രണ്ടാംഘട്ടം 115 പഞ്ചായത്തുകളിലായിട്ടാണ് നടപ്പിലാക്കിയതെന്നും ബാച്ച് 1-ൽ 457 സ്കീമുകളും ബാച്ച് 2-ൽ 1162 സ്കീമുകളുള്ളതിൽ 850 സ്കീമുകളും പൂർത്തീകരിച്ചുവെന്നും മൂന്നാമത്തെ ബാച്ചിലെ പദ്ധതികളുടെ പൂർത്തീകരണം നടന്നുകൊണ്ടിരിക്കുകയാണെന്നും 2173 സ്കീമുകൾ 3 ബാച്ചുകളിലായി നടപ്പിലാക്കുകയാണ് ചെയ്യുന്നതെന്നും പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തിന്റ എഫിഷ്യൻസി, വെള്ളത്തിന്റെ ആവശ്യകത എന്നിങ്ങനെ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനാൽ ജലനിധി രണ്ടാംഘട്ടം കൂടുതലും വടക്കൻ ജില്ലകളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളതെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I) കോഴിക്കോട്, സമിതിക്ക് മറുപടി നൽകി.

കുടിവെള്ള പദ്ധതിക്കുള്ള ചെലവിന്റെ ഗവൺമെന്റ് വിഹിതത്തെ സംബന്ധിച്ചും ജലനിധി ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ വ്യക്തികളെ സംബന്ധിച്ചും പദ്ധതിയുടെ അടങ്കൽ തുക, ആവറേജ് ഹൗസ് ഹോൾഡ് കോസ്റ്റ് ഇവയെ സംബന്ധിച്ചുമുള്ള വിശദാംശം സമിതി ആവശ്യപ്പെട്ടതിന്, കുടിവെള്ള പദ്ധതിക്കായി വരുന്ന ചെലവ് സംസ്ഥാന സർക്കാരും ഗ്രാമപഞ്ചായത്തും ഗുണഭോക്തൃസമിതിയും യഥാക്രമം 75:15:10 എന്ന തോതിലാണ് വഹിക്കുന്നതെന്നും ഇതിൽ ഗവൺമെന്റിന്റെ ഷെയർ ലോണായിട്ടാണ് നൽകുന്നതെന്നും ജലനിധി ഒന്നാംഘട്ടത്തിൽ 3710 സ്കീമുകളിലായി 1056000 പേർക്ക് കുടിവെള്ളവും ശുചിത്വ സൗകര്യങ്ങളും എത്തിച്ചിട്ടുണ്ടെന്നും പദ്ധതിയുടെ അടങ്കൽ തുക 381.50 കോടി രൂപയാണെന്നും ഒന്നാം ഘട്ടത്തിൽ ഹൗസ്ഹോൾഡ് കോസ്റ്റ് 15,000 രൂപ മുതൽ 18,000 രൂപ വരെയും രണ്ടാംഘട്ടത്തിൽ 40,000 രൂപയുമാണെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I), കോഴിക്കോട് സമിതിക്ക് മറുപടി നൽകി.

ഒന്നാംഘട്ടത്തിൽ പണി പൂർത്തിയാക്കിയ 3698 സ്കീമുകളിൽ പ്രവർത്തന രഹിതമായവയുടെ എണ്ണം പരിശോധിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് അടുത്ത കാലത്ത് സി. & എ. ജി. നടത്തിയ പെർഫോർമൻസ് സ്റ്റഡി പ്രകാരം അറുപത്തിയഞ്ച് ശതമാനം സ്കീമുകളും പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ടെന്നും ബാക്കി മുപ്പത്തിയഞ്ച് ശതമാനം സ്കീമുകളിൽ ഭാഗികമായി പ്രവർത്തിക്കുന്നവയും പ്രവർത്തന രഹിതമായവയും ഉണ്ടെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I), കോഴിക്കോട് മറുപടി നൽകി. ജലനിധി ഒന്നാം ഘട്ടത്തിലെ സ്കീമുകൾ പരാജയപ്പെടാനുള്ള പ്രധാനകാരണം ജല സ്രോതസ്സുകൾ നഷ്ടപ്പെട്ടതുകൊണ്ടാണെന്നും മലപ്പുറം ജില്ലയിലെ സ്കീമുകളെയാണ് ഇത് കൂടുതലായി ബാധിച്ചതെന്നും അതിനാൽ ജലനിധി രണ്ടാം ഘട്ടത്തിൽ കൂടുതലായി വാട്ടർ സപ്ലൈ ചെയ്യാൻ സാധിക്കുന്നിടത്തെല്ലാം അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവ വകുപ്പ്) സമിതിയെ അറിയിച്ചു.

നിഷ്ക്രിയമായ സ്കീമുകൾ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിന് ഗവൺമെന്റിന് പ്രൊപ്പോസലുകളെന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഫേസ് 1-ൽ ബാക്കി വന്ന പതിനാലരക്കോടിയോളം രൂപ ഉപയോഗിക്കാനുള്ള പ്രൊപ്പോസൽ ഗവൺമെന്റിൽ സമർപ്പിച്ചതിനുപുറമെ ഗ്രാമപഞ്ചായത്തുകളും ഗുണഭോക്തൃ സമിതിയും ചേർന്ന് അവരുടെ വിഹിതം ഇടുന്നത് സംബന്ധിച്ച പ്രൊപ്പോസലും സമർപ്പിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനിയർ (പ്രോജക്ട് I), കോഴിക്കോട് അറിയിച്ചു.

വെള്ളത്തിന്റെ വിതരണ ചുമതല പഞ്ചായത്തുകളെ ഏൽപ്പിക്കുമ്പോൾ വാട്ടർ അതോറിറ്റിക്ക് പ്രൊഡക്ഷനിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുമെന്നും രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയാണ് എല്ലായിടത്തും ഉള്ളതെന്നും മലബാറിലെ എല്ലാ ജില്ലകളിലും ഇടുക്കി, കോട്ടയം എന്നീ ജില്ലകളിലുമാണ് ജലനിധി പദ്ധതി കൂടുതലായി ഉള്ളതെന്നും ചെറിയ രീതിയുള്ള വാട്ടർ സപ്ലൈ സിസ്റ്റം മാത്രമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നതെന്നും ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വാട്ടർ അതോറിറ്റി, ബെനിഫിഷ്യറി ഗ്രൂപ്പ് എന്നിവർ ഉപഭോക്താവിന് നൽകുന്ന വെള്ളത്തിന് ഈടാക്കുന്ന തുകയെ സംബന്ധിച്ച വിശദാംശം സമിതി ആവശ്യപ്പെട്ടപ്പോൾ ജലനിധി പദ്ധതി വഴി വാങ്ങുന്ന വെള്ളത്തിന് ആറു രൂപയാണെന്നും എന്നാൽ വാട്ടർ അതോറിറ്റി ഉപഭോക്താക്കളിൽ നിന്നും നാല് രൂപയാണ് വാങ്ങുന്നതെന്നും ബെനിഫിഷ്യറി ഗ്രൂപ്പ് ഈടാക്കുന്ന തുക, അവരുടെ ചെലവിന്റെയും അഡ്മിനിസ്ട്രേറ്റീവ് ചാർജിന്റെയും 20 ശതമാനത്തോളമാകുന്നുണ്ടെന്നും അതായത് ഏകദേശം 7 രൂപ 20 പൈസ ആണെന്നും ചീഫ് എഞ്ചിനിയർ (പ്രോജക്ട്-I) സമിതിക്ക് മറുപടി നൽകി.

വാട്ടർ അതോറിറ്റി വെള്ളത്തിന് ഇരട്ടി തുക ഈടാക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ സമിതി, അപ്രകാരം അമിത വില ഈടാക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ചുള്ള വിശദാംശം ആവശ്യപ്പെട്ടതിന് വാട്ടർ അതോറിറ്റി ഉപഭോക്താവിന് ആറു രൂപയ്ക്കാണ് വെള്ളം കൊടുക്കുന്നതെന്നും പല പഞ്ചായത്തുകളും വെള്ളത്തിന് ഈടാക്കുന്ന അമിതവില കുറയ്ക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ഇക്കാര്യം പരിശോധിക്കാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ജലവിഭവ വകുപ്പ് സമിതിയെ അറിയിച്ചു.

വെള്ളത്തിന് ഉപഭോക്താക്കളിൽ നിന്നും അമിതമായി ഈടാക്കുന്ന വില കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റിയോടും ജലനിധിയോടും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ജലനിധി പദ്ധതികളെക്കുറിച്ച് സമഗ്രമായ ആഡിറ്റ് നടത്തണമെന്ന് സമിതി ആവശ്യപ്പെട്ടപ്പോൾ ആഡിറ്റ് നടക്കുന്നുണ്ടെന്ന് ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പാലക്കാട് ജില്ലയിലെ പല സ്ഥലങ്ങളിലും ആഴ്ചയിൽ ഏതാണ്ട് 100-ഓളം കുഴൽ കിണറുകൾ കുഴിക്കുന്നുവെന്നുള്ള വാർത്ത വരാനിടയായ സാഹചര്യത്തെക്കുറിച്ചും 2008-ൽ കുഴൽ കിണറുകളുടെ കണക്ക് എടുക്കണമെന്ന ഗവൺമെന്റ് തീരുമാനത്തിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ചുമുള്ള വിശദാംശം സമിതി ആവശ്യപ്പെട്ടു. പാലക്കാടുള്ള ചിറ്റൂർ, മലമ്പുഴ തുടങ്ങിയ ബ്ലോക്കുകൾ over exploited critical ഏരിയകളായതിനാൽ കുഴൽ കിണർ കുഴിക്കാനുള്ള അനുവാദം നൽകിയിട്ടില്ലെന്നും മലമ്പുഴ, കാസർഗോഡ്, പഴയ കൊടുങ്ങല്ലൂർ, തിരുവനന്തപുരത്തുള്ള അതിയന്നൂർ തുടങ്ങിയ ബ്ലോക്കുകളെല്ലാം സെമി ക്രിട്ടിക്കൽ പ്രദേശങ്ങളാണെന്നും കുഴൽ കിണറുകളെ സംബന്ധിച്ച കണക്ക് പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിൽ എടുത്തിട്ടുണ്ടെന്നും ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. വേനൽക്കാലത്ത് വെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിയുടെയോ ജലനിധിയുടെയോ ഒരു കുഴൽ കിണറെങ്കിലും ഒരു വാർഡിൽ സജ്ജമാക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണെന്ന് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

വളരെ സെലക്ടീവായി മാത്രം വെള്ളം ഇല്ലാത്ത സ്ഥലങ്ങളിൽ ഗ്രൗണ്ട് വാട്ടർ extract ചെയ്യുന്നതിനുള്ള ഒരു സ്കീം നടപ്പിലാക്കാനായി 12 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ ധനകാര്യവകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്ന് സമിതി വെളിപ്പെടുത്തിയപ്പോൾ ഓരോ വാർഡിലും മിനിമം ഒരു ഗ്രൗണ്ട് വാട്ടർ കണക്ഷൻ എങ്കിലും വേണമെന്നുള്ള പ്രൊപ്പോസൽ വയ്ക്കാമെന്ന് ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സംസ്ഥാനത്തെ കുളങ്ങളുടെയും ബോർവെല്ലുകളുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടത് അത്യാവശ്യമാണെന്ന് അഭിപ്രായപ്പെട്ട സമിതിയെ, സംസ്ഥാനത്തൊട്ടാകെ ഏകദേശം 49,000 കുളങ്ങളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും അതിൽ 9000 കുളങ്ങൾ നവീകരിക്കാനാണുദ്ദേശിക്കുന്നതെന്നും ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബോധ്യപ്പെടുത്തി.

ജലനിധി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 115 പഞ്ചായത്തുകളുടെ വാട്ടർ സെക്യൂരിറ്റി പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും അത് അതത് പഞ്ചായത്തുകളിൽ ലഭ്യമാണെന്നും ജലനിധി പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകളുടെ വാട്ടർ സെക്യൂരിറ്റി പ്ലാനാണ് തയ്യാറാക്കിയിട്ടുള്ളതെന്നും 'ജലസമൃദ്ധി' പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകളുടെ വാട്ടർ സെക്യൂരിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

(2) **മഴവെള്ളസംഭരണം**

2004-ലെ വരൾച്ചയുടെ പശ്ചാത്തലത്തിൽ, ജലനിധി പദ്ധതിയുടെ ഭാഗമായിട്ടാണ് മഴകേന്ദ്രം സ്ഥാപിച്ചതെന്നും ആദ്യഘട്ടത്തിൽ, ലോക ബാങ്കിന്റെ സഹായത്തോടെയാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചതെന്നും മഴവെള്ള സംഭരണ പ്രചാരണം, പൊതു ഉപയോഗത്തിനുള്ള മാതൃകായൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവയായിരുന്നു ഇതിന്റെ പ്രവർത്തനമെന്നും 2010-11 മുതൽ മഴവെള്ള സംഭരണത്തിനായി പ്ലാൻ ഫണ്ടിൽ അലോക്കേഷൻ അനുവദിച്ചുവെന്നും 2012-13 മുതൽ പ്ലാൻ ഫണ്ടുപയോഗിച്ച് മഴവെള്ള സംഭരണികൾ നിർമ്മിച്ചു തുടങ്ങിയെന്നും ആദ്യഘട്ടത്തിൽ മലയോര-കടലോര പഞ്ചായത്തുകളിലെയും ശുദ്ധജല ദൗർലഭ്യം ഏറ്റവും അധികം നേരിടുന്ന പഞ്ചായത്തുകളിലെയും വ്യക്തിഗത കുടുംബങ്ങൾക്ക് മുൻഗണന നൽകുകയും അവർക്കായി 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി മഴകേന്ദ്രം മുഖേന ചെയ്തിരുന്നുവെന്നും എ.പി.എൽ., ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളിൽ നിന്നും യഥാക്രമം 4,000 രൂപ (യൂണിറ്റ് കോസ്റ്റിന്റെ 10%), 2,000 രൂപ (യൂണിറ്റ് കോസ്റ്റിന്റെ 5%) എന്ന രീതിയിൽ ഉപഭോക്തൃ വിഹിതമായി ഈടാക്കിയാണ് മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകിയിരുന്നതെന്നും വെള്ളത്തിന് ക്ഷാമമനുഭവപ്പെടുന്ന വാർഡുകൾക്ക് മുൻഗണന നൽകികൊണ്ട് ഗ്രാമപഞ്ചായത്തുകളാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതെന്നും ആദ്യവർഷം ഏകദേശം 500-ഓളം കുടുംബങ്ങൾക്ക് മഴവെള്ള സംഭരണി നിർമ്മിച്ചു നൽകിയിരുന്നെങ്കിലും ഡിമാന്റ് വർദ്ധിച്ചപ്പോൾ ഓരോ പഞ്ചായത്തിനും അത് 200 യൂണിറ്റുകളായി നിജപ്പെടുത്തിയെന്നും കഴിഞ്ഞ സാമ്പത്തികവർഷം അഞ്ച് പഞ്ചായത്തുകളിൽ 200 കുടുംബങ്ങൾക്ക് വീതം മഴവെള്ള സംഭരണി നിർമ്മിച്ചു നൽകിയെന്നും മാനേജർ, റെയിൻ സെന്റർ (കെ. ആർ. ഡബ്ല്യൂ. എസ്. എ.) ആമുഖമായി സമിതിയെ അറിയിച്ചു.

ഒരു മഴവെള്ള സംഭരണി നിർമ്മിക്കാൻ ടാങ്ക് അടക്കം 42,650 രൂപയോളം ചെലവ് വരുമെന്നും ഉപഭോക്തൃ വിഹിതം കഴിഞ്ഞ് ബാക്കിയുള്ള തുക സർക്കാർ സബ്സിഡിയാണെന്നും ഇതിൽ പഞ്ചായത്തിന്റെ വിഹിതമില്ലെന്നും 2015-16-ലെ മുഴുവൻ പ്ലാൻ ഫണ്ടും ഗവൺമെന്റ് സ്കൂളുകളിൽ മഴവെള്ളസംഭരണികൾ സ്ഥാപിക്കുന്നതിനായി അനുവദിച്ചിരുന്നുവെന്നും സംസ്ഥാനത്തൊട്ടാകെ 840 ഗവൺമെൻറ് സ്കൂളുകളിൽ മഴവെള്ള സംഭരണികളുടെ പണി നടന്നുവരികയാണെന്നും 10000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്കാണ് സ്കൂളുകളിൽ സ്ഥാപിക്കുന്നതെന്നും ടാങ്കിലേക്കുള്ള പൈപ്പും ഫിൽറ്റർ യൂണിറ്റും ഓവർഫ്ലോ വരുന്ന വെള്ളം തിരികെ ഭൂമിയിലേക്ക് റീചാർജ് ചെയ്യാനുള്ള സംവിധാനവും ഇതോടൊപ്പം ഉണ്ടാകുമെന്നും, ടാങ്കിൽ ശേഖരിക്കുന്ന വെള്ളം ഉപയോഗിക്കുന്നതിനായി ടാപ്പ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സ്കൂളുകളിൽ രണ്ട് ടാപ്പും അനുബന്ധമായി ചെറിയ ടബ്ബും നിർമ്മിച്ചു നൽകുന്നുണ്ടെന്നും സ്കൂളുകളിൽ ടാങ്ക് നിർമ്മിക്കുന്നതിന് സ്കൂളൊന്നിന് 50,000 രൂപ വീതമാണ് ചെലവുവരുന്നതെന്നും 25 വർഷം വരെ പഴക്കമുള്ള മഴവെള്ളസംഭരണികളുണ്ടെന്നും കഴിഞ്ഞ നാലുവർഷം കൊണ്ട് നിർമ്മിച്ചു നൽകിയ മഴവെള്ള സംഭരണികളിൽ 95 ശതമാനവും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും 1:2 അനുപാതത്തിൽ സിമെന്റും മോട്ടാറും ഉപയോഗിച്ച് ഒരിഞ്ച് കനത്തിലാണ് ടാങ്ക് നിർമ്മിക്കുന്നതെന്നും നിർമ്മാണ ഏജൻസി ഒരു വർഷത്തേക്ക് ടാങ്കിന്റെ മെയിന്റനൻസ് നടത്തുമെന്നും അതിനുശേഷം ഗുണഭോക്താക്കളാണ് മെയിന്റനൻസ് ചെലവ് വഹിക്കേണ്ടതെന്നും മാനേജർ, റെയിൻ സെന്റർ (കെ.ആർ.ഡബ്ല്യൂ.എസ്.എ.) സമിതിയെ അറിയിച്ചു.

ടാങ്കിന്റെ ഒരു വർഷത്തെ ഗ്യാരണ്ടി വളരെ ചെറിയ ഒരു കാലയളവാണെന്നും 25 വർഷം വരെ ടാങ്കിന് ലൈഫുണ്ടെങ്കിൽ ഗ്യാരണ്ടി പിരീഡ് വർദ്ധിപ്പിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ട സമിതി നിർമ്മിച്ചു നൽകിയ ടാങ്കുകൾ നന്നായി പ്രവർത്തിക്കുന്നുണ്ടോ യെന്നത് സംബന്ധിച്ച് റിവ്യൂ നടത്തിയിട്ടുണ്ടോയെന്ന് ആരാഞ്ഞതിന് 95 ശതമാനം ടാങ്കുകളും നന്നായി പ്രവർത്തിക്കുന്നുണ്ടെന്നാണ് ഗുണഭോക്താക്കളുമായി ബന്ധപ്പെട്ടപ്പോൾ അറിയാൻ സാധിച്ചതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

സർക്കാർ ഓഫീസുകളിൽ മഴവെള്ള സംഭരണത്തിനായി നടപ്പിലാക്കിയ പദ്ധതി യുടെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത പദ്ധതികളുടെയെല്ലാം സ്ഥിതി വളരെ മോശമാണെന്നും ഇത്തരം പദ്ധതികൾ പബ്ലിക്കായി ചെയ്യുന്നിടത്തൊന്നും വിജയിക്കുകയില്ലെന്നും വ്യക്തിഗതമായി ചെയ്താൽ വിജയസാധ്യത കൂടുതലാണെന്നും ഈ പദ്ധതി ആദ്യം ആരംഭിച്ചത് ഇടുക്കി, വൈപ്പിൻ ദ്വീപ് തുടങ്ങി വെള്ളം ലഭിക്കാൻ ഏറ്റവും ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലായിരുന്നുവെന്നും അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവവകുപ്പ് സമിതിയെ അറിയിച്ചു

പ്രവർത്തനരഹിതമായി കിടക്കുന്ന പ്രോജക്ടുകൾ പരിഗണിക്കാതെ പുതിയ പ്രോജക്ടുമായി മുന്നോട്ട് പോകുന്നതിൽ പ്രയോജനമില്ലെന്നും തുക ഇൻവെസ്റ്റ് ചെയ്തതിനാൽ പബ്ലിക്കായി ചെയ്ത പ്രോജക്ടുകൾ വിജയിച്ചില്ലെങ്കിലും അത് ഉപേക്ഷിക്കാൻ പാടില്ലെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ പല ഡിപ്പാർട്ട്മെന്റുകളും പല ഏജൻസികളെ കൊണ്ടാണ് ഇത്തരം വർക്കുകൾ ചെയ്യിക്കുന്നതെന്നും ആയതിനാൽ ക്വാളിറ്റി മെയിന്റയിൻ ചെയ്യാൻ സാധിക്കില്ലെന്നും നല്ല നിർമ്മാണ ഏജൻസികളാണെങ്കിൽ അവർ എപ്പോഴും ക്വാളിറ്റി മെയിന്റയിൻ ചെയ്യാൻ ശ്രമിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് മറുപടി നൽകി. മഴവെള്ള സംഭരണ പദ്ധതിയുമായി ബന്ധപ്പെട്ട ഏജൻസികൾ ഏതെല്ലാമാണെന്ന് ആരാഞ്ഞ സമിതിയോട് ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ മഴ കേന്ദ്രത്തിന്റെ ഉത്തരവാദിത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നിർമ്മാണ ഏജൻസികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുവെന്നും എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി, അന്ത്യോദയ, മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി, കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളാണ് ഈ മേഖലയിൽ കൂടുതലായി പ്രവർത്തിക്കുന്നതെന്നും ഈ അംഗീകൃത ഏജൻസികളെ കൊണ്ടുതന്നെ നിഷ്ക്രിയമായ എല്ലാ പ്രോജക്ടുകളും റിപ്പയർ ചെയ്യിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണെന്നും പ്രസ്തുത വിഷയം 2016-17-ൽ പ്ലാനിംഗ് ബോർഡുമായി നടത്തിയ പ്ലാൻ ചർച്ചയിൽ അവതരിപ്പിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അംഗീകൃത ഏജൻസികളെ കൊണ്ടുതന്നെ മഴവെള്ള സംഭരണ പ്രോജക്ടുകൾ റിപ്പയർ ചെയ്യിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## (3) ജലസേചന വകുപ്പിന്റെ ചില പദ്ധതികൾ വൈകുന്നതുമൂലം എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

(i) <u>ബാണാസുരസാഗർ, കാരാപ്പുഴ ജലസേചന പദ്ധതികൾ</u>

30-1-1999-ലെ സർക്കാർ ഉത്തരവ് പ്രകാരം ബാണാസുരസാഗർ ജലസേചന പദ്ധതിക്ക് 37.88 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചുവെന്നും 2010-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 185.50 കോടി രൂപയാണ് പ്രോജക്ട് എസ്റ്റിമേറ്റെന്നും ഈ പ്രോജക്ടിലൂടെ 2800 ഹെക്ടർ ആയക്കെട്ട് പ്രദേശത്ത് ജലസേചനം നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും 28-7-1978-ലെ സർക്കാർ ഉത്തരവുപ്രകാരം കാരാപ്പുഴ ജലസേചന പദ്ധതിക്ക്

760 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഈ പദ്ധതികൊണ്ട് 5600 ഹെക്ടർ ആയക്കെട്ട് പ്രദേശത്ത് ജലസേചനം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ഈ പദ്ധതിക്ക് 30-11-2016-വരെ 314.87 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും 2016-17 വർഷത്തിൽ 5 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നതെന്നും കനാൽ സിസ്റ്റത്തിൽ ലെഫ്റ്റ് ബാങ്ക് മെയിൻ കനാലും റൈറ്റ് ബാങ്ക് മെയിൻ കനാലും 100% പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാണാസുരസാഗർ കനാൽ 84% പൂർത്തീകരിച്ചിട്ടുണ്ടെന്നും ഡൈവേർഷൻ ചേമ്പറിന്റെ പണി ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും ബാക്കി എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കലാണ് ഏറ്റവും വലിയ പ്രശ്നമെന്നും ലാന്റ് അക്വയർ ചെയ്ത സ്ഥലത്തുള്ള എല്ലാ എസ്റ്റിമേറ്റുകളും റെഡിയായിട്ടുണ്ടെന്നും അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാത്തതുകൊണ്ടാണ് ബാക്കി നടപടികളിലേക്ക് കടക്കാൻ സാധിക്കാത്തതെന്നും ബാണാസുരസാഗർ, കാരാപ്പുഴ ജലസേചന പദ്ധതികൾക്ക് ബഡ്ജറ്റ് അലോക്കേഷൻ കുറവാണെന്നും ഉദ്യോഗസ്ഥർ വിശദീകരിച്ചു.

(ii) <u>മൂവാറ്റുപുഴ ജലസേചന പദ്ധതി</u>

1984-ലാണ് മൂവാറ്റുപുഴ ഇറിഗേഷൻ പദ്ധതി ആരംഭിച്ചതെന്നും തുടക്കത്തിൽ പ്രസ്തുത പ്രോജക്ടിന്റെ തുക 48.08 കോടി രൂപയായിരുന്നുവെന്നും ആകെ 335 കിലോമീറ്റർ കനാലിന്റെ വർക്കാണ് ചെയ്യേണ്ടതെന്നും അതിൽ 311 കിലോമീറ്റർ വർക്ക് പൂർത്തിയാക്കിയിട്ടുണ്ടെന്നും ഈ പ്രോജക്ടിലൂടെ 35500 ഹെക്ടർ ആയക്കെട്ട് പ്രദേശത്ത് ജലസേചനം നടത്താനാണ് ഉദ്ദേശിച്ചതെങ്കിലും 3200 ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്തിയിട്ടുണ്ടെന്നും ബാക്കിയുള്ള വർക്കുകൾ 3/2018-ൽ അവസാനിക്കുന്ന രീതിയിലാണ് പ്ലാൻ ചെയ്തിരിക്കുന്നതെന്നും ഇതിൽ നാല് ഡിസ്ട്രിബ്യൂട്ടറികളുടെ നിർമ്മാണമാണ് വരുന്നതെന്നും മൂന്ന് ഡിസ്ട്രിബ്യൂട്ടറികളുടെ വർക്കുകൾ ഈ സാമ്പത്തികവർഷം തന്നെ സാങ്കേതികാനുമതി കൊടുത്ത് ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വയ്ക്കാനുള്ള ഘട്ടത്തിലാണെന്നും 2009 മുതൽ ആറ് റീച്ചുകളിലായിട്ടാണ് ഇതിന്റെ വർക്ക് അറേഞ്ച് ചെയ്തിരിക്കുന്നതെന്നും ഈ വർക്കിന്റെ നടത്തിപ്പ് പലകാരണങ്ങൾകൊണ്ട് മന്ദഗതിയിലായിട്ടുണ്ടെന്നും കൃത്യസമയത്ത് ലാന്റ് ലഭിക്കാത്തതിനാൽ ലാന്റ് അക്വിസിഷനിൽ കാലതാമസം വരികയും കോൺട്രാക്ടർമാർ പുതിയ റേറ്റ് ആവശ്യപ്പെടുകയും കൂടാതെ പാറ പൊട്ടിച്ചതുമായി ബന്ധപ്പെട്ടും റേറ്റ് റിവിഷൻ വേണമെന്ന് ആവശ്യപ്പെട്ടതിനാൽ ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് തീരുമാനമെടുക്കേണ്ടതായിട്ടുണ്ടെന്നും സി.ഇ.ഒ.മാരുടെ കമ്മിറ്റി

കാരിക്കോട് ഡിസ്റ്റിബ്യൂട്ടറി വിസിറ്റ് ചെയ്ത് റിവ്യൂ നടത്തി കോംപ്രിഹെൻസീവായ റെക്കമെന്റേഷൻ നൽകണമെന്നാണ് ഫിനാൻസിൽനിന്നും ലഭിച്ചിരിക്കുന്ന നിർദ്ദേശമെന്നും ശേഷിക്കുന്ന മൂന്ന് ഡിസ്റ്റിബ്യൂട്ടറികളുടെയും വർക്ക് ടാർജറ്റ് ചെയ്തപ്രകാരം 3/2018-ൽ അവസാനിപ്പിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും എന്നാൽ യഥാർത്ഥ ടാർജറ്റ് 2018 അല്ലെന്നും ഇത് പല കാരണങ്ങൾകൊണ്ട് നീണ്ടുപോകുകയാണ് ചെയ്തതെന്നും പ്രസ്തുത പ്രോജക്ട് 1984-ൽ ആരംഭിച്ചതാണെന്നും പ്രോജക്ടിന്റെ ഇതുവരെയുള്ള ചെലവ് 918 കോടി രൂപയാണെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

(iii) <u>ഇടമലയാർ ജലസേചന പദ്ധതി</u>

1981-ൽ 17 കോടി രൂപയ്ക്ക് ആരംഭിച്ച ഇടമലയാർ ജലസേചന പദ്ധതിയെ കുറിച്ച് നല്ല അഭിപ്രായമല്ല ഉള്ളതെന്നും പതിനായിരം ഹെക്ടർ സ്ഥലം ടാർജറ്റ് ചെയ്തതിൽ 2300 ഹെക്ടർ ഭൂമി മാത്രമേ അക്വയർ ചെയ്യാൻ സാധിച്ചിട്ടുള്ളൂവെന്നും ആയതിനാൽ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടുള്ള വിഷയമാണ് പ്രസ്തുത പദ്ധതിയുടെ ഏറ്റവും വലിയ പ്രശ്നമെന്നും ഈ പദ്ധതിക്കായി മൊത്തത്തിൽ 700 കോടി രൂപ വേണ്ടിവരുമെന്നും ഇതുവരെ 477 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ലാന്റ് അക്വസിഷന് മാത്രം വലിയൊരു തുക വേണ്ടിവരുമെന്നും മെയിൻ കനാൽ, ലോ ലെവൽ കനാൽ, ലിങ്ക് കനാൽ എന്നിങ്ങനെ മൂന്ന് കനാലുകളാണുള്ളതെന്നും ലോ ലെവൽ കനാലിൽനിന്നും 32 കിലോമീറ്റർ വരെ പ്രൊപ്പോസ് ചെയ്തിട്ടുണ്ടെന്നും 15 കിലോമീറ്റർ വരെയുള്ള കനാൽ വർക്കുകൾ പുരോഗതിയിലാണെന്നും ലോ ലെവൽ കനാലിൽനിന്നും മെയിൻ കനാലിലേക്ക് 200 മീറ്റർ ഫിനിഷ് ചെയ്യാനുണ്ടെന്നുമുള്ള ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I)-ന്റെ വിശദീകരണത്തെത്തുടർന്ന് ഇടമലയാർ പ്രോജക്ട് പൂർത്തിയാക്കാൻ സർക്കാരിന് ഉദ്ദേശ്യമില്ലെന്നും ഇടമലയാർ പ്രോജക്ട് എന്ന് പൂർത്തിയാകുന്നോ അന്നുമുതൽ തമിഴ്നാടിന് വെള്ളം കൂടുതൽ കൊടുക്കണമെന്നാണ് പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്നതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. 1981-ൽ ആരംഭിച്ച് കനാൽ വർക്കുകൾ തുടങ്ങിയ പദ്ധതിയാണിതെന്നും കനാൽ പണി ആരംഭിച്ചപ്പോൾ പെരിയാർ പുഴ കനാലിന് സമാന്തരമായി ഒഴുകുകയാണെന്നാണ് എഞ്ചിനീയർമാർ പറഞ്ഞതെന്നും ഇടമലയാർ പ്രോജക്ടിൽ പെരിയാർ പുഴയിലെ വെള്ളം ചാലക്കുടി പുഴയിലേക്ക് തിരിച്ച് വിടുകയാണ് ചെയ്യുന്നതെന്നും കാട്ടിൽ കൂടി കനാൽ വെട്ടിയപ്പോൾ രണ്ട് തരത്തിലായിരുന്ന പേയ്മെന്റ് നടത്തിയിരുന്നതെന്നും കനാൽ വെട്ടി പാറ പൊട്ടിക്കുന്നതിന് സർക്കാരാണ് പണം നൽകിയിരുന്നതെന്നും എന്നാൽ പാറ പൊട്ടിക്കാൻ ആളുകളെ ഏർപ്പാടാക്കുന്ന കോൺട്രാക്ടർക്ക് പണം

നൽകിയില്ലെന്ന വിഷയമുണ്ടായെന്നും പാറപൊട്ടിച്ചത് കൂടിപ്പോയപ്പോൾ ചിലയിടങ്ങളിൽ കയങ്ങൾ രൂപപ്പെട്ടുവെന്നും അതിനുമുകളിലായി കോൺക്രീറ്റ് ചെയ്യേണ്ടിവന്നുവെന്നും കാട്ടിൽ നിർമ്മിച്ച കനാലുകൾ ആനകളുടെ സഞ്ചാരത്തിന് തടസ്സമായതിനാൽ അതിനു മുകളിൽ സ്ലാബ് നിർമ്മിച്ചുവെന്നും അതാണ് ഇടമലയാർ പ്രോജക്ടെന്നും ഇതിനായി 500 കോടി രൂപ ചിലവാക്കിയെന്നും ഈ പ്രോജക്ടിന്റെ പണി പൂർത്തിയായാൽ തമിഴ്നാടിന് കൂടുതൽ വെള്ളം നൽകണമെന്നാണ് എഗ്രിമെന്റെന്നും അതിന്റെ ഫലമായി കേരളത്തിന് ലഭിക്കേണ്ട വെള്ളത്തിൽ കുറവ് വരുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ജലവിഭവ വകുപ്പ് സമിതിയെ അറിയിച്ചു.

ജലസേചന വകുപ്പിന്റെ ചില പദ്ധതികൾ വൈകിയതുമൂലം എസ്റ്റിമേറ്റ് തുക വർദ്ധിക്കുകയും അത് ഗവൺമെന്റിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ചെയ്തത് വളരെ ഗൗരവകരമായി കാണേണ്ട വിഷയമായതിനാൽ ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കണമെന്നും, മേൽപ്പറഞ്ഞ പദ്ധതികളുടെ കാലതാമസം സംബന്ധിച്ച് ആഴത്തിലുള്ള പഠനം നടത്തണമെന്നതാണ് സബ്ജക്ട് കമ്മിറ്റിയുടെ താൽപര്യമെന്നും സമിതി അഭിപ്രായപ്പെടുകയും മൂവാറ്റുപുഴ പ്രോജക്ടിന്റെ തുക ഒറിജിനൽ എസ്റ്റിമേറ്റിൽനിന്ന് വർദ്ധിച്ചത് എത്ര ശതമാനമാണെന്ന് ആരായുകയും ചെയ്തു. ചില പദ്ധതികൾ വൈകിയതുമൂലം എസ്റ്റിമേറ്റ് തുക വർദ്ധിച്ചത് സംബന്ധിച്ച് ഒരു അസസ്മെന്റ് നടത്തിയിരുന്നുവെന്നും ഇതിൽ റേറ്റ് റിവിഷൻ ഏകദേശം 40 ശതമാനത്തോളം വർദ്ധിച്ചുവെന്നും മൂവാറ്റുപുഴ പ്രോജക്ടിന്റെ തുക തുടക്കത്തിൽ 48.08 കോടി രൂപയായിരുന്നുവെന്നും പ്രസ്തുത തുകയിൽനിന്നും റേറ്റ് വളരെയധികം വർദ്ധിച്ചുവെന്നും കൂടാതെ മുൻവർഷങ്ങളിലെ ബഡ്ജറ്റ് അലോക്കേഷനും കുറവായിരുന്നുവെന്നും ഈ വർഷത്തെ ബഡ്ജറ്റ് അലോക്കേഷനിൽ 8.8 കോടി രൂപ വകയിരുത്തിയിട്ടുള്ളതിനാൽ വലിയ പ്രശ്നം ഉണ്ടാകില്ലെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട്-II) അറിയിച്ചു.

ബാണാസുരസാഗർ, കാരാപ്പുഴ, മൂവാറ്റുപുഴ, ഇടമലയാർ എന്നീ പദ്ധതികൾ ആരംഭിച്ച വർഷം അവയുടെ എസ്റ്റിമേറ്റ് തുക, ഇതുവരെ പൂർത്തിയാക്കിയ പ്രവൃത്തികൾ, അതിനായി ചെലവഴിച്ച തുക, ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ, അതിന് ഉദ്ദേശിക്കുന്ന ചെലവ്, അവ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് തുടങ്ങിയവ അടങ്ങിയ ഒരു ടാബുലേറ്റഡ് നോട്ട് തയ്യാറാക്കി ലഭ്യമാക്കണമെന്നും അതിനനുസരിച്ച് പ്രസ്തുത പദ്ധതികളെക്കുറിച്ച് കൂടുതൽ പഠനം നടത്തുന്നത് ആലോചിക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെടുകയും മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ ഏതെങ്കിലും പദ്ധതികൾ ഉണ്ടോയെന്ന് സമിതി ആരായുകയും ചെയ്തതിന് അഞ്ചാമതായി ഒരു പ്രോജക്ടുകൂടി ഉണ്ടെന്ന് ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I) കോഴിക്കോട് മറുപടി നൽകി.

കല്ലട ജലസേചന പദ്ധതി സംബന്ധിച്ച് അടുത്ത യോഗത്തിൽ ചർച്ച ചെയ്യാമെന്നും സമിതിയുടെ വിവിധ റിപ്പോർട്ട്കളിന്മേൽ ഇനിയും നടപടി പത്രികകൾ ലഭ്യമാക്കാത്തവയിന്മേൽ ആയത് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതിയോഗം ഉച്ചയ്ക്കശേഷം 4.15-ന് പിരിഞ്ഞു.

## 23-3-2017-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2017 മാർച്ച് 23-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.
2. ശ്രീ. കെ. കൃഷ്ണൻകുട്ടി, ,,
3. ശ്രീ. പി. ടി. എ. റഹീം, ,,
4. ശ്രീ. ഐ. ബി. സതീഷ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവി അമ്മ എസ്., ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി താരസാമുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. എ. എം. ജാഫർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. എം. അനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. കെ. എ. ജോഷി, ചീഫ് എഞ്ചിനീയർ, പ്രോജക്ട്-II
6. ശ്രീ. വി. കെ. മഹാനദേവൻ, ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി., (ഐ & എ) ജലസേചന വകുപ്പ്
7. ശ്രീമതി സി. കെ. രാധാമണി, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്
8. ശ്രീ. ടി. ജി. സെൻ, ചീഫ് എഞ്ചിനീയർ, ഐ. ഡി. ആർ. ബി. (ഐ & ഡി) ജലസേചന വകുപ്പ്

9. ശ്രീമതി കെ. എസ്. ശോഭ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ ഓഫീസ് (ഐ&എ)

10. ശ്രീ. എസ്. സാജു, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഐ.പി. ഡിവിഷൻ II, കൊട്ടാരക്കര

11. ശ്രീ. കെ. എസ്. മജീദ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.കെ.ഐ.പി., കാഞ്ഞിരപ്പുഴ

12. ശ്രീമതി വി. ശശികല ഗോപിനാഥൻ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യൂ. (ഐ.ഡി.ആർ.ബി)

13. ശ്രീ. വി ശിവകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യൂ (ഐ.ഡി.ആർ.ബി.)

14. ശ്രീ. സി. എ. ജമാലുദ്ദീൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, ചിറ്റൂർ

15. ശ്രീ. കെ. ഹരിഗോപാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.ഐ. ഡിവിഷൻ, ചെങ്ങന്നൂർ, ആലപ്പുഴ

16. ശ്രീ. കെ. ബി. ബസന്ത്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പഴശ്ശി ഇറിഗേഷൻ ഡിവിഷൻ, കണ്ണൂർ

17. ശ്രീ. കെ. എൻ. ശിവദാസൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലമ്പുഴ

18. ശ്രീമതി എം. ഹെലൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ

19. ശ്രീ. സുലൈമാൻകുട്ടി, സൂപ്രണ്ടിംഗ് എഞ്ചിനീയർ, കെ.ഐ.പി. (ആർ.ബി) സർക്കിൾ, കൊട്ടാരക്കര

20. ശ്രീ. കെ. പി. രവീന്ദ്രൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇൻ-ചാർജ് ഓഫ് ചീഫ് എഞ്ചിനീയർ, പ്രോജക്ട്-I

21. ശ്രീ. കെ. സി. അലക്സ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, കുട്ടനാട് സർക്കിൾ, ചെങ്ങന്നൂർ

22. ശ്രീമതി പി. വി. ശോശാമ്മ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, കെ. ഡി. സർക്കിൾ, കോട്ടയം

23. ശ്രീ. വി. എസ്. ഷാജി, സൂപ്രണ്ടിംഗ് എഞ്ചിനീയർ, (മെക്കാനിക്കൽ)

24. ശ്രീമതി ജയ പി. നായർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എം.വി.ഐ.പി.

25. ശ്രീ. വി. ഷൺമുഖൻ,സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട്

26. ശ്രീ. ജോയ് ജനാർദ്ദനൻ, ടെക്നിക്കൽ അസിസ്റ്റന്റ്, കെ.ഡി ഡിവിഷൻ, കോട്ടയം

27. ശ്രീ. ഒ. എം. ദിവാകരൻ, സീനിയർ ഫിനാൻസ് ഓഫീസർ, പ്രോജക്ട്-I, കോഴിക്കോട്

28. ശ്രീമതി എ. രാജരത്നം, സീനിയർ ഫിനാൻസ് ഓഫീസർ (ഇൻ-ചാർജ്), കുട്ടനാട് പാക്കേജ്, ആലപ്പുഴ.

സമിതി, 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് ധനാഭ്യർത്ഥന നമ്പർ XXXVIII-ന്റെ കീഴിൽ വരുന്ന കണക്കിനങ്ങൾ പരിശോധിക്കുകയും പ്രോജക്ട്-I, പ്രോജക്ട്-II, കുട്ടനാട് പാക്കേജ്, വെള്ളപ്പൊക്ക നിയന്ത്രണം-കടലാക്രമണ നിരോധന പദ്ധതികൾ ഡാം സൈറ്റുകൾ മനോഹരമാക്കൽ, അന്തർ സംസ്ഥാന ജലവിഭാഗം തുടങ്ങിയവ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

2700-02—<u>മലമ്പുഴ പദ്ധതി (വാണിജ്യപരം)</u>

മലമ്പുഴ പദ്ധതിയുടെ ഭരണ ചെലവുകൾക്കും സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനും മറ്റു ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കനാലുകളുടെയും മറ്റും സംരക്ഷണപ്പണികൾക്കും ഗാർഡന്റെ പണികൾക്കുമായി ഈ ശീർഷകത്തിൽ 2.8 കോടി രൂപ അധികമായി ധനഃപുനർവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

പ്രസ്തുത പദ്ധതിക്കായി 2.8 കോടി രൂപ ആവശ്യപ്പെടാനുള്ള കാരണമെന്താണെന്നും മുൻവർഷത്തെ ബഡ്ജറ്റ് വിഹിതത്തിലെ ചെലവഴിക്കാതെ വന്ന തുക വിനിയോഗിച്ചതെങ്ങനെയാണെന്നും സമിതി ആരാഞ്ഞതിന് പൂർത്തിയായ മലമ്പുഴ പദ്ധതിയുടെ ഭരണചെലവുകൾക്കും സംരക്ഷണ പണികൾക്കും വർക്ക്ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനും തോട്ടങ്ങളുടെ സംരക്ഷണ പദ്ധതിക്കുമായിട്ടാണ് മേൽപ്പറഞ്ഞ തുക വകയിരുത്തിയിട്ടുള്ളതെന്നും എല്ലാവർഷവും യഥാർത്ഥ ക്യാപിറ്റൽ കോസ്റ്റിന്റെ ഒരു വിഹിതം ഷെയർ ഡെബിറ്റായി ധനകാര്യവകുപ്പ് അഡ്ജസ്റ്റ് ചെയ്യണമെന്നും പ്രോജക്ട് II-ൽ കോമേഴ്സ്യൽ പ്രോജക്ടായ പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം 31.47 കോടി രൂപയും മുൻവർഷത്തെ (2016-17) ബഡ്ജറ്റ് വിഹിതം 27.43 കോടി രൂപയും ചെലവായ തുക 12.92 ലക്ഷവുമാണെന്നും ഇതിൽ 10 കോടി രൂപ interest adjustment ആയി മാറ്റിവച്ചിട്ടുണ്ടെന്നും 2017 ജനുവരിയിൽ 4.67 കോടി രൂപയുടെ പെന്റിംഗ് ബില്ലുകൂടി ചേർക്കാനുണ്ടെന്നും ആയത് ഇവിടെ പരാമർശിച്ചിട്ടില്ലെന്നും എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഉൾപ്പെടെയുള്ള തുകയാണ് ഇവിടെ പരാമർശിക്കേണ്ടതെന്നും കനാലുകളുടെയും മറ്റും സംരക്ഷണപണികൾക്കും ഗാർഡന്റെ പണികൾക്കുമായാണ് തുക ആവശ്യപ്പെട്ടിരിക്കുന്നതെന്നും ഈ രീതിയിൽ തന്നെയാണ് ഇതുവരെ കുറിപ്പ് ലഭ്യമാക്കിയിരുന്നതെന്നും ഇനിമുതൽ ഷെയർ ഡെബിറ്റ് കൂടി കുറിപ്പിൽ ഉൾപ്പെടുത്താൻ ശ്രമിക്കാമെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട്-II) വിശദീകരിച്ചു.

2700-03—<u>വാളയാർ പദ്ധതി (വാണിജ്യപരം)</u>

വാളയാർ പദ്ധതിയുടെ സംരക്ഷണപണികൾക്കും മറ്റു ചെലവുകൾക്കും ഭരണവും നടത്തിപ്പിനുമായി വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ കനാലുകളുടെയും മറ്റും സംരക്ഷണപ്പണികൾക്കും ഗാർഡന്റെ പണികൾക്കുമായി ഈ ശീർഷകത്തിൽ 1.02 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2700-04—<u>മംഗലം പദ്ധതി (വാണിജ്യപരം)</u>

മംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കും മറ്റുചെലവുകൾക്കും ഭരണവും നടത്തിപ്പിനുമായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കനാലുകളുടെയും മറ്റും അറ്റകുറ്റപണികൾക്കും ഗാർഡന്റെ പണികൾക്കുമായി ഈ ശീർഷകത്തിൽ 1.52 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2700-05—മീങ്കര പദ്ധതി (വാണിജ്യപരം)

മീൻകര പദ്ധതിയുടെ സംരക്ഷണ പണികൾക്കും മറ്റുചെലവുകൾക്കും ഭരണവും നടത്തിപ്പിനുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കനാലുകളുടെയും മറ്റും അറ്റകുറ്റപ്പണികൾക്കും ഗാർഡന്റെ പണികൾക്കുമായി ഈ ശീർഷകത്തിൽ 1.015 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2700-12—പഴശ്ശി പദ്ധതി (വാണിജ്യേതരം)

പഴശ്ശി പദ്ധതിയിലെ ഭരണചെലവുകൾക്കും സംരക്ഷണ പണികൾക്കും മറ്റ് ചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കനാലിന്റെയും ബാരേജിന്റെയും മറ്റും അറ്റകുറ്റപണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 9.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2700-13—കുറ്റ്യാടി പദ്ധതി (വാണിജ്യേതരം)

1963-ൽ ആരംഭിച്ച് 1993-ൽ പൂർത്തിയായ കുറ്റ്യാടി പദ്ധതിയിലെ ഭരണചെലവുകൾക്കും സംരക്ഷണപ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനുമായി വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത പദ്ധതിയിലെ കാലപ്പഴക്കം ചെന്ന കനാലുകൾ അടിയന്തരമായി അറ്റകുറ്റപണികൾ നടത്തുന്നതിനും ജലസേചനവകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന കാവേരി ഹൗസിന്റെ സംരക്ഷണത്തിനുമായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2700-17—ചിറ്റൂർപ്പുഴ പദ്ധതി (വാണിജ്യേതരം)

ചിറ്റൂർപ്പുഴ പദ്ധതിയുടെ സംരക്ഷണപണികൾക്കും മറ്റുള്ളവയ്ക്കുമായി വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണപണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന്ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ജനങ്ങൾ കടിവെള്ളമില്ലാതെ കഷ്ടപ്പെടുന്ന അവസരത്തിൽ കനാലിലെ 60% വെള്ളം റോഡിലൂടെയും കൊയ്ത്തുകണ്ടങ്ങളിലൂടെയും പാഴായി പോകുന്നുവെന്നും ഇതുമൂലം ബ്രാഞ്ച് കനാലിന് നാശം സംഭവിച്ചുവെന്നും ആയതിന് നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും അഭിപ്രായപ്പെട്ട സമിതി 2016-17-ൽ കനാലിന്റെ അറ്റകുറ്റപണികൾ നടത്താത്തതിനെ സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു.

പുൽപ്പള്ളി ബ്രാഞ്ചിലേക്ക് തിരിക്കാനായി വെള്ളം തുറന്നുവിട്ടപ്പോൾ സമീപവാസികൾ ഇതിന്റെ ഒരു ബ്രാഞ്ച് തുറന്നുവിട്ടതാണ് ഇത്തരത്തിൽ സംഭവിക്കാൻ ഇടയാക്കിയതെന്നും മുൻഗണനാ ലിസ്റ്റ്പ്രകാരം എല്ലാവർഷവും കനാലിൽ അറ്റകുറ്റപണികൾ നടത്തുന്നുണ്ടെന്നും കഴിഞ്ഞ വർഷം ഈ ഭാഗത്ത് അറ്റകുറ്റപണികൾ നടത്തിയിട്ടില്ലെന്നും 2017-18 സാമ്പത്തിക വർഷത്തെ മുൻഗണനാ ലിസ്റ്റിൽ ഇതുകൂടി ഉൾപ്പെടുത്തുന്നതാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, ചിറ്റൂർ അറിയിച്ചു.

മെയിൻ കനാലിലെ സ്ലാബിലാണ് അറ്റകുറ്റപ്പണി നടത്തേണ്ടതെന്നും കനാൽ പൂർണ്ണമായും തകർന്നിരിക്കയാണെന്നും ബഡ്ജറ്റിൽ ഇതിന്റെ പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ ഉൾപ്പെടുത്തേണ്ടതാണെന്നും അഭിപ്രായപ്പെട്ട സമിതിയോട് ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാമെന്ന് സെക്രട്ടറി ജലവിഭവ വകുപ്പ് അറിയിച്ചു

2700-18—<u>കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)</u>

കാഞ്ഞിരപ്പുഴ പദ്ധതിയുടെ ഭരണചെലവുകൾക്കും സംരക്ഷണപണികൾക്കും മറ്റ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണപണികൾ നടത്തുന്നതിന് ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

കാഞ്ഞിരപ്പുഴ പദ്ധതിയെച്ചൊല്ലി സമരങ്ങളും പ്രശ്നങ്ങളും നടക്കുന്നുണ്ടെന്നും അവിടെ ഉണ്ടായിരുന്ന ഫൗണ്ടേഷന്റെ പുറത്തുകൂടി കോൺട്രാക്ടർ പണി തുടങ്ങിയെന്നതാണ് നാട്ടുകാരുടെ പരാതിയെന്നും അഭിപ്രായപ്പെട്ട സമിതിയോട് പ്രസ്തുത പദ്ധതി ഡ്രിപ്പ് ഇറിഗേഷന് വേണ്ടി ചെയ്യുന്നതാണെന്നും അതിനു റീച്ചുമായി ബന്ധമില്ലെന്നും ഡ്രിപ്പ് ഇറിഗേഷനിൽ അറേഞ്ച് ചെയ്യുന്ന വർക്കിന്റെ ബൗണ്ടറി വാളിന്റെ കേസാണിതെന്നും കനാലിന്റെ വർക്കുമായി ഇതിന് ബന്ധമില്ലെന്നും 40 വർഷങ്ങൾക്കുമുമ്പ് കെട്ടിയ

കോമ്പൗണ്ട് വാളാണ് അവിടെ ഉള്ളതെന്നും അതിന്റെ പല ഭാഗവും തകർന്നു കിടക്കുകയാണെന്നും, നിലവിൽ അവിടെയുള്ള ഫൗണ്ടേഷൻ 90 cm വീതിയുള്ള ഡി.ആർ പാർക്കിംഗിലാണ് നിർമ്മിച്ചിരിക്കുന്നതെന്നും അത് പൂർണ്ണമായും നീക്കം ചെയ്ത് 70 cm ഡി.ആർ. പാർക്കിംഗിൽ ഫൗണ്ടേഷൻ ഇടണമെന്നതാണ് എസ്റ്റിമേറ്റ് പ്രൊവിഷനെന്നും യഥാർത്ഥത്തിൽ നിലവിലുള്ള ഫൗണ്ടേഷൻതന്നെ ഉപയോഗിക്കാവുന്നതാണെന്നും അതിനുള്ള തുക ഉപയോഗിച്ച് 20% ബൗണ്ടറിവാൾ എക്സ്റ്റൻഡ് ചെയ്യുകയെന്നതാണ് ലക്ഷ്യമെന്നും അതിനുള്ള പ്രൊപ്പോസൽ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കൊടുത്തിട്ടുണ്ടെന്നും അത് എസ്ഇ പരിശോധിച്ച് വർക്ക് പ്രൊഡ്യൂസ് ചെയ്യാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.കെ.ഐ.പി., കാഞ്ഞിരപ്പുഴ വിശദീകരിച്ചു.

2700-25—<u>മൂലത്തറ ആർ. ബി കനാൽ (വാണിജ്യേതരം)</u>

മൂലത്തറ ആർ. ബി കനാലിന്റെ സംരക്ഷണപണികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2700-80-001-99—<u>വൻകിട ജലസേചനം—ജനറൽ—ഭരണവും നടത്തിപ്പും—വിവര സാങ്കേതികവിദ്യ</u>

പ്രോജക്ട്സ് ചീഫ് എഞ്ചിനീയർ ഓഫീസിലെ ശമ്പളത്തിനും മറ്റ് അലവൻസുകൾക്കും ഭരണചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കമ്പ്യൂട്ടറുകളും അനുബന്ധസാധനങ്ങളും വാങ്ങിക്കുന്നതിനായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2701-11—<u>പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)</u>

പോത്തുണ്ടി പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും മറ്റ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണത്തിനും ഗാർഡന്റെ പണികൾക്കുമായി ഈ ശീർഷകത്തിൽ 81 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-12—അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

അട്ടപ്പാടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ പുനർവിന്യാസത്തെ സംബന്ധിച്ച് കൈക്കൊണ്ട തീരുമാനത്തെക്കുറിച്ച് സമിതി വിശദാംശം ആരാഞ്ഞതിന് 2003 മുതൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1199 പോസ്റ്റുകൾ നിർത്തലാക്കിയെന്നും കൂടാതെ എക്സസായ എല്ലാ പോസ്റ്റുകളും പുനർവിന്യസിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ, ഐഡിആർബി (ഐ&എ) ജലസേചന വകുപ്പ് മറുപടി നൽകി.

2701-17—ചേരാമംഗലം പദ്ധതി (വാണിജ്യേതരം)

ചേരാമംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ സംരക്ഷണപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-20—വെള്ളിയാങ്കല്ല് കോസ്‌വേ (വാണിജ്യേതരം)

വെള്ളിയാങ്കല്ല് കോസ്‌വേ പദ്ധതികളുടെ സംരക്ഷണ പണികൾക്കും മറ്റ് ചെലവുകൾക്കുമായി വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ സംരക്ഷണപ്പണികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2701-80-001-93(2)—ഇടത്തരം ജലസേചനം—ജനറൽ—ഭരണ നടത്തിപ്പും—കാവേരി നദീതട പദ്ധതികൾ—നടത്തിപ്പ്

കാവേരി തടത്തിലെ പ്രോജക്ടുകളുടെ നടത്തിപ്പും ഡിവിഷൻ ഓഫീസുകളുടെ ശമ്പളവും അലവൻസുകളും ഈ ശീർഷകത്തിനായി അനുവദിച്ചിരിക്കുന്ന തുകയിൽ നിന്നും വഹിക്കുന്നതിനാൽ 06—ആർ.ആർ.ടി., 21—മോട്ടോർ വെഹിക്കിൾ-2 (അറ്റകുറ്റപണികൾ) 45—പി.ഒ.എൽ, 99—വിവര സാങ്കേതികവിദ്യ എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 5.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4700-25—മൂലത്തറ ആർ. ബി. കനാൽ (വാണിജ്യേതരം)(പ്ലാൻ)

പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 9-6-2015-ലെ ജി. ഒ. (എംഎസ്.) നം. 54/2015/ജലവിഭവ പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4700-28—ബാണാസുരസാഗർ പദ്ധതി (വാണിജ്യേതരം)

ബാണാസുര സാഗർ പദ്ധതിയുടെ ഭരണ ചെലവുകൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ശമ്പളം നൽകുന്നതിനും മരാമത്തു പണികൾക്കും പദ്ധതി പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4701-12—അട്ടപ്പാടി പദ്ധതി (പ്ലാൻ)

അട്ടപ്പാടി പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ തത്വത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കേണ്ടതിലേക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

അട്ടപ്പാടി പദ്ധതിയ്ക്കായി ഏറ്റെടുത്ത ഭൂമിയെ സംബന്ധിച്ച വിശദാംശം സമിതി ആവശ്യപ്പെട്ടതിന് പ്രസ്തുത ഭൂമിയിലെ കെട്ടിടങ്ങൾ മാത്രമേ കൈമാറിയിട്ടുള്ളൂവെന്നും ഭൂമി സർക്കാരിന്റെ കൈവശമാണുള്ളതെന്നും പദ്ധതിയ്ക്കായി ഉണ്ടാക്കിയ കെട്ടിടങ്ങളെല്ലാം മറ്റ് വകുപ്പുകൾക്ക് താൽക്കാലികമായി ഉപയോഗിക്കാൻ അനുമതി കൊടുത്തിട്ടുണ്ടെന്നും ഭൂമിയുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമല്ലെന്നും കുറച്ച് ഭൂമി ആദിവാസികൾ കയ്യേറിയിട്ടു ണ്ടെന്നും ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. (ഐ &എ) ജലസേചന വകുപ്പ് അറിയിച്ചു.

പ്രസ്തുത വിഷയം ഗൗരവകരമായി കാണേണ്ടതാണെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത സ്ഥലം സന്ദർശിച്ച് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ജലവിഭവ സെക്രട്ടറിയോട് ആവശ്യപ്പെടാനും അട്ടപ്പാടി പദ്ധതിയിലെ ഏറ്റെടുത്ത ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കാൻ റവന്യൂ, ഇറിഗേഷൻ തുടങ്ങിയ വകുപ്പുകൾ ചേർന്ന് സംയുക്ത പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

4701-13—കബിനി-കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)

കബിനി-കാരാപ്പുഴ പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും പദ്ധതി പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള നടപടികൾക്ക് ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4701-18—ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി (വാണിജ്യേതരം)

ചമ്രവട്ടം പദ്ധതിയുടെ പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിയിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700-01—പെരിയാർ നദീതട പദ്ധതി (വാണിജ്യപരം)

പെരിയാർ നദീതട പദ്ധതിയുടെ ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസുകളുടെയും എസ്റ്റാബ്ലിഷ്മെൻറ് ചെലവിനും നിർമ്മാണം പൂർത്തിയായ ഭാഗങ്ങളുടെ സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും മറ്റു ചെലവുകൾക്കും ചാർജ്ഡ് ചെലവുകൾക്കുമായി വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 750 കി.മീറ്റർ കനാലിന്റെ അറ്റകുറ്റപണികൾക്കായും തകർന്നു കിടക്കുന്ന പാലങ്ങളുടെ പുനരുദ്ധാരണത്തിനും കനാൽ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിനും ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2700-11—നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം)

നെയ്യാർ പദ്ധതിയുടെ സംരക്ഷണപണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കുമായി വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ആവശ്യമായ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700-14—വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

വടക്കാഞ്ചേരി പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയിലെ അറ്റകുറ്റപണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700-16—പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കും സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും പമ്പാ നദീതട അതോറിറ്റി രൂപീകരിക്കുവാനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700-27—കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

കല്ലട ജലസേചന പദ്ധതിയുടെ ഭരണവും നടത്തിപ്പും ചെലവുകൾക്കായും സംരക്ഷണ പ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-02—ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ സംരക്ഷണപണികൾക്കും കനാലുകളുടെ വാലറ്റം വരെ ജലവിതരണം നടത്തുന്നതിനും ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-03—ചീരക്കുഴി പദ്ധതി (വാണിജ്യപരം)

നടപ്പുസാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-14—ചിമ്മിണി മുപ്ലി പദ്ധതി (വാണിജ്യേതരം)

നടപ്പുസാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ സംരക്ഷണ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2701-80-800-97—<u>ഇടത്തരം ജലസേചനം—ജനറൽ—മറ്റു ചെലവുകൾ—മറ്റ് ജലസേചന പണികളുടെ സംരക്ഷണ പണികളും അറ്റകുറ്റപണികളും</u>

പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണ പണികൾക്കും തൃശ്ശൂർ കോൾ നിലയങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായി ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ തൃശ്ശൂർ നിലയത്തിൽ ജലസേചന സ്കീമിലെ അറ്റകുറ്റപ്പണികൾക്കും ജലസേചന പദ്ധതികളുടെ ഷട്ടറുകളും മറ്റും പുനഃസ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 7.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത പദ്ധതിയ്ക്കായി എല്ലാ വർഷവും 2.5 കോടി രൂപയാണ് ലഭിക്കുന്നതെന്നും അഡീഷണലായി 7.5 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് II) അറിയിച്ചതിനെത്തുടർന്ന് ആയതിന് അഡീഷണൽ ഓതറൈസേഷൻ നാളിതുവരെ കിട്ടിയില്ലേ എന്ന് സമിതി ആരാഞ്ഞു. ഇപ്രാവശ്യം 4 കോടി രൂപയുടെ അഡീഷണൽ ആതറൈസേഷൻ കിട്ടിയിട്ടുണ്ടെന്നും ഫിനാൻസ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ടപ്പോഴാണ് അഡീഷണൽ ആതറൈസേഷൻ കിട്ടിക്കഴിഞ്ഞാൽ 2017 മാർച്ച് 31-ന് മുമ്പുതന്നെ അത് ചെലവഴിക്കണമെന്ന് അറിയാൻ കഴിഞ്ഞതെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

അഡീഷണൽ ആതറൈസേഷൻ ലഭിച്ച് വർക്ക് എക്സിക്യൂട്ട് ചെയ്ത് മാർച്ച് 31-ന് മുമ്പ് എക്സ്പെൻഡിച്ചർ കാണിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടതിന് എക്സ്പെൻഡിച്ചറാക്കാൻ കഴിയില്ലെന്നും അഡീഷണൽ ആതറൈസേഷനായി വന്നതുകൊണ്ട് മാർച്ച് 31-ന് മുമ്പുതന്നെ എക്സ്പെൻഡിച്ചർ ആക്കണമെന്നും അതുകൊണ്ട് വർക്ക് അറേഞ്ച് ചെയ്യാൻ കഴിയില്ലെന്നും ടെണ്ടർ വിളിക്കാൻ മാത്രമേ കഴിയുകയുള്ളൂവെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് II) അറിയിച്ചു.

4700-20—<u>ഇടമലയാർ പദ്ധതി (വാണിജ്യേതരം)</u>

ഇടമലയാർ പദ്ധതിക്കായി അനുവദിച്ച 20 കോടി രൂപ അപര്യാപ്തമായതിനാൽ കനാൽ നിർമ്മാണത്തിനും ബ്രാഞ്ചുകൾ, കനാലുകൾ, ഡിസ്ട്രിബ്യൂട്ടറി എന്നിവയ്ക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4700-22—മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)

മൂവാറ്റുപുഴ പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മൂവാറ്റുപുഴ പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ പദ്ധതി വർക്കുകൾ AIBP ഏറ്റെടുക്കുന്നതിന് ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4701-25—പാമ്പാർ ബേസിൽ പ്രോജക്ട്

പ്രസ്തുത പദ്ധതിക്കായി 53 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയതിന്റെ വർക്കുകൾ നടന്നുവരികയാണെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് II) സമിതിയെ അറിയിച്ചു.

4700-80-800-89—നിയമസഭാ നിയോജക മണ്ഡലത്തിന്റെ ആസ്തി വികസന പദ്ധതി വികസന ഫണ്ട് (LAC -ADS)

പ്രസ്തുത ശീർഷകത്തിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും എം.എൽ.എ.മാരാണ് വർക്കിനുള്ള പ്രൊപ്പോസൽ നൽകുന്നതെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് II) അറിയിച്ചതിനെത്തുടർന്ന് എം.എൽ.എ.മാരുടെ വികസന ഫണ്ട് വകുപ്പിന്റെ പരിധിയിൽ വരുന്നതെങ്ങനെയാണെന്ന് സമിതി ആരാഞ്ഞു.

ഇത് ബഡ്ജറ്റ് പ്രൊവിഷനാണെന്നും പ്രൊപ്പോസൽ കൊടുക്കുന്നത് എം.എൽ.എ.മാരാണെന്നും വകുപ്പിന്റെ ഭാഗത്തുനിന്നും ഒരു വർക്കും പ്രൊപ്പോസ് ചെയ്യുന്നില്ലെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് II) അറിയിച്ചു.

ആസ്തി വികസന ഫണ്ടിൽ നിന്നും ഓരോ എം.എൽ.എ.ക്കും അഞ്ച് കോടി രൂപയ്ക്കകത്ത് വരുന്ന പ്രോജക്ടുകൾ മാത്രമേ പ്രൊപ്പോസ് ചെയ്യാൻ സാധിക്കുക യുള്ളുവെന്നും എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു വിഹിതം ഈ ഹെഡിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണെന്നും അതിൽ നിന്നുമാണ് ഭരണാനുമതി കൊടുക്കുന്നതെന്നും അഭിപ്രായപ്പെട്ട സമിതി, എം.എൽ.എ.മാർ പ്രൊപ്പോസൽ തന്നാൽ ഫണ്ട് ചെലവഴിക്കുന്നത് ഇറിഗേഷൻ ഹെഡിൽ നിന്നുള്ള തുകയിൽ നിന്നു തന്നെയാണോ എന്ന് ആരാഞ്ഞു. ഇറിഗേഷൻ വകുപ്പിന് പ്രത്യേകമായി ഫണ്ടില്ലെന്ന് ചീഫ് എഞ്ചിനീയർ (പ്രോജക്ട് II) അറിയിച്ചു.

കുന്ദമംഗലം മണ്ഡലത്തിലെ ഒരു വർക്കിന് ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടും ധനകാര്യവകുപ്പ് അനുവാദം

നൽകിയില്ലെന്നും ടെണ്ടർ എക്സസിന് നബാർഡ് 5% മാത്രമേ തുക അനുവദിക്കാറുള്ളൂവെന്നും പ്രസ്തുത വർക്ക് ചെയ്യണമെങ്കിൽ അതിനൊരു ഗ്യാപ് ഫണ്ട് ആവശ്യമാണെന്നും എം.എൽ.എ. ഒരു വർക്ക് ചെയ്തതിൽ എക്സസ് വന്നാൽ അത് ആസ്തി വികസന ഫണ്ടിൽ നിന്നും കൊടുക്കാൻ അംഗങ്ങൾ തയ്യാറാണെന്നും സമിതി അഭിപ്രായപ്പെട്ടു.

എം.എൽ.എ. ഫണ്ടായാലും എസ്.ഡി.എസ്. ഫണ്ടായാലും, സെൻട്രൽ ഗവൺമെന്റ് അനുവദിക്കുന്ന ഫണ്ടിന് നിശ്ചിതമായ ഗൈഡ് ലൈസൻസുണ്ടെന്നും അത് നയപരമായി സർക്കാർ തലത്തിൽ തീരുമാനിക്കേണ്ട കാര്യമാണെന്നും പ്രസ്തുത ഗൈഡ് ലൈനിൽ വരുന്ന പദ്ധതികൾക്ക് മാത്രമേ അനുമതി ലഭിക്കാറുള്ളൂവെന്നും ജോയിന്റ് സെക്രട്ടറി ധനകാര്യ വകുപ്പ് അറിയിച്ചു.

മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നബാർഡ് വർക്കുകളിലെ ടെണ്ടർ എക്സസ് സംബന്ധിച്ച വിഷയം പരിഹരിക്കുന്നതിനായി സ്റ്റേറ്റ് ഗ്യാപ് ഫണ്ട് അനുവദിക്കുന്നത് പരിശോധിക്കണമെന്ന് ഫിനാൻസ് വകുപ്പിനോട് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4701-80-800-76—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റു ചെലവുകൾ—മുൻഗണനാ പ്രവൃത്തികൾ</u>

ഇടത്തരം ജലസേചന പദ്ധതികളിലെ മുൻഗണനാ പ്രവൃത്തികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മുമ്പ് അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4702-00-102-96—<u>ചെറുകിട—ജലസേചനം സംബന്ധിച്ച മൂലധന ചെലവ്—ഭൂഗർഭജലം—മീനച്ചിൽ ചെക്ക് ഡാം</u>

പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മീനച്ചിൽ ചെക്ക് ഡാമിലെ നിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുന്ന അരുണാപുരം മിനിഡാമിന്റെ നിർമ്മാണ ചെലവുകൾക്കായി 10 കോടി രൂപയും മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് മിനി ഡാമുകൾ ടെണ്ടർ ചെയ്യുന്നതിനായി 10 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4711-01-103-99—<u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്—വെള്ളപ്പൊക്ക നിയന്ത്രണം—സിവിൽ പണികൾ (പ്ലാൻ)</u>

തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തിലെ മറ്റ് പ്രദേശങ്ങളിലെ വെള്ളപ്പൊക്കനിയന്ത്രണ പദ്ധതികൾക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-01-103-87—<u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്—സിവിൽ പണികൾ—കുട്ടനാട് പാക്കേജ് (50% CSS)</u>

കുട്ടനാട് പാക്കേജിലെ പ്രവൃത്തികൾക്ക് നടപ്പുസാമ്പത്തികവർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച KEL-I എന്ന എഫ്. എം. പി. സ്കീം 31-3-2016-ലും KEL-II സ്കീം 30-9-2016-ലും അവസാനിച്ചുവെങ്കിലും മേൽ സ്കീമിലെ നിർമ്മാണ പ്രവൃത്തികളുടെ ഫൈനൽ ബിൽ തുകകൾ കൊടുക്കുന്നതിനും ഇനിയും തീർക്കേണ്ട പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണത്തിനും തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 261 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2012-13 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താരതമ്യ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ താഴെപ്പറയുന്ന പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകി.

കേന്ദ്ര സർക്കാരിൽ നിന്ന് ഗ്രാന്റ് ലഭിക്കുന്നതിനനുസരിച്ച് 450 കോടി രൂപ അധികമായി വകയിരുത്തേണ്ടിവരുമെന്ന് കരുതിയിരുന്നെങ്കിലും ആയത് വേണ്ടി വന്നില്ലെന്ന് പരാമർശിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടതിന് 2012-13-ൽ കുട്ടനാട് പാക്കേജ് ആരംഭിച്ച സമയമായതിനാൽ വർക്കുകളൊന്നും അറേഞ്ച് ചെയ്തിരുന്നില്ലെന്നും സെൻട്രൽ ഗവൺമെന്റിൽ നിന്നും ഫണ്ട് ലഭിക്കുന്നതിന് ബഡ്ജറ്റിൽ വിഹിതം കാണിക്കണമായിരുന്നെന്നും ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് വിശദീകരിച്ചു.

ശിപാർശ നമ്പർ 84

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച കെ.ഇ.എൽ. I എന്ന എഫ്.എം.പി. സ്കീം 31-3-2016-ലും കെ.ഇ.എൽ. II സ്കീം 30-9-2016-ലും അവസാനിച്ചുവെങ്കിലും മേൽ സ്കീമിലെ പ്രവൃത്തികളുടെ ഫൈനൽ ബിൽ തുകകൾ കൊടുത്തു തീർക്കുവാനുണ്ടെന്നും പ്രസ്തുത സ്കീമിന് ഈ വർഷം ബഡ്ജറ്റിൽ അലോട്ട്മെന്റില്ലെന്നും 2016-17 ബഡ്ജറ്റ് വിഹിതമായി ലഭിച്ചത് 100 കോടി രൂപയും എസ്.ഡി.ജി. ആയി 71.14 കോടി രൂപയും ഉൾപ്പെടെ ആകെ ലഭിച്ചത് 171.14 കോടി രൂപയാണെന്നും ഇതിനുപുറമെ ഈ വർഷം 90 കോടി രൂപകൂടി ആവശ്യപ്പെടുന്നുണ്ടെന്നും ഏകദേശം 45 കോടി രൂപയുടെ പെന്റിംഗ് ബില്ലുകൾ വരാനുണ്ടെന്നും ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് അറിയിച്ചു.

ശിപാർശ നമ്പർ 76

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച കെ.ഇ.എൽ. 3, കെ.ഇ.എൽ. 4, എഫ്.എം.പി. സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്രാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം, കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണ ജോലികൾ, തോട്ടപ്പള്ളി സ്പിൽവേ എന്നിവയ്ക്കായി സമിതി ശിപാർശ ചെയ്ത അധികതുക ലഭ്യമായില്ലെന്നും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഏറ്റെടുത്ത പ്രവൃത്തികൾ മാത്രമേ 2015-16 സാമ്പത്തിക വർഷം സുഗമമായി നിർമ്മാണം നടത്താൻ സാധിച്ചിരുന്നുള്ളുവെന്നും ആയതിനാൽ അധികമായി ആവശ്യപ്പെട്ട തുക ആവശ്യമില്ലെന്ന് പരാമർശിക്കാനിടയായ സാഹചര്യം വ്യക്തമാണെന്ന് അഭിപ്രായപ്പെട്ട സമിതിയോട് കുട്ടനാട് പാക്കേജിൽ 2015-16 വരെയുള്ള കേന്ദ്രസംസ്ഥാന വിഹിതം 75:25 ഉം 2016-17-ൽ 50:50 ഉം ആണെന്നും ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയാണെങ്കിലും മുൻ വർഷങ്ങളിൽ സംസ്ഥാനം ചെലവഴിച്ച തുക കേന്ദ്ര ഗവൺമെന്റിൽ നിന്നും റീഇംബേഴ്സ് ചെയ്ത് വാങ്ങുന്നതിനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ലെന്നും ജോയിന്റ് സെക്രട്ടറി ധനകാര്യ വകുപ്പ് അറിയിച്ചു.

4711-01-103-98—തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പണികൾ

പ്രസ്തുത ഹെഡിലെ (പ്ലാൻ) ഇനത്തിൽ ചെയ്ത വർക്കുകളെ സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

2701-15-101-99-98—ഇടത്തരം ജലസേചനം—കുട്ടനാട് വികസന പദ്ധതി—സംരക്ഷണ പണികൾ—വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ

തോട്ടപ്പള്ളി സ്പിൽവേയുടെയും മറ്റു ബണ്ടുകളുടെയും വികസന പണികൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ കുട്ടനാട് പാക്കേജ് പദ്ധതികളുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 13.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-16-101-99-98-18—ഇടത്തരം ജലസേചനം—കാട്ടാമ്പള്ളി പദ്ധതി—സംരക്ഷണപ്പണികൾ—വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്—സംരക്ഷണ പണികൾ മറ്റു ചെലവുകൾ—സംരക്ഷണം

കാട്ടാമ്പള്ളി പദ്ധതിയുടെ പൂർത്തിയാക്കപ്പെട്ട സിവിലും മെക്കാനിക്കലും ആയിട്ടുള്ള പണികളുടെ സംരക്ഷണ പണികൾക്കുവേണ്ടി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതി അനുബന്ധിച്ചുള്ള താൽക്കാലിക ഷട്ടർ ഓപ്പറേറ്റർമാരുടെ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും—ശമ്പളം—സിവിൽ വർക്ക്—വെള്ളപ്പൊക്ക നിയന്ത്രണപണികൾ—സംരക്ഷണം

പ്രസ്തുത പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിട്ടുള്ള തുക അപര്യാപ്തമായതിനാൽ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2711-01-103-98—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും—ശമ്പളം—സിവിൽ പണികൾ—വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റപണികൾ

വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ സംരക്ഷണത്തിനും വെള്ളപ്പൊക്കം മൂലം ഉണ്ടാകുന്ന കെടുതികളുടെ അറ്റകുറ്റപ്പണികൾക്കുമായി നടപ്പുസാമ്പത്തികവർഷത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2711-02-103-99—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും—വേതനം—സിവിൽ വർക്ക്സ്—കടലാക്രമണ നിരോധന പണികൾ—സംരക്ഷണം

കടൽ ഭിത്തികളുടെ സംരക്ഷണ പണികൾക്കും പ്രകൃതിക്ഷോഭത്തിൽ നിന്ന് കടൽ തീരത്തെ രക്ഷിക്കുന്നതിനുമുള്ള അടിയന്തര പണികൾക്കുമായി വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4711-02-103-99—വെള്ളപ്പൊക്ക നിയന്ത്രണപദ്ധതികൾ സംബന്ധിച്ച മൂലധന ചെലവ് പദ്ധതികൾ—സിവിൽ പണികൾ

കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും പഴയവ പുതുക്കി പണിയുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ കടൽ ഭിത്തിയുടെ നിർമ്മാണത്തിനും പുലിമുട്ട് നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2700-80-800-98—വൻകിട ജലസേചനം—ജനറൽ—മറ്റു ചെലവുകൾ—ഡാം സൈറ്റുകൾ മനോഹരമാക്കൽ

ഡാമുകൾക്ക സമീപത്തായി ടൂറിസം പദ്ധതികൾ നടപ്പിലാക്കുകയാണെങ്കിൽ എല്ലാ വർഷവും സംസ്ഥാനത്തിനകത്തും പുറത്തുനിന്നും ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധിക്കും. എന്നാൽ ഡാമുകൾ മനോഹരമാക്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ടൂറിസം വികസനത്തിനായും ഡാമുകൾ മനോഹരമാക്കുന്നതിലേക്കായും ഈ ശീർഷകത്തിൽ 26.01 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-005-95—ഇടത്തരം ജലസേചനം—ജനറൽ—സർവ്വേയും ഇൻവെസ്റ്റിഗേഷനും—ജോയിൻറ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്

പ്രസ്തുത ശീർഷകത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പറമ്പിക്കുളം ആളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് ഗേജിംഗ് ജോലികളിൽ ഏർപ്പെടുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പദ്ധതിയുമായി

ബന്ധപ്പെട്ട് കേരളത്തിന്റെ ഗേജിംഗ് സ്റ്റാഫുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് തമിഴ്നാട് ഗവൺമെന്റ് നിശ്ചയിക്കുന്ന വാടക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 67.6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-005-98—ഇടത്തരം ജലസേചനം—ജനറൽ—സർവ്വേയും ഇൻവെസ്റ്റിഗേഷനും—അന്വേഷണവും ഗവേഷണവും

2014-15, 2015-16, 2016-17 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുകയും 2017-18 സാമ്പത്തികവർഷത്തിൽ ആവശ്യമായ തുകയും ചേർത്ത് ഗേജിംഗ് നടത്തുന്നതിന് ഈ ശീർഷകത്തിൽ 2.7474 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-005-97—ഇടത്തരം ജലസേചനം—ജനറൽ—സർവ്വേയും ഇൻവെസ്റ്റിഗേഷനും—അന്വേഷണവും—രൂപകൽപ്പനയും (പ്ലാൻ)

അന്വേഷണവും രൂപകല്പനയും എന്ന ശീർഷകത്തിന് നടപ്പുസാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഹൈഡ്രോളജി ഇൻഫർമേഷൻ സ്കീമിന്റെ ആധുനികവൽക്കരണത്തിനുവേണ്ടി ഭരണാനുമതി ലഭിച്ച് പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പദ്ധതി നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-005-99—ഇടത്തരം ജലസേചനം—ജനറൽ—സർവ്വേയും ഇൻവെസ്റ്റിഗേഷനും—ഇൻവെസ്റ്റിഗേഷൻ സർക്കിളുകളും ഡിവിഷനുകളും.

2014-15, 2015-16, 2016-17 സാമ്പത്തികവർഷങ്ങളിൽ ഓഫീസ് നടത്തിപ്പിനു വേണ്ടിയുള്ള വൈദ്യുതി ചാർജ്, കെട്ടിട വാടക, ടെലിഫോൺ ചാർജ്, സ്വീപ്പർമാരുടെ വേതനം, വാഹനങ്ങളുടെ ഇന്ധന ചെലവ്, തപാൽ ചെലവുകൾ തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 84 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4700-80-005-99—വൻകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—സർവ്വേയും അന്വേഷണവും—ജലസേചനം പദ്ധതികളിന്മേൽ അന്വേഷണം

പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജലം സംരക്ഷിക്കുവാൻ ആവശ്യമായ പര്യവേഷണ പ്രവൃത്തികൾ നടത്തുന്നതിന് ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-800-94-04—ഇടത്തരം ജലസേചനം—ജനറൽ—മറ്റു ചെലവുകൾ—കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം—യാത്രാ ചെലവുകൾ

അന്തർസംസ്ഥാന ജല വിഷയവുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ ബഹു. സുപ്രീംകോടതിയിലും മറ്റു കോടതികളിലും ഉള്ളതിനാൽ ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർക്കും മറ്റ് സാങ്കേതിക വിദഗ്ദ്ധർക്കും ഇതുമായി ബന്ധപ്പെട്ട് ഡൽഹിയിലേക്കും, മറ്റു സ്ഥലങ്ങളിലേക്കും യാത്ര ചെയ്യുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 8.25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-800-94-45—ഇടത്തരം ജലസേചനം—ജനറൽ-മറ്റു ചെലവുകൾ—കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം—പി.ഒ.എൽ.

ഡൽഹിയിലെ കാവേരി സ്പെഷ്യൽ സെല്ലിലെയും മുല്ലപ്പെരിയാർ സെൽ ചെയർമാന്റെയും ഔദ്യോഗിക വാഹനങ്ങളുടെ ഇന്ധന ചെലവ് നിറവേറ്റുന്നതിനായി 50,000 രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ബഹു. സുപ്രീംകോടതിയിൽ നിലവിലുള്ള കേസുകളുമായി ബന്ധപ്പെട്ട നേരിട്ടുള്ള പ്രവർത്തനങ്ങൾക്കും അനുബന്ധാവശ്യങ്ങൾക്കും കാവേരി സ്പെഷ്യൽ സെല്ലിലെ വാഹനങ്ങൾ ഉപയോഗിക്കേണ്ടിവരുന്നതിനാൽ ഇതിനായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 75,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4701-80-800-81—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനചെലവ്—ജനറൽ—മറ്റു ചെലവുകൾ—ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനുവേണ്ടിയുള്ള നിലവാര നിർണ്ണയം

ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനു വേണ്ടിയുള്ള നിലവാര നിർണ്ണയത്തിന്റെ പരീക്ഷണ പദ്ധതിയായി മലമ്പുഴ പ്രോജക്ടിനെ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിലേക്കായി നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.95 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-800-94-21-2—ഇടത്തരം ജലസേചനം—ജനറൽ—മറ്റു ചെലവുകൾ—കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും—അറ്റകുറ്റപ്പണികളും

ഡൽഹിയിലെ കാവേരി സ്പെഷ്യൽ സെല്ലിലെയും മുല്ലപ്പെരിയാർ സെൽ ചെയർമാന്റെയും ഔദ്യോഗിക വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട ചെലവുകൾ നിറവേറ്റുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഈ ശീർഷകത്തിൽ 1.30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-01-101-98-18—ഇടത്തരം ജലസേചനം—പീച്ചി ജലസംഭരണ പദ്ധതി—സംരക്ഷണപണികൾ—സംരക്ഷണം

പീച്ചി ജലസംഭരണ പദ്ധതിക്കായി വകയിരുത്തിയ 3 കോടി രൂപ അപര്യാപ്തമായതിനാൽ പീച്ചി ഡാമിന്റെ പുനരുദ്ധാരണത്തിനും നടത്തിപ്പിനും പീച്ചി പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 4.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2711-02-800-99(03)—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും—കടലാക്രമണ നിരോധന പദ്ധതികൾ സംബന്ധിച്ച പഠനം—മറ്റു ചെലവുകൾ

പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2014-15, 2015-16 സാമ്പത്തിക വർഷത്തെ കടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 51.86 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-004-96—<u>ഇടത്തരം ജലസേചനം—ജനറൽ—ഗവേഷണം—ഗുണനിയന്ത്രണ യൂണിറ്റുകൾ</u>

പ്രസ്തുത ശീർഷകത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2.3119 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 29-3-2017-ന് ഉച്ചയ്ക്കുശേഷം ചേരുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.45-ന് പിരിഞ്ഞു.

## 29-3-2017-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2017 മാർച്ച് 29-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. എ. എം. ആരിഫ്, എം.എൽ.എ.
2. ശ്രീ. കെ. കൃഷ്ണൻകുട്ടി, എം.എൽ.എ.
3. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
5. ശ്രീ. പി. ടി. എ. റഹീം, എം.എൽ.എ.
6. ശ്രീ. പി. ടി. തോമസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. രമാദേവി അമ്മ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി താര സാമുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീമതി ബി. എസ്. പ്രീത, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. എം. അനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീമതി എ. ഷൈനാമോൾ, എം.ഡി., കേരള വാട്ടർ അതോറിറ്റി
6. ശ്രീ. സാബു കെ. ദാമോദർ, ഡയറക്ടർ-ഇൻ-ചാർജ്, ഭൂജല വകുപ്പ്

7. ശ്രീ. ടി. രവീന്ദ്രൻ, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി
8. ശ്രീ. വി. എൽ. മോഹൻ കുമാർ, ഡയറക്ടർ, കെ.ആർ.ഡബ്ല്യു.എസ്.എ.
9. ശ്രീ. വി. കെ. മഹാനദേവൻ, ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. (ഐ. & എ.), ജലസേചന വകുപ്പ്
10. ശ്രീ. എ. ആർ. അജയകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡബ്ല്യു.എസ്.എ.
11. ശ്രീമതി ഷീബ ജോർജ്, അസിസ്റ്റന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
12. ശ്രീ. വി. എസ്. പ്രദീപ്, ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർ അതോറിറ്റി
13. ശ്രീമതി കെ. എസ്. ശോഭ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ ഓഫീസ് (ഐ. & എ.)
14. ശ്രീമതി ടി. അജിതാ ദേവി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, (പ്ലാനിംഗ്), കേരള വാട്ടർ അതോറിറ്റി
15. ശ്രീമതി എസ്. കവിത, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്ലാനിംഗ്), കേരള വാട്ടർ അതോറിറ്റി
16. ശ്രീ. എം. എ. സെബാസ്റ്റ്യൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എം.ഐ.സി.സി., എറണാകുളം
17. ശ്രീ. ജോസ് ജോമോൻ, ഹൈഡ്രോളജിസ്റ്റ്, ഭൂജല വകുപ്പ്
18. ശ്രീമതി പ്രിയ ഐ. നായർ, സീനിയർ സൂപ്രണ്ട്, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.

സമിതി, 2017-18-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് ധനാഭ്യർത്ഥന നമ്പർ XXIX (കൃഷി) XX (ശുദ്ധജല വിതരണവും ശുചീകരണവും) എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

2702-03-101-98—ചെറുകിട ജലസേചനം - സംരക്ഷണ പണികൾ—വാട്ടർ ടാങ്കുകൾ—സംരക്ഷണ പണികൾ—മറ്റു ചെലവുകൾ

വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ നേരിടുന്നതിനായി 12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിനും തോടുകളുടെ പാർശ്വസംരക്ഷണത്തിനുമായി ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4702—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനം

ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ, ക്രോസ് ബാറുകൾ മുതലായവ നിർമ്മിച്ച് 200 ഹെക്ടർ വരെ ജലസേചനമേർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിതെന്നും അതിൽ മീനച്ചൽ റിവർവാലി പദ്ധതിയിൽ മൂന്ന് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുവേണ്ടി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചെങ്കിലും പണമില്ലെന്ന കാരണത്താൽ ഒരു പദ്ധതിയുടെ പ്രവർത്തനം മാത്രമെ തുടങ്ങിയിട്ടുള്ളുവെന്ന സമിതിയുടെ വിലയിരുത്തലിന് ഒരെണ്ണത്തിന്റെ വർക്ക് തുടങ്ങിയത് മീനച്ചിലിലാണെന്നും മറ്റ് രണ്ട് പദ്ധതികൾ ബഡ്ജറ്റ് വിഹിതമില്ലാത്തതിനാൽ മാറ്റിവച്ചിരിക്കുകയാണെന്നും ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. (ഐ. & എ.) ജലസേചന വകുപ്പ് മറുപടി നൽകി.

4702-00-101-87—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്—ഉപരിതലജലം—കുളങ്ങളുടെ നവീകരണം

ചെറുകിട ജലസേചനത്തിനുവേണ്ടി സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി 2010-11 വർഷത്തിൽ ആരംഭിച്ച പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കരാറുകാരുടെ ബില്ലുകൾ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

പ്രസ്തുത പദ്ധതി സംബന്ധിച്ച് പ്രൊപ്പോസൽ നൽകിയെങ്കിലും പരിഗണിച്ചില്ലെന്നും വളരെയധികം പ്രാധാന്യം നൽകേണ്ട വിഷയമാണിതെന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള സഹായം മാത്രം ഉപയോഗപ്പെടുത്തി പദ്ധതി പ്രായോഗികമാക്കാൻ സാധിക്കില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

4702-00-101-83—എം.എൽ.എ. മാർക്കുള്ള മുൻഗണനാ പ്രവൃത്തികൾ

വളരെക്കാലമായി തുകയൊന്നും വകയിരുത്താത്ത ഹെഡാണിതെന്ന സമിതിയുടെ അഭിപ്രായത്തിന് അസറ്റ് ഫണ്ട് ഉപയോഗിക്കുന്നതിനു വേണ്ടിയുള്ള ഹെഡാണിതെന്നും എം.എൽ.എ. മാരുടെ മുൻഗണനാ പ്രവൃത്തികൾക്കെല്ലാത്തിനും കൂടി ഒരു പ്രത്യേക ഹെഡ്സ് നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഹെഡ്സിൽ നിന്നാണ് തുക വിനിയോഗിക്കുന്നതെന്നും ആയതിനാൽ ഇതിൽ പ്രത്യേകമായി തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. (ഐ. & എ.) ജലസേചന വകുപ്പ് മറുപടി നൽകി.

4702-00-101-82—ചെറുകിട ജലസേചനം ക്ലാസ്സ്-2

തലപ്പിള്ളി, ചാലിയാർ സ്കീമുകൾക്കായി 500 ലക്ഷം രൂപ വീതം വകയിരുത്തിയിരിക്കുന്നതായി പറഞ്ഞിരിക്കുന്നത് ശരിയാണോ എന്ന് പരിശോധിച്ച് ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

4702-00-101-79—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്—ഉപരിതലജലം—ചെക്ക് ഡാമുകളും റെഗുലേറ്ററുകളും

സംസ്ഥാനത്ത് 700-ഓളം തടയണകൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4702-00-101-77—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്—ഉപരിതലജലം—കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ

കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പണികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കാവേരി ട്രൈബ്യൂണലിന്റെ വിധി, അതിനുശേഷം ചെയ്ത വർക്കുകൾ, ട്രൈബ്യൂണലിനെ ബേസ് ചെയ്ത് ടേക്ക് അപ്പ് ചെയ്ത പ്രോജക്ടുകൾ, അതിൽ തടസ്സം നേരിട്ട പ്രോജക്ടുകൾ എന്നിവയെ സംബന്ധിച്ച വിശദാംശം സമിതി ആരാഞ്ഞു.

2007-ൽ ആണ് ട്രൈബ്യൂണലിന്റെ വിധി വന്നതെന്നും കബനി നദിയിൽ 22 തടയണകളുടെ നിർമ്മാണത്തിന് അനുമതി കൊടുത്തിട്ടുണ്ടെന്നും അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിനാണ് തടസ്സമുണ്ടായതെന്നും പ്രസ്തുത പ്രോജക്ടിന് Environmental impact assessment-ന് അനുമതി ലഭിക്കുകയും പണി ആരംഭിക്കുകയും ചെയ്തെങ്കിലും സുപ്രീം കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയെന്നും ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) (ഐ. & എ.) ജലസേചന വകുപ്പ് അറിയിച്ചു.

തുടർന്ന് Environmental impact assessment-ന്റെ പഠനത്തിനുള്ള സ്റ്റേ ഓർഡർ നിലനിൽക്കുന്നില്ലേയെന്ന് സമിതി ആരാഞ്ഞതിന് അതിനുള്ള പെർമിഷൻ രണ്ടാമത് നൽകണമെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു.

2007-ൽ കേരളത്തിന് അനുകൂല വിധിയുണ്ടായതിന്റെ അടിസ്ഥാനത്തിൽ അവിടെ പണി ചെയ്യാനുള്ള അവസരം ലഭിച്ചിട്ടും ഇതുവരെ പണി ആരംഭിക്കാത്തത് ഗൗരവകരമായി കാണണമെന്ന് അഭിപ്രായപ്പെട്ട സമിതി അനുകൂല വിധി ഉണ്ടായിട്ടും പണി ആരംഭിക്കാത്തതിനെ സംബന്ധിച്ചും കാവേരി ട്രൈബ്യൂണലിന്റെ അവാർഡ് പ്രകാരം കേരളത്തിന് വെള്ളം ലഭ്യമാക്കാൻ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ചുമുള്ള വിശദാംശം ആരാഞ്ഞു. ആയതിലേക്കുള്ള പ്രധാന പദ്ധതി അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടാണെന്നും, കൂടുതൽ വെള്ളം കബനി നദിയിലാണ് അലോക്കേറ്റ് ചെയ്തിരിക്കുന്നതെന്നും ബാണാസുരസാഗർ, കാരപ്പുഴ എന്നീ മേജർ പ്രോജക്ടുകളുടെ പണി ഏകദേശം പൂർത്തിയാകാറായെന്നും ചീഫ് എഞ്ചിനിയർ, ഐ.ഡി.ആർ.ബി.(ഐ.&എ.) ജലസേചന വകുപ്പ് അറിയിച്ചു.

കാവേരി ട്രൈബ്യൂണൽ അവാർഡ് പ്രകാരമുള്ള 30 ടി.എം.സി. ജലം പ്രയോജനപ്പെടുത്തുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, ഇപ്പോഴത്തെ പരിമിതി, സ്വീകരിക്കാൻ കഴിയുന്ന തുടർനടപടികൾ, പാമ്പാർ ബേസിനിലെ നിലവിലെ സ്ഥിതി എന്നിവ ഉൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കാവേരി ട്രൈബ്യൂണൽ വിധി നടപ്പാക്കുന്നതിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ഒരു പ്രത്യേക യോഗം വിളിച്ചു ചേർക്കാനും സമിതി തീരുമാനിച്ചു.

ചെക്ക് ഡാമുകൾ നിർമ്മിക്കുക എന്നുള്ളത് കാവേരി നദീജല പ്രൊപ്പോസലിൽ ഉൾപ്പെടുന്നതല്ലെന്നും കാവേരി നദിയിൽ നിന്ന് അന്യസംസ്ഥാനത്തേക്ക് പോകുന്ന ജലം കേരളത്തിന് ഉപയോഗപ്പെടുത്താൻ കഴിയുക എന്നതാണ് പ്രസ്തുത പദ്ധതിയെന്നും അഭിപ്രായപ്പെട്ട സമിതി, കാവേരി ട്രൈബ്യൂണൽ അവാർഡ് പ്രകാരമുള്ള ജലം ലഭ്യമാക്കുവാൻ എടുത്ത നിലപാട്, ആയതിന്റെ പരിമിതി, സ്വീകരിക്കാൻ കഴിയുന്ന തുടർനടപടി, പാമ്പാർ ബേസിനിലെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു

4702-00-101-71—<u>ഭവാനിതടം—അട്ടപ്പാടിയിൽ ചെക്ക് ഡാമുകൾ</u>

അട്ടപ്പാടി പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയെ സംബന്ധിച്ച വിശദാംശം സമിതി ആവശ്യപ്പെട്ടതിന്, പ്രസ്തുത പദ്ധതിക്കായി അക്വയർ ചെയ്ത കുറച്ച് സ്ഥലം ഡിപ്പാർട്ട്മെന്റിന്റെ കൈവശമുണ്ടെന്നും കുറച്ച് ഭൂമിയിൽ ഒഴിപ്പിക്കൽ വേണ്ടിവരുമെന്നും ഏക്കറിന്റെ കണക്കൊന്നും വകുപ്പിന്റെ കൈവശമില്ലെന്നും സർക്കാരിന്റെ സ്ഥലം കയ്യേറിയവർക്ക് നോട്ടീസ് കൊടുത്ത് ഒഴിപ്പിക്കുമ്പോൾ അവിടെയുള്ള ആദിവാസികളെ താമസിപ്പിക്കുകയാണ് ചെയ്യുന്നതെന്നും കുറച്ച് ഭൂമിയിൽ ആദിവാസികൾ കുടിയേറിയിട്ടുണ്ടെന്നും ഇതിനുപിന്നിൽ ആരാണുള്ളതെന്ന് അറിയില്ലെന്നും തമിഴ്നാടാണ് പ്രോജക്ടിന് തടസ്സം നിൽക്കുന്നതെന്നും പ്രസ്തുത പ്രോജക്ട് നടപ്പാക്കാനായി നടപടികൾ സ്വീകരിക്കുമ്പോഴെല്ലാം കോടതിയിൽ നിന്നും സ്റ്റേ വാങ്ങുകയാണ് ചെയ്യുന്നതെന്നും ചീഫ് എഞ്ചിനിയർ, ഐ.ഡി.ആർ.ബി. (ഐ. & എ.) ജലസേചന വകുപ്പ് അറിയിച്ചു.

തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ ചർച്ച നടത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു

4702-00-101-69—കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ

ഡി.പി.ആർ. അംഗീകരിച്ചിട്ടും പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ പണം അനുവദിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് ഫോറസ്റ്റ് ഏരിയ ആയതിനാലാണ് പല പദ്ധതികളും മുന്നോട്ടുപോകാത്തത് എന്ന് ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. (ഐ. & എ.) മറുപടി നൽകി.

4702-00-101-68—പ്രധാനമന്ത്രി കൃഷി സിൻചായി യോജന (60% കേന്ദ്രാവിഷ്കൃത പദ്ധതി)

കുളങ്ങളുടെ നവീകരണം, ജലഗ്രാമം എ.ഐ.ബി.പി. പദ്ധതികൾ ഇവയെല്ലാം ഡിസ്ട്രിക്ട് ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുമോയെന്ന സമിതിയുടെ ചോദ്യത്തിന് ഇതിലെ ഓരോ പദ്ധതികൾക്കും പ്രത്യേകം ഫണ്ടിംഗ് ചെയ്യണമെന്ന നിബന്ധനയുണ്ടെന്നും പി.എം.കെ.എസ്.വൈ. പദ്ധതി പ്രകാരം ഒരു ജില്ലയിലെ എല്ലാ ഇറിഗേഷൻ പദ്ധതികളെയും ഒരുമിച്ചാക്കി അതത് പദ്ധതികളുടെ ഗൈഡ്‌ലൈൻ പ്രകാരം വെവ്വേറെ ഹെഡ്സ് ഓഫ് അക്കൗണ്ടിൽ നിന്ന് പണം ചെലവഴിക്കേണ്ടതാണെന്നും അതിൽ സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും വിഹിതമുണ്ടെന്നും അതിനാൽ കോമൺ ഫണ്ട് വച്ചതുകൊണ്ട് പ്രയോജനമില്ലെന്നും ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) (ഐ. & എ.) ജലസേചന വകുപ്പ് അറിയിച്ചു.

4702-00-101-67—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്—ഉപരിതലജലം—പൊഴികളുടെ പുനരുദ്ധാരണം

പൊഴികളുടെ പുനരുദ്ധാരണത്തിനായി നടപ്പുസാമ്പത്തികവർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പണികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-64, 4702-00-101-63—ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം

കൂടുതൽ പ്രവൃത്തികൾ പ്രൊപ്പോസ് ചെയ്താൽ അധിക തുക വേണ്ടിവരില്ലേയെന്നും ഒരേ പദ്ധതിക്ക് രണ്ട് ഹെഡ്സ് ഓഫ് അക്കൗണ്ട് വന്നതെങ്ങനെയാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 4702-00-101-63 എന്ന ഹെഡ്ഡിൽ അനുവദിച്ച 5 കോടി രൂപ ഹരിത കേരളം പദ്ധതിക്കും 4702-00-101-64 എന്ന ഹെഡ്ഡിൽ അനുവദിച്ച 3 കോടി രൂപ വെങ്കലക്കയം, തമ്പാലത്തറ, കന്നമ്പുകായൽ തുടങ്ങിയ മേഖലകൾക്കുമാണെന്നും

ഇതൊരു ജനറൽ ഹെഡ്സ് ഓഫ് അക്കൗണ്ടല്ലാത്തതിനാലാണ് കൂടുതൽ തുക ആവശ്യപ്പെടാത്ത തെന്നും 4702-00-101-64 എന്ന ഹെഡ് നേരത്തേ സൂചിപ്പിച്ച മൂന്ന് പദ്ധതികൾക്ക് മാത്രമായുള്ളതാണെന്നും പ്രസ്തുത ഹെഡ്സിൽ കൂടുതൽ തുക ആവശ്യപ്പെടാനാകില്ലെന്നും ചീഫ് എഞ്ചിനിയർ, ഐ.ഡി.ആർ.ബി. (ഐ. & എ.) ജലസേചന വകുപ്പ് മറുപടി പറഞ്ഞു.

4702-00-101-63—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്—ഉപരിതല ജലം—ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം—പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം—ഹരിത കേരളം പദ്ധതികൾ</u>

ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൻ.ആർ. ഇ.എസ്.ജി.എസ്. ന്റേയും ജലസേചന വകുപ്പിന്റേയും സംയുക്ത സഹകരണത്തോടെ 9000 കുളങ്ങൾ പുനരുദ്ധീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4702-00-102-96—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്—ഭൂഗർഭജലം—മീനച്ചൽ ചെക്ക് ഡാം</u>

പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മീനച്ചൽ ചെക്ക് ഡാമിലെ നിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മൈനർ ഇറിഗേഷൻ പദ്ധതികളുടെ പ്രൊപ്പോസൽ പാലക്കാട് ജില്ലയിൽ നിന്നാണ് വന്നിട്ടുള്ളതെന്നും ഇതിലൂടെ 75% വെള്ളം സേവ് ചെയ്യാൻ സാധിക്കുമെന്നും പ്രതിമാസം 5,000 രൂപയുടെ ഇലക്ട്രിസിറ്റി ബില്ലാണ് ഇപ്പോൾ വരുന്നതെന്നും മൈക്രോ ഇറിഗേഷനിൽ വരുമ്പോൾ 700 രൂപ മാത്രമേ വരികയുള്ളൂവെന്നും ഫ്ലഡ് ഇറിഗേഷനിൽ ഇരട്ടി ചാർജ്ജാണ് വരുന്നതെന്നും ക്യാഷ് ക്രോപ്പിന് മൈക്രോ ഇറിഗേഷൻവഴി മാത്രമേ വെള്ളം കൊടുക്കാൻ പാടുള്ളൂവെന്നും 'per drop more drop' എന്ന മുദ്രാവാക്യത്തിന് ഊന്നൽ നൽകിക്കൊണ്ടായിരിക്കണം ജലസേചന പദ്ധതികൾ നടപ്പാക്കേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

2702-01-800-88-33—ചെറുകിട ജലസേചനം—ഉപരിതലജലം—മറ്റു ചെലവുകൾ—പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡികൾ

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്കുവേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡിയാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 4-5-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 82/15/കൃഷി സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച പമ്പിംഗ് സബ്സിഡി കുടിശ്ശിക സഹിതം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

പമ്പിംഗിനുവേണ്ടി നൽകുന്ന വൈദ്യുതിയുടെ താരീഫ് സബ്സിഡി നൽകുന്നത് ഏത് വകുപ്പാണെന്നത് സംബന്ധിച്ച വിശദാംശം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു

## ഭൂജല വകുപ്പ്

ഫലപ്രദമായി കൃഷിചെയ്യുന്ന ഭൂമിയിലെ കുഴൽക്കിണർ കേടായാൽ അവിടെ കിണർ കുഴിക്കുന്നതിനുള്ള പെർമിഷൻ നൽകണമെന്നുണ്ടെന്നും ഇതു സംബന്ധിച്ച് ഭൂജലവകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ് എന്നീ മൂന്നു വകുപ്പുകളും പരിശോധിച്ചശേഷം മാത്രമേ പെർമിഷൻ നൽകുവാൻ സാധിക്കുകയുള്ളുവെന്നും വാട്ടർ ലെവൽ നോക്കിയശേഷമാണ് ഇതിൽ പെർമിഷൻ നൽകേണ്ടതെന്നും അഞ്ച് ഏക്കറിൽ താഴെ കൃഷിഭൂമിയുള്ളവർക്ക് ഇലക്ട്രിസിറ്റി സൗജന്യമായി നൽകുന്നുണ്ടെന്നും ഒരു ഏക്കറിന് നൽകുന്ന സബ്സിഡി തുക എത്രയാണെന്ന് പരാമർശിച്ചാൽ വൈദ്യുതിയുടെയും ജലത്തിന്റെയും ദുരുപയോഗം വളരെയേറെ കുറയ്ക്കാൻ സാധിക്കുമെന്നും അഭിപ്രായപ്പെട്ട സമിതിയോട് ഇക്കാര്യം പരിശോധിക്കാമെന്ന് ഡയറക്ടർ-ഇൻ ചാർജ്, ഭൂജല വകുപ്പ് അറിയിച്ചു.

കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് സർക്കാർ തലത്തിൽ വർദ്ധിച്ച റേറ്റ് ഈടാക്കുമ്പോൾ പ്രൈവറ്റായി ചെയ്യുന്നതിന് പകുതി തുകയേ ഈടാക്കുന്നുള്ളുവെന്നും സർക്കാർ റേറ്റ് പുറത്തുള്ള റേറ്റിനേക്കാൾ അധികരിച്ച് വരുന്നത് നല്ല കാര്യമല്ലെന്നും സമിതി വിലയിരുത്തി. കുഴൽക്കിണർ നിർമ്മിക്കുന്നതിന് സർക്കാർ

തലത്തിൽ അൻപത് ശതമാനം സബ്സിഡി നൽകുന്നുണ്ടെന്നും വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് 2013-ൽ ഇത്തരമൊരു നിരക്ക് വർദ്ധനവ് നടത്തിയതെന്നും അന്ന് ഈ വർക്ക് സർക്കാർ തലത്തിൽ ഏറ്റെടുക്കാൻ ആരും തയ്യാറല്ലാത്തതിനാലാണ് പ്രൈവറ്റ് പാർട്ടിക്ക് നൽകിയതെന്നും 2013 വരെ ഗവൺമെന്റ് റേറ്റ് പ്രൈവറ്റ് റേറ്റിനെക്കാളും കുറവായിരുന്നെന്നും പ്രസ്തുത റേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഡയറക്ടർ ഭൂജല വകുപ്പ് അറിയിച്ചു.

2702-02-103-99—<u>ചെറുകിട ജലസേചനം—ഭൂഗർഭജലം—കുഴൽക്കിണറുകൾ—ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ളപദ്ധതി</u>

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ ഭൂജല പര്യവേഷണം നടത്തി കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥാനം കണ്ടെത്തി കുഴൽ കിണറുകൾ നിർമ്മിച്ച് ജലലഭ്യത കുറഞ്ഞ കിണറുകളിൽ കൈപമ്പ് ഘടിപ്പിച്ച് ജലവിതരണം നടത്തുകയും ജലലഭ്യത കൂടുതലുള്ള കിണറുകളിൽ വൈദ്യുതി പമ്പുകൾ ഘടിപ്പിച്ച് ഭൂജലം സംഭരണികളിൽ ശേഖരിച്ച് ജലവിതരണ ശൃംഖലയിലൂടെ ജലവിതരണം നടത്തുകയും ചെയ്യുന്ന ഈ പദ്ധതിക്കായി 25 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ വളരെ ഫലപ്രദമായി ഒട്ടനേകം ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ സാധിച്ചിട്ടുള്ള ഈ പദ്ധതിക്ക് ജനപ്രതിനിധികളുടെ അപേക്ഷകൾ പൂർണ്ണമായും പരിഗണിക്കുവാൻ ഫണ്ടിന്റെ അപര്യാപ്തതമൂലം സാധിക്കുന്നില്ല ആയതിനാൽ ഈ ശീർഷകത്തിൽ 1.75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഗ്രൗണ്ട് വാട്ടർ റീച്ചാർജ് സംബന്ധിച്ച് ഇപ്പോൾ ഐ.സി.ആർ.-ന്റെ ഒരു മോഡൽ നിലവിലുണ്ടെന്നും കർണ്ണാടകം ഉൾപ്പെടെയുള്ള നിരവധി സംസ്ഥാനങ്ങൾ ഇത് പരീക്ഷിക്കുന്നുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടുകയും കേരളത്തിലെ ഗ്രൗണ്ട് വാട്ടർ റീചാർജ്ജ് സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

4215-01-190-96—<u>ശുദ്ധജല വിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്—ശുദ്ധജല വിതരണം—പൊതു മേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം—ജിക്ക സഹകരണത്തോടെയുള്ള കേരള ശുദ്ധജല വിതരണ പദ്ധതി</u>

ജിക്ക പദ്ധതികളിൽ ഉൾപ്പെട്ടിരുന്ന തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികളുടെ ബാക്കിയുള്ള വിതരണ ശൃംഖലകളുടെ പൂർത്തീകരണത്തിനും മറ്റുമായി ബഡ്ജറ്റിൽ 70 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വേനൽക്കാലത്തെ ജലദൗർലഭ്യം പരിഹരിക്കുന്നതിലേക്കായി പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

ജിക്ക പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികളുടെ ബാക്കിയുള്ള വിതരണ ശൃംഖലകളുടെ പൂർത്തീകരണത്തിനും മറ്റുമായി 90 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 70 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളുവെന്നും ജിക്ക പ്രോജക്ടിൽ പൂർത്തിയായ പദ്ധതികൾക്ക് നബാർഡിൽ 60 കോടി രൂപയാണ് അനുവദിച്ചതെന്നും അതിൽ ഏകദേശം 40 ലക്ഷം രൂപ മാത്രമേ വിനിയോഗിച്ചുള്ളുവെന്നും കോൺട്രാക്ടർമാർക്ക് തുക നൽകാത്തതിനാൽ വർക്ക് ചെയ്യാത്ത അവസ്ഥ നിലനിൽക്കുന്നുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടി. പട്ടുവം പദ്ധതിയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞു.

പട്ടുവം പദ്ധതിക്ക് ഡിസ്ട്രിബ്യൂഷൻ ലൈൻ ആയിട്ടില്ലെന്നും ഈ പദ്ധതിക്ക് സ്റ്റേറ്റ് പ്ലാനിൽ 52 കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന സമിതി ചെയർമാന്റെ വിശദീകരണത്തെത്തുടർന്ന് കോൺട്രാക്ടർമാർക്ക് തുക നൽകുന്നതിനുള്ള ഗവൺമെന്റ് ഓർഡറായിട്ടുണ്ടെന്നും ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർ അതോറിറ്റി മറുപടി നൽകി.

പൈപ്പ് ലൈൻ സ്ഥാപിക്കാനായി വാട്ടർ അതോറിറ്റി റോഡ് കട്ടിംഗ് നടത്തിയതിന്റെ ഭാഗമായി പി.ഡബ്ല്യു.ഡി.-യ്ക്ക് പണം അടയ്ക്കേണ്ടതുണ്ടെന്നും അത്രർ മണ്ഡലത്തിലെ പണി തീർന്ന ചില ഏരിയകളിൽ പണം കൊടുക്കാത്തതുമൂലം പലവർക്കുകളും എക്സിക്യൂട്ട് ചെയ്യാൻ സാധിക്കുന്നില്ലെന്നും വേനൽക്കാലത്തെ ജലദൗർലഭ്യം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ബഡ്ജറ്റ് പ്രൊവിഷനിൽ മൊത്തം 2.50 കോടി രൂപ ആവശ്യപ്പെട്ടിരുന്നെന്നും ജിക്ക പ്രോജക്റ്റിനായി ബഡ്ജറ്റിൽ 70 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും പി.ഡബ്ല്യു.ഡി.യ്ക്ക് 40 ലക്ഷം രൂപ കൊടുത്തിട്ടുണ്ടെന്നും എല്ലായിടത്തും വർക്ക് സ്റ്റാർട്ട് ചെയ്യണമെന്നുള്ള വ്യവസ്ഥയിലാണ് പി.ഡബ്ല്യു.ഡി-യ്ക്ക് 40 ലക്ഷം രൂപ കൊടുത്തതെന്നും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് ബാക്കി തുക കൂടി നൽകുമെന്നും റോഡ് കട്ടിംഗിനുവേണ്ടി പി.ഡബ്ല്യു.ഡി.-യ്ക്ക് മൊത്തം തുക ആദ്യം നൽകാറില്ലെന്നും അവർ ചോദിക്കുന്നതിന്റെ ഒരു ശതമാനം തുക ആദ്യം കൊടുക്കുകയും വാട്ടർ അതോറിറ്റി ഒരു സംയുക്ത പരിശോധന നടത്തിയശേഷം ബാക്കി തുക നൽകുകയാണ് ചെയ്യുന്നതെന്നും എം. ഡി., കേരള വാട്ടർ അതോറിറ്റി അറിയിച്ചു

കളമശ്ശേരി കേന്ദ്രീകരിച്ച് 180 എം.എൽ.ഡി. ശേഷിയുള്ള ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കാൻ തീരുമാനിച്ച പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ സമിതി ആരാഞ്ഞതിന് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ ഇപ്പോഴും സ്ഥലം ലഭ്യമാകാത്തൊരു അവസ്ഥ നിലനിൽക്കുന്നുണ്ടെന്നും പദ്ധതിക്കാവശ്യമായ സ്ഥലം കരുമാലൂർ പഞ്ചായത്തിൽ കണ്ടെത്തിയിട്ടുണ്ടെന്നും എച്ച്.എം.ടി.യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിന്നും ജലശുദ്ധീകരണശാല സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം വിലയ്ക്ക് ലഭ്യമാക്കാനുള്ള സാധ്യതയും പരിശോധിക്കാവുന്നതാണെന്നും എം.ഡി., കേരള വാട്ടർ അതോറിറ്റി അറിയിച്ചു ഈ വിഷയം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

എറണാകുളത്തെ ഇടപ്പള്ളിക്കും ബൈപ്പാസിനും ഇടയ്ക്കുള്ള റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കാനായി കുത്തിപൊളിച്ചതിനാൽ ശോചനീയമായ അവസ്ഥയിലാണെന്നും ഇടപ്പള്ളിതോടിന് കുറുകെയുള്ള അപകടാവസ്ഥയിലായ പാലം തകരുകയാണെങ്കിൽ പൈപ്പ് ലൈനിന്റെ മൊത്തം സിസ്റ്റം താറുമാറാകുമെന്നും ആയതിനാൽ പ്രസ്തുത വിഷയങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു

കോഴിക്കോട് ജില്ലയിൽ ജിക്ക പദ്ധതിയുടെ പൈപ്പിടുന്നതിനായി ഗ്യാരന്റീഡ് റോഡുകൾ മുറിക്കാൻ പൊതുമരാമത്ത് വകുപ്പ് അനുമതി നൽകാത്തതിനാൽ അവിടെ വലിയ പൈപ്പുകൾ സ്ഥാപിക്കാൻ സാധിക്കാത്തത് സംബന്ധിച്ച വിശദാംശം സമിതി ആവശ്യപ്പെട്ടതിന് പി.ഡബ്ല്യു.ഡി.യിൽ നിന്നും റോഡ് കുഴിക്കുന്നതിനുള്ള അനുമതി വാങ്ങാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് എം. ഡി., കേരള വാട്ടർ അതോറിറ്റി അറിയിച്ചു.

മറ്റ് റോഡുകൾ കുഴിക്കുന്നതിന് അനുവാദം വാങ്ങാനാണ് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും ഗ്യാരന്റീഡ് റോഡുമായി ബന്ധപ്പെട്ടുള്ള പ്രശ്നം കുറച്ച് കാലങ്ങളായി ഉള്ളതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ബി. എം. & ബി. സി. ചെയ്ത് നിർമ്മിക്കുന്ന റോഡുകൾക്ക് കോൺട്രാക്ടർമാർ അഞ്ച് വർഷത്തെ ഗ്യാരന്റി നൽകുന്നുണ്ടെന്നും ഗ്യാരന്റി പീരിയഡിൽ റോഡിന് സംഭവിക്കുന്ന കേടുപാടുകൾ കോൺട്രാക്ടറുടെ ചെലവിലാണ് നന്നാക്കേണ്ടതെന്നും ഗ്യാരന്റീഡ് റോഡുകൾ കുഴിക്കാൻ പൊതുമരാമത്ത് വകുപ്പ് അനുമതി നൽകുന്നില്ലെന്നും ടെക്നിക്കൽ മെമ്പർ വാട്ടർ അതോറിറ്റി അറിയിച്ചതിനെ തുടർന്ന് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതെങ്ങനെയെന്ന് സമിതി ആരാഞ്ഞു.

ഗ്യാരന്റി കാലാവധി ഒരു വർഷമോ അതിൽ താഴെയോ ആണെങ്കിൽ അത് തീരുന്നതുവരെ കാത്തു നിൽക്കാനാണ് പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിക്കുന്നതെന്നും ഗെയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുപോലെ പ്രസ്തുത റോഡുകളോട് ചേർന്നുള്ള വീടുകളുടെ അടിയിലൂടെ പൈപ്പ് ലൈനിട്ട് റൈറ്റ് ഓഫ് യൂസ് ഏർപ്പെടുത്തുകയും സ്ഥല ഉടമകൾക്ക് ചെറിയ തുക നൽകുകയും ചെയ്യാവുന്നതാണെന്നും എം. ഡി., കേരള വാട്ടർ അതോറിറ്റി അറിയിച്ചു.

വലിയ റോഡുകളുടെ വശങ്ങളിൽ കുഴിക്കുന്നതിന് അനുമതി ലഭിച്ചാൽ മതിയെന്നും ടാറിംഗുള്ള സ്ഥലങ്ങളിൽ റോഡിന് കുറുകെ പൈപ്പ് ഇടുന്നതിന് പുഷ്ത്രൂ ടെക്നോളജി ഉപയോഗിക്കാവുന്നതാണെന്നും ഇതിനായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി ടാറില്ലാത്ത റോഡിന്റെ വശങ്ങളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കാനാവുമോയെന്ന് ആരാഞ്ഞു.

നാലഞ്ച് പ്രാവശ്യം ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയെങ്കിലും റോഡ് കുഴിക്കുന്നതിന് പി. ഡബ്ല്യു. ഡി. അനുവാദം നൽകുന്നില്ലെന്നും ടാറില്ലാത്ത റോഡിന്റെ വശങ്ങളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കാൻ പൊതുമരാമത്ത് വകുപ്പ് അനുമതി നൽകില്ലെന്നും എം. ഡി., കേരള വാട്ടർ അതോറിറ്റി അറിയിച്ചു.

മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു

റൈറ്റ് ഓഫ് യൂസ് ഏർപ്പെടുത്തിയാൽ റോഡ് കുഴിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നൽകേണ്ടി വരുന്നത്രയും പണം ചെലവാകില്ലെന്നും എം. ഡി., കേരള വാട്ടർ അതോറിറ്റി അറിയിച്ചപ്പോൾ റൈറ്റ് ഓഫ് യൂസിന്റെ റെമ്യൂണറേഷൻ തീരുമാനിക്കുന്നതാരാണെന്ന് സമിതി ആരാഞ്ഞു. പ്രസ്തുത വിഷയം ജില്ലാ കളക്ടറുമായി ചേർന്ന് തീരുമാനിക്കാവുന്നതാണെന്ന് എം. ഡി., കേരള വാട്ടർ അതോറിറ്റി മറുപടി നൽകി. ആയതിന് കാലതാമസമുണ്ടാകുമെന്നും പി. ഡബ്ല്യു. ഡി.യുമായി ബന്ധപ്പെട്ട വിഷയം വേഗത്തിൽ പരിഹരിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു.

വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള റേറ്റ്, ഓഡിറ്റ് എന്നിവയെ സംബന്ധിച്ച വിശദാംശം സമിതി ആവശ്യപ്പെട്ടതിന്, 2014-ലെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റാണുള്ളതെന്നും എല്ലാ സംസ്ഥാനങ്ങളും ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റാണ് പിന്തുടരുന്നതെന്നും വാട്ടർ അതോറിറ്റിയുടെ ഓഡിറ്റ് എ.ജി.യാണ് പരിശോധിക്കുന്നതെന്നും 2013-14-ലെ ഓഡിറ്റിന്റെ പ്രിന്റിംഗ് നടക്കുകയാണെന്നും നേരത്തെ കുറച്ച് കുടിശ്ശിക ഉള്ളതിനാൽ ഓഡിറ്റിംഗിന് കാലതാമസം ഉണ്ടായെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി അറിയിച്ചപ്പോൾ, വാട്ടർ അതോറിറ്റിയുടെ നിലവിലെ വരവും ചെലവും തമ്മിലുള്ള അന്തരം എത്രയെന്ന് സമിതി ആരാഞ്ഞു. പേ റിവിഷന് മുമ്പുവരെ ഒരു മാസം 25 കോടി രൂപയുടെ ഡെഫിഷ്യൻസിയാണ് ഉണ്ടായിരുന്നതെന്നും അതിനാൽ കഴിഞ്ഞ മൂന്ന് വർഷമായി ഇലക്ട്രിസിറ്റി ബോർഡിന് പേമെന്റ് നടത്തുന്നില്ലെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി അറിയിച്ചു.

ഇലക്ട്രിസിറ്റി ബോർഡും വാട്ടർ അതോറിറ്റിയും പറയുന്ന തുകകൾ തമ്മിൽ വലിയ അന്തരമുണ്ടെന്നും 1600 കോടി രൂപ കിട്ടാനുണ്ടെന്നാണ് കെ.എസ്.ഇ.ബി. പറയുന്നതെന്നും ഈ വിഷയത്തിൽ കെ.എസ്.ഇ.ബി.യുമായി നടത്താനിരുന്ന ചർച്ചയുടെ നിലവിലെ സ്ഥിതിയെന്താണെന്നും സമിതി ആരാഞ്ഞു.

ഫസ്റ്റ് ലെവൽ ഡിസ്കഷൻ കഴിഞ്ഞിട്ടുണ്ടെന്ന് ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി അറിയിച്ചു. വാട്ടർ അതോറിറ്റിയുടെ വരുമാനത്തിന്റെയും ചെലവിന്റെയും ലഭിക്കാനുള്ള കുടിശ്ശികയുടെയും വിശദാംശം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2215-01-190-99—<u>ശുദ്ധജല വിതരണവും ശുചീകരണവും—ശുദ്ധജല വിതരണം—പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം—കേരള ജല അതോറിറ്റിയുള്ള സഹായധനം (നോൺ പ്ലാൻ)</u>

ARP/NRDWP പദ്ധതികളിൽ, 88 പദ്ധതികൾ പൂർത്തീകരണത്തോടടുക്കുന്നുണ്ടെന്നും 2015-16 സാമ്പത്തികവർഷം മുതൽ കേന്ദ്രവിഹിതം ക്രമാതീതമായി കുറച്ചതിനാൽ ടി പദ്ധതികൾ നടപ്പിലാക്കാനോ പൂർത്തീകരിച്ചു വരുന്ന പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് ബിൽ തുക നൽകാനോ സാധിക്കാത്ത അവസ്ഥയിലാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 190 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2215-01-190-99(19)-31—<u>ശുദ്ധജല വിതരണവും ശുചീകരണവും—ശുദ്ധജല വിതരണം—പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം കേരളാ ജല അതോറിറ്റിയുള്ള സഹായധനം—സഹായധനം—ശമ്പളം</u>

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആൻറ് മെയിൻറനൻസ്) ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതിച്ചാർജ്ജ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 144.4579 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2215-01-190-99(19)-36—<u>ശുദ്ധജല വിതരണവും ശുചീകരണവും—ശുദ്ധജല വിതരണം—പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം—കേരള ജല അതോറിറ്റിയുള്ള സഹായധനം—സഹായധനം—ശമ്പളേതരം</u>

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആൻറ് മെയിൻറനൻസ്) ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതിച്ചാർജ്ജ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള, തുക അപര്യാപ്തമായതിനാൽ

അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 111.2409 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന്സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2215-02-190-99(02)-36—ശുദ്ധജല വിതരണവും ശുചീകരണവും—മാലിന്യ നിവാരണവും ശുചീകരണവും—പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം—കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം—സഹായധനം—ശമ്പളേതരം

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആൻറ് മെയിൻറനൻസ്) ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 10.9376 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2215-02-190-99(02)-31—ശുദ്ധജല വിതരണവും ശുചീകരണവും—മാലിന്യ നിവാരണവും ശുചീകരണവും—പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം—കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം—സഹായധനം ശമ്പളം

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആൻറ് മെയിൻറനൻസ്) ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 14.3399 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2215-01-800-67—ജലനിധിയുടെ കൂടെ ചേർക്കപ്പെട്ട പദ്ധതി

പ്രസ്തുത ശീർഷകത്തിൽ ആകെ ചെലവ് പ്രതീക്ഷിക്കുന്ന 435.53 കോടി രൂപയുടെ സ്പ്ലിറ്റപ് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

യോഗം വൈകുന്നേരം 4.10-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.